بسم اللہ الرحمٰن الرحیم
نحمدہ و نصلی علیٰ رسولہ الکریم
وعلیٰ عبدہ المسیح الموعود
خدا کے فضل اور رحم کے ساتھ
ھو النّاصر

لندن
3.9.06

**ഭാ**രതത്തിലെ എന്റെ പ്രിയപ്പെട്ട മജ്‌ലിസ് അൻസാറുല്ലാ അംഗങ്ങളേ, അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വബറക്കാത്തുഹു.

ആദരണീയരായ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത് സദർ, വാർഷിക ഇജ്തിമായിലേക്ക് സന്ദേശം ആവശ്യപ്പെട്ടുകൊണ്ട് എനിക്ക് കത്തെഴുതിയിരുന്നു. അല്ലാഹു ഈ ഇജ്തിമാ എല്ലാ രീതിയിലും അനുഗൃഹീതമാക്കിത്തീർക്കട്ടെ. നിങ്ങൾക്കെല്ലാവർക്കും അതിൽനിന്ന് പൂർണ്ണമായും ഫലമെടുക്കാനുള്ള അവസരമൊരുക്കുകയും നിങ്ങളുടെ ആദ്ധ്യാത്മികശിക്ഷണത്തിനുള്ള സാധനസാമഗ്രികൾ സൃഷ്ടിക്കുകയും ചെയ്യുമാറാകട്ടെ.

ഈ അവസരത്തിൽ ഖിലാഫത്തുമായി സുദൃഢബന്ധം സ്ഥാപിക്കാനും അനുസരണത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കാനും ഞാൻ ഉപദേശിക്കുകയാണ്. ഇന്ന് ലോകം കഠിനമായ അസമാധാനത്തിന്റെ ഇരയായിരിക്കുന്നു. മുസ്‌ലിംകൾ തമ്മിലടിക്കുന്നു. വിവിധ കക്ഷികളായി പിരിഞ്ഞുകൊണ്ട് പരസ്പരം വിദ്വേഷവും വെറുപ്പും വെച്ചുപുലർത്തുന്നു. ഒരേയൊരു കലിമ ചൊല്ലുന്നവരും ഒരേയൊരു നബിയെ വിശ്വസിച്ചവരും പരസ്പരം കടിച്ചുകീറാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നു. വിശുദ്ധഖുർആന്റേയും ഹദീസുകളുടേയും ഖജനാവുകൾ ഉണ്ടായിട്ടും, ഒരുകൈയിൽ ഒരുമിച്ചു കൂട്ടുന്നതിനുവേണ്ടി അല്ലാഹു നിയോഗിച്ചിട്ടുള്ള നേതൃത്വത്തെ തിരിച്ചറിയുന്നതിൽനിന്ന് അവർ പിൻതള്ളപ്പെട്ടിരിക്കുകയാണ്. കാലത്തിന്റെ ഇമാമായ വാഗ്ദത്ത മസീഹിന്റെ ജമാഅത്തിൽ ഉൾപ്പെടാനും അനശ്വരമായ ഖിലാഫത്തുമായി ബന്ധം സ്ഥാപിക്കാനും തൗഫീഖ് ലഭിച്ചിരിക്കുന്ന നിങ്ങൾ ഭാഗ്യവാന്മാരാണ്. നിങ്ങൾ എത്രത്തോളം കാലത്തിന്റെ ഖലീഫയുമായി ബന്ധം വെക്കുമോ അത്രത്തോളം ആത്മീയവും ഭൗതികവുമായ നന്മകളിൽ നിങ്ങൾ ഭാഗഭാക്കാകും. പരസ്പരമുള്ള നിങ്ങളുടെ ബന്ധത്തിലും നേട്ടമുണ്ടാകും. സമൂഹത്തിലും സമാധാനാന്തരീക്ഷം നിലനില്ക്കും. അതുകൊണ്ട് സൗഖ്യത്തിന്റെ ഈ കോട്ടയിൽനിന്ന് അനുഗ്രഹം പ്രാപിക്കാൻ നിങ്ങൾക്കെല്ലാവർക്കും ഖിലാഫത്തുമായുള്ള ബന്ധം അങ്ങേയറ്റം ദൃഢതരമാക്കേണ്ടിവരും. ഇസ്‌ലാമിന്റെ വിജയത്തിനും ലോകസമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കേണ്ടതായി വരും. നിങ്ങളുടെ അനുസരണത്തിന്റെ നില മെച്ചപ്പെടുത്തേണ്ടിവരും. നിങ്ങളുടെ ഭാരവാഹികളെ സഹായിച്ചും ഖിലാഫത്തിന്റെ തോളോടുതോൾ ചേർന്നുനിന്നും കാലത്തിന്റെ ഖലീഫയെ സഹായിക്കുന്നവരാകേണ്ടിവരും.

അനുസരണം എന്ന വിഷയം വളരെ പ്രധാനപ്പെട്ടതാണ്. നബി(സ) വിവിധ അവസരങ്ങളിൽ അതിന്റെ പ്രാധാന്യവും നേട്ടങ്ങളും വിവരിച്ചിട്ടുണ്ട്. ഒരിക്കൽ അവിടന്ന് പറഞ്ഞു. ആരാണോ അമീറിനെ അനുസരിക്കുന്നത് അവൻ എന്നെ അനുസരിച്ചു. ആരാണോ അമീറിനെ ധിക്കരിക്കുന്നത് അവൻ എന്നെ ധിക്കരിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വിഷയം നല്ലവണ്ണം വിവരിച്ചിട്ടുണ്ട്. അവിടന്ന് പറഞ്ഞു: “അനുസരണം സത്യഹൃദയത്തോടെ സ്വായത്തമാക്കുകയാണെങ്കിൽ ഹൃദയത്തിലൊരു പ്രകാശവും ആത്മാവിലൊരു ആനന്ദവും വെളിച്ചവും ഉണ്ടാകുന്നു. അനുസരണം എത്രമാത്രം ആവശ്യമുണ്ടോ അത്രമാത്രം പ്രവർത്തനം ആവശ്യമില്ല; ഇത് സത്യമായ അനുസരണമായിരിക്കണമെന്നു മാത്രം. ഇതുതന്നെയാണ് പ്രയാസകരമായ കാര്യം. അനുസരണത്തിൽ സ്വന്തം ശരീരേച്ഛകളെ അറുത്തിടേണ്ടത് നിർബന്ധമായി വരുന്നു.” വീണ്ടും പറയുന്നു: “അല്ലാഹു തൗഹീദിനെ ഇഷ്ടപ്പെടുന്നു; അനുസരിക്കാതിടത്തോളം കാലം ഇത് സ്ഥാപിതമാവുകയില്ല.” അതുകൊണ്ട് നിങ്ങളുടെ അനുസരണത്തിന്റെ നിലവാരം ഉയർത്തുക. എല്ലാ തലങ്ങളിലും നിങ്ങളുടെ അനുസരണത്തെ മനസ്സിലാക്കുക. ഭാരവാഹികൾ അവരുടെ മേലധികാരികളെ അനുസരിക്കുക. ജമാഅത്തംഗങ്ങൾ അവരുടെ ഭാരവാഹികളെ അനുസരിക്കുക. എല്ലാവരും ചേർന്നുകൊണ്ട് ഖിലാഫത്തുമായി സത്യമായ ബന്ധവും അനുസരണത്തിന്റെ ഉദാത്തമായ മാതൃകയും കാണിക്കുക. ഓർമ്മിക്കുക. ഇന്ന് അഹ്മദിയ്യാ ഖിലാഫത്തിലൂടെ മാത്രമേ ഇസ്‌ലാമിന്റെ വിജയം ഉണ്ടാവുകയുള്ളൂ. ഇതിൽനിന്ന് യഥാർത്ഥമായ തൗഹീദിന്റെ പാഠം ലഭിക്കുന്നു. ഇതുമുഖേന സാർവ്വലൗകിക ഐക്യം നിലവിൽ വരും. അല്ലാഹു നിങ്ങളെല്ലാവരേയും നിങ്ങളുടെ വരുംതലമുറയേയും ഖിലാഫത്തിന്റെ കണ്ണിയിൽ കോർത്തുവെക്കുമാറാകട്ടെ. അനുസരണത്തിന്റെ ഉന്നതമായ മാതൃക കാഴ്ചവെക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു നിങ്ങളോടൊപ്പം ഉണ്ടാകട്ടെ. ആമീൻ.

خلیفة المسیح الخامس

بســـم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود


# സത്യമിത്രം
മാസിക

ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം

എഡിറ്റർ ഇൻ ചാർജ്:
എം. നാസിർ അഹ്മദ്

2006
സപ്തംബർ – ഒക്ടോബർ

1180 കന്നി- തുലാം
1426 റമദാൻ - ശവ്വാൽ
1385 തബൂക് - ഇഖാ

പുസ്തകം 6
ലക്കം 5
വില 10 രൂപ

SATHYAMITHRAM
ANSARULLAH PUBLICATION

Printed and Published by
Majlis Ansarullah State
Committee,Kerala at
BRB Offset Printers & Publishers
Thavakkara, Kannur-17.
Ph: 0497-2761010,
2761020
and Edited by
M. Nasir Ahmad
Manager: Muhammed Salim,
Kannur
Ph: 98460 89896.



**Postal Address :**

Editor/Manager
Sathyamithram Monthly
Ahmadiyya Muslim
Complex, Fort Road
Kannur-1


## വി ഷ യ വി വ രം


**ആമുഖം**

ഖലീഫ അന്ന് പറഞ്ഞത് ഇന്ന് സുതരാം പുലർന്നു ............ 4

**യുഗനാദം**

വിശുദ്ധഖുർആന്റെ ആദ്ധ്യാത്മിക പ്രഭാവങ്ങൾ ............ 5

**വിശുദ്ധ ഖുർആൻ**

സൂറത്തുൽ ബഖറഃ അർത്ഥം വ്യാഖ്യാനം ............ 6

**സ്വന്തം തൂലികയിലൂടെ** ............ 8

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**പ്രഭാഷണം**

ദൈവസ്നേഹം ദർശിക്കലാണ് യഥാർത്ഥ പെരുന്നാൾ ............ 12

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

**ലേഖനം**

അല്ലാഹുവിന്റെ മലക്കുകൾ ............ 17

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ്(റ)

ത്യാഗീവര്യനായ അമീൻ സാഹിബ്(റ) ............ 21

റംല ഇച്ചാൽ

ഓർമ്മകളിലെ ഒരു മഹാമനുഷ്യൻ ............ 24

എ.ക്യു. മഹ്ദി

അധർമ്മികൾ (കവിത) ............ 26

കെ.പി.എ. പുന്നോൽ

സദ്ദാം സ്വാഭാവികമായ പരിണാമം ............ 27

ഉമർപാറപ്പുറത്ത്

നൂറുവർഷം പിന്നിട്ട ജാമിയ അഹ്മദിയ്യാ ............ 30

സി.പി. സുൽത്താൻ നസീർ, ഖാദിയാൻ

സത്യപ്രസ്ഥാനത്തിന് പിന്നിൽ ദൈവികഹസ്തം ............ 32

എം.സി. മുഹമ്മദ്, കൊടിയത്തൂർ

ഇമാം മഹ്ദിയുടെ ആഗമം ............ 35

മൗലവി മുഹമ്മദ് യൂസുഫ്, കരുളായ്

വസിയ്യത്ത് ചെയ്തവർ ............ 43

بسم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

ആമുഖം

# ഖലീഫ അന്നു പറഞ്ഞത് ഇന്ന് സുതരാം പുലർന്നു

ഇറാഖിന്റെ കുവൈത്ത് അധിനിവേശത്തിനുശേഷം വ്യക്തമായി പറഞ്ഞാൽ 16-ാം ദിവസം, 17.8.90 വെള്ളിയാഴ്ച ചെയ്ത പ്രഭാഷണത്തിൽ അല്ലാഹുവിന്റെ ഖലീഫ മിർസാ ത്വാഹിർ അഹ്മദ്(റഹ്) പറഞ്ഞു:

"എന്റെ ഭയം ഇറാഖ് ഏറ്റവും ഭയാനകമായ പ്രതികാരത്തിന്റെ ലക്ഷ്യമായിത്തീരുമെന്നും ഇറാഖിനെ ഇഞ്ചിഞ്ചായി കത്തിച്ച് ചാമ്പലാക്കുമെന്നുമാണ്. ആ പ്രദേശത്തെ ഏറ്റവും വലിയ മുസ്‌ലിം ശക്തിയായി മാറിക്കൊണ്ടിരിക്കുന്ന ആ രാജ്യത്തെ നാമാവശേഷമാക്കി നശിപ്പിക്കുന്നതുവരെ അവരുടെ പ്രതികാരദാഹം കെട്ടടങ്ങുകയില്ല എന്നതാണ് എന്റെ കാഴ്ചപ്പാട്.

"എനിക്ക് നോക്കിക്കാണാനായേടത്തോളം ഇത്തവണ ഏതൊരു മുസ്‌ലിംരാജ്യത്തിനും അല്പംപോലും അവർക്കെതിരെ നില്ക്കാനോ അവരുടെ നുകത്തിനു കീഴിൽനിന്നും നീങ്ങിമാറാനോ ചെയ്യുന്നതിനെപ്പറ്റി സ്വപ്നം കാണാൻകൂടി വയ്യാത്തതരത്തിലുള്ള അതിഭയാനകമായ ശിക്ഷ ഇറാഖിനുമേൽ ഏല്പിക്കാൻ പാശ്ചാത്യരാഷ്ട്രങ്ങൾ തീരുമാനിച്ചിരിക്കുന്നു. ഈ പദ്ധതിയുടെ പ്രധാന ചാലകശക്തി ഇസ്റായേലാണ്."

ഇറാഖിന്റെ പ്രതാപം നിലനിന്നിരുന്ന കാലത്ത്, സദ്ദാംഹുസൈൻ നെഞ്ചുവിരിച്ച് തലയുയർത്തി കൊടികുത്തിവാണിരുന്ന അക്കാലത്ത് അല്ലാഹുവിന്റെ ഖലീഫ മിർസാ ത്വാഹിർ അഹ്മദ് അതിവിനയത്തോടെ അദ്ദേഹത്തോടും മുസ്‌ലിംലോകത്തോടും പറഞ്ഞ ഈ വാക്കുകൾകൂടി ചേർത്തുവായിക്കുക.

"നമ്മുടെ നിഷ്കളങ്കമായ ഈ അഭ്യർത്ഥന (കുവൈത്തിൽനിന്ന് ഇറാഖ് പിൻമാറുകയും ഖുർആനിക പാഠങ്ങൾക്ക് വിധേയരായി പ്രവർത്തിക്കുകയും ചെയ്യുക എന്ന അഭ്യർത്ഥന) വളരെ വിനീതമായൊരു ഉപദേശമാകുന്നു. അത് ആത്മാർത്ഥതയോടെ ആരെങ്കിലും ശ്രദ്ധിക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ അത് മനസ്സിലാക്കുകയും പ്രതികരിക്കുകയും ചെയ്യുന്നുവെങ്കിൽ അവർ അതിൽനിന്ന് ഗുണഫലമെടുക്കും. എന്തുകൊണ്ടെന്നാൽ ഞാൻ അവരുടെ മുമ്പിൽ അവതരിപ്പിക്കുന്നത് വിശുദ്ധഖുർആന്റെ പാഠമാകുന്നു. ഈ പാഠത്തെ പരിഹാസത്തോടും ധിക്കാരത്തോടുംകൂടി തള്ളിക്കളയുകയാണെങ്കിൽ ഞാൻ താക്കീത് ചെയ്യുന്നു, മുസ്‌ലിംലോകം മുഴുവനും നീണ്ടകാലത്തോളം കരഞ്ഞിരിക്കേണ്ടിവരുംവിധം വൻവിപത്തുകളുടെ കയത്തിലേക്ക് തള്ളപ്പെടുന്നതാണ്. പിന്നീട് ഭിത്തിമേൽ തലതല്ലിത്തകർക്കുകയും വിലപിക്കുകയും ചെയ്താലും ഒരു ഫലവും ഉണ്ടാകുകയില്ല. നഷ്ടപ്പെട്ട ശക്തിയും അന്തസ്സും ഒരിക്കലും വീണ്ടുകിട്ടുകയുമില്ല."

അല്ലാഹുവിന്റെ ഖലീഫ മിർസാ ത്വാഹിർ അഹ്മദ്(റഹ്) പറഞ്ഞ കാര്യങ്ങൾ ഓരോന്നും 16 വർഷത്തിനുശേഷം ഇന്ന് സുതരാം പുലർന്നുകൊണ്ടിരിക്കുന്നത് നാം കാണുന്നു. ഇറാഖിന്റേയും സദ്ദാമിന്റേയും മുസ്‌ലിംലോകത്തിന്റേയും അവസ്ഥ അങ്ങേയറ്റം പരിതാപകരമായിരിക്കുന്നു. 16 വർഷങ്ങൾക്കുമുമ്പേ പൂർണ്ണപ്രൗഢിയോടുകൂടി അമേരിക്കയ്ക്കു മുമ്പിൽ ഇറാഖിന്റെ സർവ്വാധികാരിയായിനിന്ന സദ്ദാം ഇന്ന് കൊലക്കയറും കാത്ത് ഇരുമ്പഴിക്കുള്ളിൽ കഴിയുകയാണ്. ഇതിൽനിന്നും മുസ്‌ലിംലോകം പാഠം പഠിക്കുന്നില്ലെങ്കിൽ ഇതിനേക്കാൾ ബീഭത്സമായ അവസ്ഥയായിരിക്കും അവർക്ക് കാണേണ്ടിവരിക. ●



# വിശുദ്ധഖുർആന്റെ ആധ്യാത്മിക പ്രഭാവങ്ങൾ

**വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

“വിശുദ്ധഖുർആനെ അനുധാവനം ചെയ്യുന്നതിലൂടെ ദൈവാനുഗ്രഹങ്ങൾ ഹൃദയത്തിലിറങ്ങുകയും അത്ഭുതകരമായ സ്നേഹബന്ധം ഉദാരനായ അല്ലാഹുവുമായി ഉണ്ടാകുകയും ചെയ്യുന്നുവെന്നത് ലക്ഷക്കണക്കിന് പരിശുദ്ധാത്മാക്കളുടെ അനുഭവമാണ്. അല്ലാഹുവിന്റെ പ്രകാശങ്ങളും ദിവ്യബോധനങ്ങളും അവരുടെ ഹൃദയങ്ങളിൽ ഇറങ്ങുന്നു. ഈശ്വരീയമായ ജ്ഞാനങ്ങളും എല്ലാവർക്കും ഗ്രഹിച്ചെടുക്കാൻ പറ്റാത്ത കാര്യങ്ങളും അവരുടെ നാവിലൂടെ പുറത്തുവരുന്നു. ഒരു സമർപ്പണശക്തിയും പ്രബലവിശ്വാസവും അവർക്ക് നൽകുന്നു. ദൈവവുമായിട്ടുള്ള സംസർഗ്ഗത്താൽ സംരക്ഷണം പ്രാപിച്ച ഒരു ഹൃദ്യമായ ദൈവസ്നേഹം അവരുടെ ഹൃദയങ്ങളിൽ നിക്ഷേപിക്കുന്നു. അവരെ കഷ്ടതകളുടെ ഉരലിലിട്ട് പൊടിപൊടിയാക്കിയാലും ചക്കിലിട്ട് ആട്ടിയെടുത്താലും ദൈവസ്നേഹത്തിന്റെ നീരല്ലാതെ ഒന്നും അവരിലുണ്ടാകുകയില്ല. ജനങ്ങൾക്ക് അവരെ അറിയില്ല. അവർ ജനങ്ങളിൽനിന്ന് വളരെ ദൂരത്തും ഉയർച്ചയിലുമാണ്. അവരോടുള്ള അല്ലാഹുവിന്റെ ഇടപാടുകൾ അത്ഭുതസിദ്ധിയാണ്. ദൈവമുണ്ടെന്ന് അവർക്ക് അനുഭവവേദ്യമായി. അവൻ ഏകനാണെന്നും അവർക്ക് വ്യക്തമായി. അവർ പ്രാർത്ഥിക്കുമ്പോൾ അവരുടെ പ്രാർത്ഥന അവൻ കേൾക്കുന്നു. അവർ വിളിക്കുമ്പോൾ അവൻ അവർക്ക് ഉത്തരം നൽകുന്നു. അവർ അഭയം തേടുമ്പോൾ അവൻ അവരിലേക്ക് ഓടുന്നു. അവൻ പിതാക്കന്മാരെക്കാളധികം അവരെ സ്നേഹിക്കുന്നു. അവരുടെ ഉമ്മറപ്പടികളിലും ഭിത്തികളിലും അനുഗ്രങ്ങളുടെ മഴ വർഷിക്കുന്നു. അവന്റെ ബാഹ്യവും ആന്തരവും ആത്മീയവും ശാരീരികവുമായ സഹായങ്ങൾ കൊണ്ട് അവർ തിരിച്ചറിയപ്പെടുന്നു. അവൻ എല്ലാ രംഗങ്ങളിലും അവരെ സഹായിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവർ അവന്റേതാണ്, അവൻ അവരുടേതും.” (*സുർമചശ്മെ ആര്യ, അടിക്കുറിപ്പ്, പേ-23,24*)

ഖുർആനികമായ പ്രഭാവങ്ങൾ അത്ഭുതസിദ്ധിയാണ്. എന്തുകൊണ്ടെന്നാൽ ഖുർആനെപ്പോലെ ലോകത്ത് സ്വാധീനം ചെലുത്തിയിട്ടുള്ള ഏതെങ്കിലും ഗ്രന്ഥം ഉദാഹരണമെന്ന നിലയിൽ പറയാൻ ആർക്കും സാധ്യമല്ല. വിശുദ്ധഖുർആൻ വരുത്തിയ അത്ഭുതകരമായ മാറ്റവും പരിഷ്കരണവും ഏതെങ്കിലും ഗ്രന്ഥം വരുത്തിയിട്ടുള്ളതായി ആർക്കെങ്കിലും തെളിവു നല്കാൻ സാധിക്കുമോ? (*സുർമചശ്മെ ആര്യ, അടിക്കുറിപ്പ്, പേ-25,26 അടിക്കുറിപ്പ്*)

വിശുദ്ധഖുർആന്റെ അത്ഭുതകരമായ പ്രഭാവങ്ങളിൽ ഒന്ന്, അതിനെ പൂർണ്ണമായും പിൻപറ്റുന്നയാൾ സ്വീകാര്യതയുടെ പദവി പ്രാപിക്കുന്നു എന്നതുമാണ്. അവരുടെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുകയും അല്ലാഹു തന്റെ ഹൃദ്യഭാഷണത്തോടും നിറഞ്ഞ പ്രൗഢിയോടുംകൂടി അവർക്കത് അറിയിച്ചുകൊടുക്കുകയും പ്രത്യേകനിലയിൽ ശത്രുക്കൾക്കെതിരിൽ അവരെ സഹായിക്കുകയും ചെയ്യുന്നു. പിന്താങ്ങ് എന്ന നിലയിൽ തന്റെ പ്രത്യേക അദൃശ്യവിഷയത്തിൽനിന്ന് അവർക്ക് വിവരം നല്കുന്നു. (*ചശ്മയെ മഅ്രിഫത്ത്, പേ-259, അടിക്കുറിപ്പ്*)

വിശുദ്ധഖുർആൻ അതിന്റെ ആധ്യാത്മിക വിശേഷഗുണവും വ്യക്തിഗതമായ വെളിച്ചവും കൊണ്ട് അതിന്റെ സത്യസന്ധനായ അനുയായിയെ തന്നിലേക്ക് ആകർഷിച്ചെടുക്കുന്നു. അവന്റെ ഹൃദയത്തെ പ്രകാശിപ്പിക്കുന്നു. പിന്നീട് വലിയ വലിയ അടയാളം കാണിച്ചുകൊണ്ട് കഷണം കഷണമാക്കുന്ന വാളിനുപോലും മുറിച്ചുനീക്കാൻ സാധിക്കാത്തതരത്തിലുള്ള സുദൃഢബന്ധം അല്ലാഹുവുമായി ഉണ്ടാക്കിക്കൊടുക്കുന്നു. അത് ഹൃദയത്തിന്റെ കണ്ണ് തുറക്കുന്നു. പാപത്തിന്റെ മലിനമായ ഉറവിടത്തെ അടയ്ക്കുന്നു. അല്ലാഹുവിന്റെ ഹൃദ്യഭാഷണവും സംബോധനവും അദൃശ്യജ്ഞാനങ്ങളും പ്രദാനം ചെയ്യുന്നു. പ്രാർത്ഥന സ്വീകരിക്കുമ്പോൾ തന്റെ ഭാഷണം കൊണ്ടറിയിക്കുന്നു. വിശുദ്ധഖുർആന്റെ സത്യവാനായ അനുയായിക്കെതിരിൽ പോരാടുന്ന ഓരോരുത്തർക്കും ഭയങ്കരമായ അടയാളത്താൽ തന്റെ ഗ്രന്ഥത്തെ പിൻപറ്റുന്നവരോടൊപ്പമാണ് താനെന്ന് അല്ലാഹു വെളിപ്പെടുത്തിക്കൊടുക്കുന്നു. (*ചശ്മയെ മഅ്രിഫ, പേ: 294, 295*)

**വിശുദ്ധ ഖുർആൻ**

# സൂറ: ബഖറ

***(മദീനയിൽ അവതരിച്ച അദ്ധ്യായം)***

## അർത്ഥം, വ്യാഖ്യാനം

أَمْ تُرِيدُونَ أَن تَسْأَلُوا رَسُولَكُمْ كَمَا سُئِلَ مُوسَىٰ مِن قَبْلُ ۗ وَمَن يَتَبَدَّلِ الْكُفْرَ بِالْإِيمَانِ فَقَدْ ضَلَّ سَوَاءَ السَّبِيلِ ﴿١٠٩﴾

**109 "ഇതിനു മുമ്പേ മൂസായോട് ചോദിക്കപ്പെട്ടതുപോലെ നിങ്ങളുടെ പ്രവാചകനോട് നിങ്ങളും ചോദിക്കാനുദ്ദേശിക്കുകയാണോ? ആരാണോ വിശ്വാസത്തിനു പകരം അവിശ്വാസം സ്വീകരിക്കുന്നത് അവർ തീർച്ചയായും നേർവഴിയിൽനിന്ന് വ്യതിചലിച്ചുപോയി."**

*പദാർത്ഥം*

അതോ أَمْ നിങ്ങൾ ഉദ്ദേശിക്കുന്നു تُرِيدُونَ നിങ്ങൾ ചോദിക്കാൻ أَن تَسْأَلُوا നിങ്ങളുടെ റസൂലിനോട് رَسُولَكُمْ ചോദിക്കപ്പെട്ടതുപോലെ كَمَا سُئِلَ മൂസാ مُوسَىٰ മുമ്പേ مِن قَبْلُ ആർ وَمَن പകരം സ്വീകരിക്കുന്നുവോ يَتَبَدَّلِ അവിശ്വാസത്തെ الْكُفْرَ സത്യവിശ്വാസത്തിനു പകരം بِالْإِيمَانِ തീർച്ചയായും അവർ വഴിപിഴച്ചുപോയി فَقَدْ ضَلَّ ശരിയായതിൽനിന്ന് سَوَاءَ മാർഗ്ഗത്തിലെ السَّبِيلِ

*വ്യാഖ്യാനം*

ഈ സൂക്തത്തെക്കുറിച്ച് അല്പജ്ഞാനികളായ ക്രിസ്ത്യാനികൾ ആക്ഷേപിക്കാറുള്ളത് നബി(സ) തിരുമേനി നഊദുബില്ലാഹ് തന്റെ അറിവില്ലായ്മ മറച്ചുവെക്കുന്നതിനുവേണ്ടി സഹാബത്തിനെ ചോദ്യങ്ങൾ ചോദിക്കുന്നതിൽനിന്ന് വിലക്കിയിരിക്കുകയാണെന്നത്രെ. എന്നാൽ ഈ സൂക്തം പറയുന്നത് മൂസാനബിയുടെ കാലത്തുള്ളവർ ചോദിച്ചതുപോലുള്ള ചോദ്യങ്ങൾ ചോദിക്കരുതെന്ന് മാത്രമാണ്.

ചോദ്യങ്ങൾ പല ഉദ്ദേശ്യങ്ങളോടുകൂടി ചോദിക്കാറുണ്ട്. അറിയാൻവേണ്ടി ചിലർ ചോദിക്കുന്നു. തർക്കിക്കാൻവേണ്ടി ചിലർ ചോദിക്കുന്നു. ചിലർ മറ്റുള്ളവരെ അപമാനിക്കാനും നിന്ദിക്കാനും വേണ്ടി ചോദിക്കുന്നു. ചുരുക്കത്തിൽ ഓരോന്നിനും പിന്നിൽ വ്യത്യസ്ത ലക്ഷ്യങ്ങളുണ്ടായിരിക്കും. ബുദ്ധിശൂന്യമായ ചോദ്യങ്ങൾ ചോദിക്കുന്നതിൽനിന്ന് ബുദ്ധിമാനായ വ്യക്തി പിന്മാറുന്നതാണ്. ക്ലാസ്സുമുറിയിൽ എഴുന്നേറ്റുനിന്ന് നിരന്തരം ചോദ്യങ്ങൾ ചോദിക്കുന്ന വിദ്യാർത്ഥിയോട് നീ വെറുതെ സമയം പാഴാക്കുന്നുവോ എന്ന് പറഞ്ഞ് അദ്ധ്യാപകൻ അവനെ ഇരുത്തുമ്പോൾ തന്റെ അറിവില്ലായ്മ മറച്ചുവെക്കാൻ അദ്ധ്യാപകൻ ചെയ്ത വേലയാണതെന്ന് ആരും പറയാറില്ല. ഇതേപോലെ നിരർത്ഥകങ്ങളായ ചോദ്യങ്ങൾ ചോദിക്കുന്നതിൽനിന്നുമാണ് വിശുദ്ധഖുർആൻ വിലക്കുന്നത്. ഒരിക്കലും ചോദ്യം ഉന്നയിക്കരുതെന്ന് അത് പറയുന്നില്ല. 'സുഇല മൂസാ' (മൂസായോട് ചോദിക്കപ്പെട്ടത്) എന്ന പദം ഇതാണ് വിവരിക്കുന്നത്. എങ്ങനെയുള്ള ചോദ്യമാണ് ഹദ്റത്ത് മൂസാനബി(അ)നോട് ചോദിച്ചതെന്ന് വിശുദ്ധഖുർആൻ വിവരിക്കുന്നു. ***യസ്അലൂനക്ക അഹ്ലൽ കിതാബി അൻതുനസ്സില അലയ്ഹിം കിതാബൻമ്മിനസ്സമാഇ ഫഖദ് സഅലൂ മൂസാ അക്ബറു മിൻദാലിക ഫഖാലൂ അറിനല്ലാഹു ജഹ്റത്തൻ*** ആകാശത്തുനിന്ന് അവർക്കൊരു ഗ്രന്ഥം നീ ഇറക്കിക്കൊണ്ടുവരിക എന്ന് ഗ്രന്ഥം നൽകപ്പെട്ടവർ നിന്നോട് ചോദിക്കുന്നു. അവരുടെ ചോദ്യം അത്ര വലുതൊന്നുമല്ല. കാരണം ഹദ്റത്ത് മൂസാ(അ)യോട് ഇതിനേക്കാളും വലിയ ചോദ്യമാണ് ചോദിച്ചിരുന്നത്. നീ ദൈവത്തെ പിടിച്ച് ഞങ്ങളുടെ മുമ്പിൽ കൊണ്ടുവന്നാൽ ഞങ്ങൾ വിശ്വസിക്കാമെന്നാണ് അവർ പറഞ്ഞത്. തൗറാത്ത് വായിക്കുമ്പോൾ ഇസ്റായേൽ സന്തതികൾ ഓരോരുത്തരും മൂസാ(അ)നോട് ഓരോന്നും ചോദിച്ചുകൊണ്ടിരുന്നതായി കാണാം. മൂസാനബിയുടെ സമൂഹത്തിന്റെ അവസ്ഥ ഇതായിരുന്നുവെങ്കിൽ തിരുനബിയുടെ സഹാബത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്ന് നോക്കൂ. വല്ല ഗ്രാമീണരും വന്ന് തിരുനബിയോട് വല്ലതും ചോദിച്ചിരുന്നുവെങ്കിൽ അതിനുള്ള മറുപടി തങ്ങൾക്കും കേൾക്കാമായിരുന്നുവല്ലോ എന്നാഗ്രഹിച്ച് ഗ്രാമീണർ വല്ലവരും വരുന്നുണ്ടോ എന്ന് തങ്ങൾ പ്രതീക്ഷിച്ചിരിക്കുമായിരുന്നുവെന്ന് സഹാബത്ത് പറയാറുണ്ടായിരുന്നു. സഹാബത്ത് തിരുനബി(സ)നെ അങ്ങേയറ്റം ആദരിക്കുന്നവരും തങ്ങളുടെ ആത്മാക്കളെ സ്വയം നിയന്ത്രിക്കുന്നവരുമായിരുന്നു. ഇക്കാരണത്താൽ സ്വയം ചോദ്യം ചോദിക്കാൻ അവർ ധൈര്യപ്പെട്ടിരുന്നില്ല. ചുരുക്കത്തിൽ അല്ലാഹുവിന്റെ നടപടി ചട്ടങ്ങൾക്ക് വിരുദ്ധമായതും ശരീഅത്ത് നിയമങ്ങൾക്കെതിരിലുള്ളതും മറ്റുള്ളവരെ അപമാനിക്കുന്നതും ഒരു ഗുണവും ലഭിക്കാത്തതും വെറുതെ സമയം പാഴാക്കിക്കളയുന്ന തരത്തിലുള്ളതുമായ ചോദ്യങ്ങളിൽനിന്നാണ് മുസ്ലിംകളെ വിലക്കിയിരിക്കു

ന്നത്.

എനിക്കൊരു സംഭവം ഓർമ്മവരുന്നു. ഞാനും (ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ) ഹദ്റത്ത് രോശൻ അലിസാഹിബും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)ന്റെ അടുത്തുപോയി പഠിക്കാറുണ്ടായിരുന്നു. ഞങ്ങളുടെ ക്ലാസ്സിൽ മറ്റ് സുഹൃത്തുക്കളുമുണ്ടായിരുന്നു. ഹാഫിസ് രോശൻ അലി സാഹിബിന് എന്തെങ്കിലും ഒന്ന് ലഭിച്ചാൽ അതിന്റെ എല്ലാ വശവും അദ്ദേഹം ചോദിച്ചു മനസ്സിലാക്കും. മാത്രമല്ല, ശക്തമായ വിമർശനവും നടത്തിയിരുന്നു. ഞങ്ങൾ ബുഖാരി പഠിക്കാൻ തുടങ്ങി. നാലു പാഠങ്ങൾ മാത്രം കഴിഞ്ഞതേയുള്ളൂ. രോശൻഅലി സാഹിബിന്റെ ചോദ്യങ്ങൾകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ അവ്വൽ (റ) വിഷമിച്ചു. പാഠം മുമ്പോട്ടുപോകാൻ കഴിയാതെയായി. രോശൻഅലി സാഹിബ് ഒരു സംശയം ചോദിച്ചാൽ അതിന് ഖലീഫത്തുൽ മസീഹ് അവ്വൽ മറുപടി പറയും. വീണ്ടും അദ്ദേഹം ഉപചോദ്യം ചോദിക്കും. അത് തുടർന്നുകൊണ്ടേയിരിക്കും.

എനിക്കും രോശൻഅലി സാഹിബിന്റെ ഈ ശീലം തുടങ്ങി. എനിക്കപ്പോൾ 20 വയസ്സായിരുന്നു. അടുത്ത ദിവസം ഞാനും ചോദ്യങ്ങൾ ചോദിക്കുമെന്ന് മനസ്സിൽ ഉറപ്പിച്ച് നാലാം ദിവസം ക്ലാസ്സ് തുടങ്ങിയപ്പോൾ ഖലീഫത്തുൽ മസീഹ് അവ്വൽ(റ)നോട് ഞാനും ചോദ്യം ചോദിച്ചു. ആദ്യദിവസം ഖലീഫത്തുൽ മസീഹ് ഒന്നും മിണ്ടിയില്ല. രണ്ടാം ദിവസം വീണ്ടും ചോദിച്ചപ്പോൾ എന്നോട് പറഞ്ഞു. രോശൻഅലി സാഹിബിന് എത്ര ചോദ്യങ്ങളും ചോദിക്കാം. എന്നാൽ, നീ ചോദിക്കാൻ പാടില്ല. എന്നിട്ട് ഖലീഫത്തുൽ മസീഹ് അവ്വൽ എന്നെ ഇപ്രകാരം ഉപദേശിച്ചു. നീ കുറേക്കാലമായി എന്നെ കാണുന്നു. എന്റെ പ്രകൃതമെന്താണെന്നും നിനക്കറിയാം. ഞാൻ ലുബ്ധ് കാണിക്കുന്നവനാണെന്ന് നിനക്ക് പറയാൻ കഴിയുമോ? ഒന്നും മറ്റുള്ളവരിൽനിന്ന് ഞാൻ മറച്ചുവെച്ചിട്ടില്ല. എനിക്കറിയാവുന്നത് ഞാൻ പറഞ്ഞുകൊടുക്കാറുണ്ട്. എത്രതന്നെ ആക്ഷേപിച്ചാലും എനിക്കറിയാവുന്നത് മാത്രമേ ഞാൻ പറയൂ. അതിൽ കൂടുതലൊന്നും പറയാറില്ല. ഏതൊരു കാര്യത്തെക്കുറിച്ചും രണ്ട് വസ്തുതകളാണ് നമ്മുടെ മുമ്പിലുള്ളത്. ഒരു കാര്യത്തെക്കുറിച്ച് എന്നോട് ചോദിച്ചാൽ ഞാൻ യുക്തിപരമായ മറുപടി പറയുകയും എന്നാൽ, അത് നിനക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ലെന്ന് വരികയും ചെയ്തേക്കാം. അതേപോലെ ഞാൻ പറയുന്ന മറുപടി അബദ്ധവും നിന്റെ മറുപടി ഉചിതമായതും ആയേക്കാം. ഇനി ഞാൻ പറഞ്ഞത് തെറ്റാണെങ്കിൽതന്നെ മനഃപൂർവ്വം വിശ്വാസവഞ്ചന നടത്തിക്കൊണ്ട് നിന്നെ വഞ്ചിക്കാനല്ല ഞാൻ പറയാതിരിക്കുന്നതെന്ന് നിനക്കറിയാം. കാരണം എനിക്ക് ശരിയെന്ന് തോന്നുന്നത് മാത്രമാണ് ഞാൻ പറയുന്നത്. ഞാൻ പറഞ്ഞതിനെതിരിൽ എത്രതന്നെ വിമർശനമുണ്ടായാൽതന്നെയും ഞാൻ ആദ്യം പറഞ്ഞതുതന്നെയായിരിക്കും വീണ്ടും പറയുക. ഞാൻ പറഞ്ഞ ശരിയായ വസ്തുതകളെ ആക്ഷേപിക്കുകയാണെങ്കിൽ അതിന്റെഅർത്ഥം നിനക്ക് മനസ്സിലായിട്ടില്ലെന്നാണ്. ഈ അവസ്ഥയിൽ അതിനെക്കുറിച്ച് നീ വിമർശിക്കുമ്പോൾ നിനക്ക് വാശി കൂടും എന്നല്ലാതെ, ഒരു പ്രയോജനവുമുണ്ടാകില്ല. അതുകൊണ്ട് എന്നോടൊന്നും ചോദിക്കരുതെന്നാണ് എന്റെ അപേക്ഷ. പകരം സ്വയം ചിന്തിച്ചും ആലോചിച്ചും മറുപടി കണ്ടെത്താൻ ശ്രമിക്കുക. മനസ്സിലായിക്കഴിഞ്ഞാൽ അതംഗീകരിക്കുകയും മനസ്സിലായിട്ടില്ലെങ്കിൽ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുക. അവൻ നിനക്ക് മനസ്സിലാക്കിത്തരികയും അവന്റെ പക്കൽനിന്ന് നിനക്ക് അറിവ് നൽകുകയും ചെയ്യുന്നതാണ്.

ഈ ഉപദേശത്തിനുശേഷം ഖലീഫത്തുൽ മസീഹ് അവ്വലിനോട് ഞാനൊന്നും ചോദിക്കാറില്ല. അതുപോലെ ക്ലാസ്സ് നടക്കുന്നതിനിടയിൽ ചോദ്യങ്ങൾ ചോദിക്കരുതെന്ന് മൗലവി സാഹിബ് രോശൻഅലി സാഹിബിനോടും നിർദ്ദേശിച്ചിരുന്നു. ഇതിനുശേഷം ഓരോ ദിവസവും ബുഖാരിയുടെ കുറേ ഭാഗങ്ങൾ തീർക്കാൻ സാധിച്ചു. മറ്റു വിഷയങ്ങളും ഞങ്ങൾ പഠിച്ചിരുന്നുവെങ്കിലും വിദ്യാർത്ഥികൾ നാവടക്കിയത് കാരണം പഠനം വളരെ പുരോഗമിക്കുകയും അദ്ധ്യാപകൻ പറയുന്നതുമാത്രം ഞങ്ങൾ ശ്രദ്ധിച്ചുകേൾക്കുകയും ചെയ്തുപോന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ചോദ്യം ചോദിക്കുന്നതിൽനിന്നും എന്നെ തടഞ്ഞതുകൊണ്ട് വിശുദ്ധഖുർആനെക്കുറിച്ച് ഞാൻ സ്വയം ചിന്തിക്കാനും പഠിക്കാനും ശ്രമിച്ചു. ഇതിന്റെ ഫലമായി വിദ്യാർത്ഥിയായിരിക്കെത്തന്നെ ഞാൻ വിശുദ്ധഖുർആന്റെ ദർസ് നൽകാനും തുടങ്ങി. ഇവിടെ എന്നെ ചോദിക്കുന്നതിൽനിന്ന് തടഞ്ഞുകൊണ്ട് സ്വയം അധ്വാനിച്ചു പഠിക്കുന്നതിലേക്കും ചിന്തിക്കുന്നതിലേക്കും എന്നെ തിരിച്ചുവിടുകയാണ് ചെയ്തത്.

അല്ലാഹു മുസ്‌ലിംകളോട് ചോദ്യങ്ങൾ ചോദിക്കുന്നതിൽനിന്നും അവരെ മാറ്റിനിർത്തിക്കൊണ്ട് അവരുടെ ചിന്തകളും ധൈഷണികശക്തിയും വളർത്തുകയാണ് ചെയ്തിരിക്കുന്നത്. മറ്റുള്ളവരോട് ചില കാര്യങ്ങൾ ചോദിക്കേണ്ടതായി വരുമെങ്കിലും കഴിയുന്നതും സ്വയം ചിന്തിച്ച് ഉത്തരം കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. വിശുദ്ധഖുർആൻ ക്ലാസ്സിൽ ആദമിന്റെ സംഭവം വിവരിക്കുന്ന സ്ഥലമെത്തിയാൽ പലരും പല ചോദ്യങ്ങളും ചോദിച്ചുതുടങ്ങും. അവർ അതിനെക്കുറിച്ച് സ്വയം ചിന്തിച്ച് അതിന്റെ ഉത്തരം കണ്ടെത്താൻ ശ്രമിച്ചിരുന്നുവെങ്കിൽ പലതും അവർക്ക് പരിഹരിക്കാൻ സാധിക്കുമായിരുന്നു. മനുഷ്യന്റെ വിശ്വാസം തകർക്കുന്നതും അവിശ്വാസത്തിലേക്ക് തള്ളിവിടുന്നതുമായ ചോദ്യങ്ങളിൽനിന്നാണ് ഇവിടെ വിലക്കിയിരിക്കുന്നത്. അല്ലാതെ ഗവേഷണപരമായ ചോദ്യങ്ങളിൽനിന്ന് മുസ്‌ലിംകളെ വിലക്കിയിട്ടില്ല.

***വമൻയ്യത്ത ബദ്ദലിൽ കുഫ്റ ബിൽഈമാനി ഫഖദ് ള്ളല്ല സവാഅസ്സബീൽ*** അറിവ് വർദ്ധിക്കാനാണ് ചോദ്യങ്ങൾ ചോദിക്കാറുള്ളത്. എന്നാൽ, ധിക്കാരപരമായി ചോദിക്കുകയും അല്ലാഹുവിനേയും അവന്റെ റസൂ

ശേഷം 29–ൽ

ലേഖനം

*ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)*

# സ്വന്തം തൂലികയിലൂടെ

**ലാ**ഇലാഹ ഇല്ലല്ലായുടെ പൊരുൾ കേട്ടതിനു ശേഷം ഇനി നമസ്കാരത്തിലേക്ക് ശ്രദ്ധിക്കുക. അത് കൃത്യതയോടെ നിർവഹിക്കാൻ വിശുദ്ധഖുർആനിൽ ആവർത്തിച്ചാവർത്തിച്ച് താക്കീത് ചെയ്യപ്പെട്ടിരിക്കുന്നു. പക്ഷേ, അതിനോടൊപ്പം ഇങ്ങനെയും പറഞ്ഞിട്ടുണ്ട്. ***വയ്ലുൻല്ലിൽ മുസല്ലീനല്ലദീനഹും അൻസ്വലാത്തിഹിം സാഹൂൻ*** നമസ്കാരത്തിലെ യാഥാർത്ഥ്യത്തിൽനിന്ന് അജ്ഞരായ നമസ്കാരക്കാർക്ക് നാശം. അകൽച്ചയുടെ നേരത്ത് കൂടിക്കാഴ്ചയ്ക്കും കൂടിച്ചേരലിനും വേണ്ടി വേദനയോടും സങ്കടത്തോടുംകൂടി തന്റെ ദൈവത്തിന്റെ സന്നിധിയിൽ മനുഷ്യൻ നടത്തുന്ന ഒരു അർത്ഥനയാണ് നമസ്കാരമെന്ന് മനസ്സിലാക്കേണ്ടതാണ്. കാരണം അല്ലാഹു പരിശുദ്ധനാക്കാത്തിടത്തോളം കാലം ആരും പരിശുദ്ധരാവുകയില്ല. അവൻ സ്വയം കൂടിക്കാഴ്ച നല്കാത്തിടത്തോളം കാലം ആർക്കും കൂടിക്കാഴ്ച ലഭിക്കുകയില്ല. പലരീതിയിലുള്ള വളയങ്ങളും പലതരത്തിലുള്ള ചങ്ങലകളും മനുഷ്യന്റെ കഴുത്തിൽ വീണുകിടക്കുന്നു. അത് അകലണമെന്ന് മിക്കവരും ആഗ്രഹിക്കുന്നുണ്ട്. എന്നാൽ, അവ അകലുന്നില്ല. മനുഷ്യന് പരിശുദ്ധനാവണമെന്ന ആഗ്രഹമുണ്ടായിട്ടും ദോഷപ്രവണമായ ആത്മാവിന്റെ പ്രേരണകൾ ഉണ്ടാകുകതന്നെ ചെയ്യുന്നു. പാപങ്ങളിൽനിന്ന് പരിശുദ്ധമാക്കുക എന്നത് ദൈവത്തിന്റെ പ്രവൃത്തിയാണ്. ബലം പ്രയോഗിച്ച് നിങ്ങളെ പരിശുദ്ധരാക്കാൻ അവനെക്കൂടാതെ ഒരു ശക്തിയുമില്ല. പരിശുദ്ധമായ വികാരങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയാണ് അല്ലാഹു നമസ്കാരം വെച്ചിട്ടുള്ളത്. നമസ്കാരമെന്താണ്? ദുഷ്ചിന്തകളും ദുർവിചാരങ്ങളും അകന്നുപോകുന്നതിനും ശുദ്ധമായ സ്നേഹവും ശുദ്ധമായ ബന്ധവും ലഭിക്കുന്നതിനും അല്ലാഹുവിന്റെ കല്പനകൾക്കു വിധേയരായി നടക്കാൻ ഭാഗ്യം ഉണ്ടാകുന്നതിനുംവേണ്ടി വേദനയോടും എരിച്ചിലോടും നീറ്റലോടുംകൂടി അല്ലാഹുവിനോട് ചെയ്യുന്ന ഒരു അർത്ഥനയാണത്. പ്രാർത്ഥന കേവലം നാവുകൊണ്ടല്ല, പ്രത്യുത, അതിനോടൊപ്പം എരിച്ചിലും പുകച്ചിലും നീറ്റലുമുണ്ടാകേണ്ടത് നിർബന്ധമാണെന്ന് സ്വലാത്ത് എന്ന പദം വിളിച്ചോതുന്നു. മനുഷ്യൻ ദുആയുടെ സ്ഥിതിയിൽ ഒരു മരണാവസ്ഥ പ്രാപിക്കുന്നതുവരെ അല്ലാഹു ദുആ സ്വീകരിക്കുകയില്ല.

നമസ്കാരം വലിയ ഗംഭീരതരത്തിലുള്ള പ്രാർത്ഥനയാണ്. എന്നാൽ, ആളുകൾ അതിനെ വിലമതിക്കുന്നില്ല. ഇക്കാലഘട്ടത്തിൽ മുസ്ലിംകൾ ദൈവനാമജപത്തിലേക്ക് ശ്രദ്ധ തിരിച്ചിരിക്കുകയാണ്. നൗശാഹി, നഖ്ശ്ബൻദി തുടങ്ങിയ ഒരുപാട് കക്ഷികളുണ്ട്. വ്യസനകരമെന്ന് പറയട്ടെ അവരിൽ ആരുംതന്നെ അനാചാരങ്ങളുടെ കലർപ്പിൽനിന്ന് മുക്തരല്ല. ഈ ആളുകൾ നമസ്കാരത്തിന്റെ യാഥാർത്ഥ്യത്തിൽ അജ്ഞരാണ്. ദൈവകല്പനകളെ അവർ പരിഹസിക്കുന്നു. നമസ്കാരം നിലവിലിരിക്കെ പ്രാർത്ഥിക്കുന്നവന് ഈ അനാചാരങ്ങളിലൊന്നിന്റേയും ആവശ്യമില്ല. ബുദ്ധിമുട്ടിന്റെ നേരത്ത് അംഗസ്നാനം വരുത്തി നമസ്കരിക്കുന്നതിനായി എഴുന്നേറ്റു നില്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക എന്നതായിരുന്നു നബി (സ) തിരുമേനിയുടെ രീതി. നമസ്കാരത്തെക്കാൾ കൂടുതൽ അല്ലാഹുവിന്റെ അടുത്തേക്ക് കൊണ്ടുപോകുന്ന മറ്റൊരു സംഗതിയും ഇല്ലെന്നത് നമ്മുടെ അനുഭവവുമാണ്. വിനയത്തിന്റേയും വണക്കത്തിന്റേയും മര്യാദയുടെ പ്രകടനം ഉൾക്കൊള്ളുന്നവയാണ് നമസ്കാരത്തിന്റെ ഭാഗങ്ങൾ. നില്ക്കുമ്പോൾ നമസ്കാരക്കാരൻ കൈകെട്ടി നില്ക്കുന്നു; ഒരടിമ തന്റെ യജമാനന്റേയും രാജാവിന്റേയും മുമ്പിൽ മര്യാദയോടുകൂടി നില്ക്കുന്നതുപോലെ. റുക്കൂഇൽ വണക്കത്തോടെ കുനിയുന്നു. ഏറ്റവും വലിയ വണക്കം സുജൂദ് ചെയ്യുമ്പോഴാണ്. അതങ്ങേയറ്റത്തെ വിനയാവസ്ഥ പ്രകടിപ്പിക്കുന്നു. (ജൽസാ സാലാനാ പ്രഭാഷണം, 1906)

നമസ്കാരങ്ങളെ കൃത്യമായി ഉത്തരവാദത്തോടുകൂടി അനുഷ്ഠിക്കേണ്ടതാണ്. ചിലയാളുകൾ ഒരേയൊരു നേരത്തെ നമസ്കാരമേ അനുഷ്ഠിക്കുന്നുള്ളൂ. നമസ്കാരം മാപ്പാകുകയില്ലെന്ന കാര്യം അവർ ഓർക്കേണ്ടതാണ്. നബിമാർക്കുപോലും അത് മാപ്പാക്കപ്പെട്ടിട്ടില്ല. ഒരു ഹദീസിൽ വന്നിരിക്കുന്നു. നബി (സ)യുടെ അടുക്കൽ പുതുവിശ്വാസികളുടെ ഒരു സംഘം വന്ന് നമസ്കാരം മാപ്പാക്കണമെന്ന് അപേക്ഷിച്ചു. അവിടന്ന് അരുൾചെയ്തു: ഏതൊരു മതത്തിലാണോ കർമ്മമില്ലാത്തത് ആ മതം, മതം തന്നെയല്ല. (മൽഫൂസാത്ത്, വാല്യം 1, പേ- 254)

അല്ലാഹുവിനോട് സത്യസന്ധമായ ബന്ധവും യഥാർത്ഥമായ അടുപ്പവും നിലനിറുത്താനാഗ്രഹിക്കുന്നെങ്കിൽ നമസ്കാരത്തിൽ ലയിക്കുന്നവരായിത്തീരാൻ ഞാൻ നിങ്ങളോട് വീണ്ടും പറയുന്നു. എത്രത്തോളമെന്നാൽ നിങ്ങളുടെ ശരീരവും- നിങ്ങളുടെ നാവല്ല- എന്നല്ല, നിങ്ങളുടെ ആത്മാവിന്റെ ഇച്ഛകളും വികാരങ്ങളുമെല്ലാം ഒന്നടങ്കം നമസ്കാരമായിത്തീരണം. (*മൽഫൂസാത്ത്, വാല്യം 1, പേജ് 163*)

എന്താണ് നമസ്കാരം? നമസ്കാരം യഥാർത്ഥത്തിൽ ആദരവുടയവനായ രക്ഷിതാവിനോടുള്ള പ്രാർത്ഥനയാണ്. ഇതുകൂടാതെ മനുഷ്യന് ജീവിച്ചിരിക്കാൻ സാധ്യമല്ല. സൗഖ്യത്തിന്റേയും സന്തോഷത്തിന്റേയും സഹായവും കിട്ടുകയില്ല. അല്ലാഹു തന്റെ അനുഗ്രഹം അവന്റെമേൽ ചൊരിയുമ്പോഴാണ് യഥാർത്ഥമായ സന്തോഷവും സംതൃപ്തിയും അവന് ലഭിക്കുന്നത്. സ്വാദിഷ്ടമായ ഭക്ഷണം കഴിക്കുമ്പോഴുണ്ടാകുന്ന ആനന്ദംപോലെ ആ നേരം മുതൽ അവന് നമസ്കാരങ്ങളിൽ പ്രിയവും താൽപര്യവുമുണ്ടാകാൻ തുടങ്ങും. അതുപോലെതന്നെ പിന്നീട് ദൈവികസവിധത്തിലുള്ള കരച്ചിലിനോടും ആവലാതിയോടും പ്രിയം വരുന്നതുമാണ്. നമസ്കാരത്തിനുണ്ടാകേണ്ടതായ ഈ അവസ്ഥ ഉണ്ടായിവരികയും ചെയ്യും. അതിനു മുമ്പേ ആരോഗ്യം ലഭിക്കാൻ കയ്പുള്ള മരുന്ന് കഴിച്ചതുപോലെയായിരുന്നു. ഇപ്രകാരം ആനന്ദരഹിതമായ നമസ്കാരത്തേയും അനുഷ്ഠിക്കേണ്ടതും പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതും നിർബന്ധമാണ്. ആനന്ദശൂന്യമായ ആ അവസ്ഥയിൽ നിന്ന് രുചിയും ആനന്ദവും ഉണ്ടാകണമെന്ന വിചാരത്തോടെ ഇങ്ങനെ പ്രാർത്ഥിക്കുക:-

"അല്ലാഹുവേ, ഞാനെത്രമാത്രം അന്ധനും അറിവില്ലാത്തവനുമാണെന്ന് നീ കാണുന്നു. ഞാനീ നേരത്ത് തികച്ചും മൃതാവസ്ഥയിലാണ്. അല്പം കഴിഞ്ഞാൽ വിളി വരുമെന്ന് എനിക്ക് അറിയാം. അപ്പോൾ ഞാൻ നിന്നിലേക്ക് വരും. ആ നേരത്ത് ആർക്കും എന്നെ തടയാൻ സാധിക്കുകയില്ല. പക്ഷേ, എന്റെ ഹൃദയം ഇരുട്ടുനിറഞ്ഞതും നിന്നെ തിരിച്ചറിയാത്തതുമാണ്. നിന്റെ സ്നേഹവും നിന്നോടുള്ള ആസക്തിയും ഉണ്ടാകുംവിധമുള്ള പ്രകാശത്തിന്റെ ജ്വാല നീ എന്നിൽ ഇറക്കിയാലും. അന്ധനായി ഉണരാതിരിക്കുന്നതിനും അന്ധന്മാരുടെ കൂട്ടത്തിൽ ചെന്നുചേരാതിരിക്കുന്നതിനും നീ അനുഗ്രഹിച്ചാലും."

ഇത്തരത്തിൽ പ്രാർത്ഥിക്കുകയും അത് മുടങ്ങാതെ തുടരുകയും ചെയ്യുമ്പോൾ അവൻ അനുഷ്ഠിച്ചുപോന്ന ആനന്ദരഹിതമായ അവന്റെ നമസ്കാരത്തിൽ ഒരു വസ്തു ആകാശത്തുനിന്ന് അവനിൽ വീഴുന്ന ഒരു നേരം വന്നെത്തുന്നത് അവൻ കാണുന്നതാണ്. അത് കരച്ചിലുണ്ടാക്കും. (മൽഫൂസാത്ത്, വാല്യം 4, പേ- 361)

***വല്ലദീനഹും അലാ സ്വലവാത്തിഹിം യുഹാഫിളൂൻ***. അതായത്, ആറാമത്തെ പദവിയിലെത്തിയ മുഅ്മിൻ- സത്യവിശ്വാസി അഞ്ചാമത്തെ പദവിയിൽനിന്നുയർന്നവനായിമാറി. അപ്പോൾ അവൻ തന്റെ നമസ്കാരങ്ങളെ സ്വയം സംരക്ഷിക്കുന്നവനും മേൽനോട്ടക്കാരനുമാണ്. അതായത്, അവൻ മറ്റാരെങ്കിലും പറയുന്നതിനും ഓർമ്മിപ്പിക്കുന്നതിനും ആശ്രയിക്കുന്നവനായിരിക്കുകയില്ല. പ്രത്യുത, അവൻ എപ്പോഴും അതിന്റെ മേൽനോട്ടം വഹിക്കുകയും, ഓരോ നിമിഷവും ദൈവസ്മരണയിൽ കഴിച്ചുകൂട്ടും വിധമുള്ള ബന്ധം അല്ലാഹുവിനോടുണ്ടാകുകയും, അവനെ സ്മരിക്കാൻ സ്വാഭാവികമായ സ്നേഹവും, സ്വസ്ഥതയും, ജീവിതവും അവന് ലഭിക്കുകയും ചെയ്യുന്നു. ദൈവത്തെ സ്മരിക്കുന്നതിൽനിന്നും അണുനിമിഷം വേറിടുന്നത് അവനിഷ്ടപ്പെടുന്നില്ല.

നഷ്ടപ്പെട്ടാൽ തനിക്ക് നാശമുണ്ടാകും എന്ന് കരുതുന്ന വസ്തുവിനെ മനുഷ്യൻ എല്ലാവിധത്തിലും പാടുപെട്ട് സംരക്ഷിക്കുമെന്നത് വ്യക്തമാണ്. വെള്ളവും ഭക്ഷണവും ഒന്നും ലഭിക്കാത്ത വിജനമായ ഒരു സ്ഥലത്തൂടെ ഒരാൾ യാത്ര ചെയ്യുകയാണ്. നൂറു കണക്കിന് മൈലുകൾക്കപ്പുറംവരെ വെള്ളമോ ഭക്ഷണമോ കിട്ടുമെന്ന പ്രതീക്ഷ അയാൾക്കില്ല. അയാൾ തന്റെ കയ്യിലുള്ള ഭക്ഷണം എത്ര കാര്യമായിട്ടായിരിക്കും സൂക്ഷിച്ചുവെക്കുക. തന്റെ ജീവനു തുല്യം അയാൾ അതിനെ മനസ്സിലാക്കുന്നു. എന്തുകൊണ്ടെന്നാൽ അത് നഷ്ടപ്പെടുന്നതോടെ തന്റെ മരണം സംഭവിക്കുമെന്ന് അയാൾ ദൃഢമായും വിശ്വസിക്കുന്നു. ആരാണോ ഈ വഴിയാത്രക്കാരനെപോലെ തങ്ങളുടെ നമസ്കാരങ്ങളെ കാത്തുസൂക്ഷിക്കുന്നത് അവൻ ധനനഷ്ടമുണ്ടായാലും മാനഹാനിയുണ്ടായാലും നമസ്കാരം കാരണത്താൽ ആരെങ്കിലും വെറുത്താലും ശരി, നമസ്കാരം ഒഴിവാക്കുകയില്ല. അത് നഷ്ടപ്പെടുമോ എന്ന ആശങ്കയിൽ അവന് കഠിനമായ അസ്വസ്ഥതയുണ്ടാകുകയും വിഷമംകൊണ്ട് മരിച്ചവനെപ്പോലെ ആയിത്തീരുകയും ചെയ്യുന്നു. അവൻ ഒരു ശ്വാസംപോലും ദൈവസ്മരണയിൽനിന്ന് വേർപെടാൻ ആഗ്രഹിക്കുകയില്ല. നമസ്കാരവും ദൈവസ്മരണയും യഥാർത്ഥത്തിൽ തന്റെയൊരു പ്രധാന ഭക്ഷണമായി അവൻ മനസ്സിലാക്കുന്നു. അതിലാണ് അവന്റെ ജീവിതത്തിന്റെ നിലനില്പ്. ഈ അവസ്ഥ ഉണ്ടാകുന്നത് അല്ലാഹു അവനെ സ്നേഹിക്കുമ്പോഴാണ്. അവന്റെ വ്യക്തിപരമായ സ്നേഹത്തിന്റെ ഒരു ജ്വലിക്കുന്ന തീനാളം- ആദ്ധ്യാത്മികമായ നിലനില്പിന് അതിനെ ഒരു ആത്മാവെന്ന് പറയാവുന്നതാണ്- അവന്റെ ഹൃദയത്തിൽ ഇറങ്ങുകയും അവന് ***ഹയാത്തെ സാനീ***- രണ്ടാമത്തെ ജീവിതം നൽകുകയും ചെയ്യുന്നു. ആ ആത്മാവ് അവന്റെ സകല ആദ്ധ്യാത്മികതയ്ക്കും വെളിച്ചവും ജീവിതവും പകരുന്നു. അപ്പോൾ അവൻ ഏതെങ്കിലും കൃത്രിമമായ നിലയിൽ ദൈവസ്മരണയിൽ മുഴുകുകയില്ല. മറിച്ച്, ഭൗതികമായി മനുഷ്യജീവിതം ഭക്ഷണത്തിലും വെള്ളത്തിലും നിലനിർത്തിയിട്ടുള്ള അല്ലാഹു താൻ സ്നേഹിക്കുന്ന അവന്റെ ആദ്ധ്യാത്മികജീവിതത്തെ തന്റെ സ്മരണയാകുന്ന ഭക്ഷണവുമായി ബന്ധിപ്പിക്കുന്നു. അതുകൊണ്ട് അവൻ ആ ഭക്ഷണത്തേയും വെള്ളത്തേയും ഭൗതികമായ ഭക്ഷണത്തേക്കാളും വെള്ളത്തക്കാളും കൂടുതൽ ആഗ്രഹിക്കുന്നു. അത് നഷ്ടപ്പെടുന്നതിനെ ഭയക്കുന്നു. ഇത് ഒരു തീനാളം പോലെ അവനിൽ ഇട്ടുകഴിഞ്ഞ ആത്മാവിന്റെ സ്വാധീനമാണ്. ഇത് മുഖേന ദൈവപ്രേമത്തിന്റെ പൂർണ്ണമായ ലഹരി അവനിലുണ്ടാകുന്നു. അതുകൊണ്ട് ദൈവസ്മരണയിൽനിന്ന് ഒരുനിമിഷംപോലും വേർപെടാൻ അവൻ ഇഷ്ടപ്പെടുകയില്ല. അവൻ അതിനുവേണ്ടി

ദുഃഖം സഹിക്കുകയും വിപത്തുകളെ അഭിമുഖീകരിക്കുകയും ചെയ്യും. എന്നാൽ അതിൽനിന്ന് ഒരുനിമിഷം പോലും വേർപെടാൻ ആഗ്രഹിക്കുകയില്ല. ഓരോ ശ്വാസത്തിലും അവൻ ദൈവസ്മരണയിൽ ഏർപ്പെടുകയും തന്റെ നമസ്കാരങ്ങളുടെ സംരക്ഷകനും മേൽനോട്ടക്കാരനുമായിരിക്കുകയും ചെയ്യും. ഇക്കാര്യം അവന് പ്രകൃതിസിദ്ധമാണ്. എന്തുകൊണ്ടെന്നാൽ, വാസ്തവത്തിൽ അല്ലാഹു തന്റെ സ്നേഹനിർഭരമായ സ്മരണയെ- ഇതിനെ മറ്റുവാക്കുകളിൽ നമസ്കാരം എന്നു പറയുന്നു- അവന് ഒഴിച്ചുകൂടാൻ പറ്റാത്ത ഭക്ഷണമായി നിശ്ചയിച്ചുകൊടുത്തിരിക്കുകയാണ്. തന്റെ വ്യക്തിപരമായ സ്നേഹത്താൽ അവനിൽ വെളിപ്പെട്ട് ദൈവസ്മരണയുടെ ഒരു സുന്ദരമായ ആനന്ദം അവന് നൽകിയിരിക്കുന്നു. ഇക്കാരണത്താൽ ദൈവസ്മരണ ജീവനെപോലെ, എന്നല്ല ജീവനേക്കാളുപരിയായി അവന് പ്രിയങ്കരമായിത്തീർന്നു. ദൈവത്തിന്റെ വ്യക്തിപരമായ സ്നേഹം ഒരു പുതു ആത്മാവാണ്. അത് തീനാളംപോലെ അവന്റെ ഹൃദയത്തിൽ പതിക്കുന്നു. അവന്റെ നമസ്കാരത്തേയും ദൈവസ്മരണയേയും ഒരു ഭക്ഷണമെന്നപോലെ അവനുണ്ടാക്കിക്കൊടുക്കുന്നു. തന്റെ ജീവിതം ഭക്ഷണവും വെള്ളവുംകൊണ്ടല്ല. നേരെമറിച്ച്, നമസ്കാരവും ദൈവസ്മരണയും കൊണ്ടാണെന്ന് അവൻ ദൃഢമായും വിശ്വസിക്കുന്നു.

ചുരുക്കത്തിൽ സ്നേഹത്താൽ നിർഭരമായ ദൈവസ്മരണയുടെ പേരാണ് നമസ്കാരം. അത് വാസ്തവത്തിൽ അവരുടെ ഭക്ഷണമായി തീരുകയാണ്. അത് കൂടാതെ അവർക്ക് ജീവിക്കാനേ പറ്റുകയില്ല. വെള്ളവും ധാന്യവുമൊന്നുമില്ലാത്ത വനത്തിലൂടെ നീങ്ങുന്ന യാത്രക്കാരൻ തന്റെ കൈയിലുള്ള അല്പം ഭക്ഷണത്തെ സംരക്ഷിക്കുകയും തോൽസഞ്ചിയിലുള്ള അല്പമാത്രമായ ജലത്തെ ജീവനുതുല്യം കാണുകയും ചെയ്യുന്നതുപോലെ അവൻ അതിനെ സംരക്ഷിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. ഉദാരനായ അല്ലാഹു മനുഷ്യന്റെ ആത്മീയാഭിവൃദ്ധിക്കായി ഇങ്ങനെയും ഒരു നില വെച്ചിരിക്കുകയാണ്. അത് വ്യക്തിപരമായ സ്നേഹവും പ്രേമവായ്പിന്റെ ആധിക്യവും സമ്മർദ്ദത്തിന്റെ അവസാനത്തെ നിലയുമാണ്. വാസ്തവത്തിൽ ഈ നിലയിലെത്തുമ്പോൾ മനുഷ്യന് സ്നേഹനിർഭരമായ ദൈവസ്മരണ- ഇതിന് മതപരമായ സാങ്കേതികപദം നമസ്കാരം എന്നാണ്- ഭക്ഷണത്തിന്റെ പകരക്കാരനായിത്തീരുന്നു. എന്നല്ല, അവൻ നിരന്തരം തന്റെ ശാരീരികമായ ആത്മാവിനേയും ഈ ഭക്ഷണത്തിൽ ബലിയർപ്പിക്കാൻ ആഗ്രഹിക്കുന്നു. വെള്ളം കൂടാതെ മത്സ്യത്തിന് ജീവിക്കാൻ പറ്റാത്തതുപോലെ അവന് അത് കൂടാതെ ജീവിക്കാൻ പറ്റുകയില്ല. അല്ലാഹുവിൽനിന്ന് ഒരുനിമിഷം പോലും അകന്നു കഴിയുന്നത് തന്റെ മരണമായി അവൻ മനസ്സിലാക്കുന്നു. അവന്റെ ആത്മാവ് ദൈവികസവിധത്തിൽ സദാ പ്രണമിച്ചുകൊണ്ടിരിക്കുന്നു. തന്റെ സൗഖ്യങ്ങളെല്ലാം അല്ലാഹുവിൽ ആയിത്തീരുന്നു. കണ്ണ് ഇമയ്ക്കുന്നത്ര നിമിഷംപോലും ദൈവസ്മരണയിൽനിന്ന് വേർപ്പെട്ടാൽ താൻ മരിച്ചുപോയെന്ന് അവന് ദൃഢവിശ്വാസമുണ്ടാകുന്നു. എപ്രകാരം ഭക്ഷണം മുഖേന ശരീരത്തിന് ഓജസ്സും കണ്ണ്, ചെവി തുടങ്ങിയ അവയവങ്ങളുടെ കഴിവുകളിൽ ഉണർവ്വും ഉണ്ടാകുന്നുവോ അപ്രകാരം ആ നിലയിൽ പ്രേമവായ്പിന്റേയും സ്നേഹത്തിന്റേയും തിളപ്പിനാൽ ഉണ്ടാകുന്ന ദൈവസ്മരണ സത്യവിശ്വാസിയുടെ ആദ്ധ്യാത്മിക കഴിവുകൾക്ക് ഉൽക്കർഷം പകരുന്നു. അതായത്, കണ്ണിന് ജാഗ്രദർശനശക്തി അങ്ങേയറ്റം നിർമ്മലവും മനോഹരവുമായ നിലയിൽ ഉണ്ടായിത്തീരുന്നു. ചെവി ദൈവഭാഷണം കേൾക്കുന്നു. ആ ഭാഷണം നാവിലൂടെ അങ്ങേയറ്റം രുചികരവും തെളിഞ്ഞതും ശുദ്ധവുമായ നിലയിൽ ഒഴുകിത്തുടങ്ങുന്നു. സത്യമായ സ്വപ്നങ്ങൾ അധികമായി ഉണ്ടാകുന്നു. അത് പ്രഭാതവെളിച്ചം പോലെ വെളിപ്പെട്ടുവരുന്നു. മാന്യമായ ദൈവികസന്നിധിയിൽ നിന്നുണ്ടാകുന്ന സംശുദ്ധമായ സ്നേഹബന്ധത്താൽ സുവിശേഷം അറിയിക്കുന്ന സ്വപ്നങ്ങളിൽ അവൻ ധാരാളമായി ഭാഗഭാക്കാകുന്നു. ദൈവത്തിന്റേ സ്നേഹം തനിക്ക് ഭക്ഷണവും വെള്ളവുമായി പ്രയോജനപ്പെടുന്നുവെന്ന് സത്യവിശ്വാസിക്ക് ബോധ്യമാകുന്ന നില ഇതുതന്നെയാണ്. ആദ്യമേതന്നെ ആത്മീയമായ മൂശ പൂർണ്ണമായും ഒരുങ്ങിക്കഴിഞ്ഞിരുന്ന നേരത്താണ് ഈ പുതിയ ജന്മമുണ്ടാകുന്നത്. പിന്നീട് ആ ആത്മാവ് ദൈവത്തിന്റെതന്നെ സ്നേഹത്തിന്റെ ഒരു തീനാളമായിത്തീരുകയും അത് അത്തരം സത്യവിശ്വാസിയുടെ ഹൃദയത്തിൽ വന്നുപതിക്കുകയും പൊടുന്നനെ മനുഷ്യഭാവനയ്ക്കതീതമായ ഉപരിസ്ഥശക്തി അവനെ കൂട്ടിക്കൊണ്ടുപോകുകയും ചെയ്യുന്നു. ഈ നിലയെ ആദ്ധ്യാത്മികപരമായി അവസാനത്തെ സൃഷ്ടി എന്നു പറയുന്നു. ഈ നിലയിൽ തന്റെതന്നെ സ്നേഹത്തിന്റെ ഒരു പ്രകാശിക്കുന്ന തീനാളം ദൈവം- അതിനെ മറ്റുവാക്കുകളിൽ ആത്മാവെന്നാണ് പറയുന്നത്- സത്യവിശ്വാസിയുടെ ഹൃദയത്തിൽ ഇറക്കുകയും അതുമുഖേന സകല അന്ധകാരങ്ങളേയും മാലിന്യങ്ങളേയും ദൗർബല്യങ്ങളേയും അകറ്റുകയും ചെയ്യുന്നു. ഈ ആത്മാവ് ഊതുന്നതോടുകൂടി ഏറ്റവും താഴ്ന്നനിലയിലുണ്ടായിരുന്ന ആ സൗന്ദര്യം തികവാർന്ന നിലയിലെത്തുകയും ആത്മീയമായൊരു പ്രകാശവും വെളിച്ചവും ഉണ്ടായിവരികയും ദുഷിച്ച ജീവിതത്തിന്റെ സ്വാധീനം പൂർണ്ണമായും അകലുകയും ചെയ്യുന്നു. അപ്പോൾ തന്റെയുള്ളിൽ മുമ്പേ ഇല്ലാതിരുന്ന ഒരു പുതിയ ആത്മാവ് പ്രവേശിച്ചിട്ടുണ്ടെന്ന് സത്യവിശ്വാസി അനുഭവിച്ചറിയുന്നു. ആ ആത്മാവ് ലഭിക്കുന്നതിലൂടെ അത്ഭുതപ്പെടുത്തുംവിധമുള്ള ഒരു സമാധാനവും ശാന്തിയും സത്യവിശ്വാസിക്ക് കൈവരുന്നു. യഥാർത്ഥ സ്നേഹം വെള്ളച്ചാട്ടം പോലെ അലതല്ലുകയും ദാസതയുടെ ചെടിക്ക് വെള്ളം നൽകുകയും ചെയ്യുന്നു. ആദ്യം നിസ്സാര ചൂടുമാത്രമുണ്ടായിരുന്ന ആ തീയ് പ്രസ്തുത സ്ഥാനം പ്രാപിക്കുമ്പോൾ തികവോടും പൂർണ്ണതയോടുംകൂടി

പ്രഭാഷണം

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്)

# ദൈവസ്നേഹം ദർശിക്കലാണ് യഥാർത്ഥ പെരുന്നാൾ

(ഇക്കഴിഞ്ഞ ചെറിയപെരുന്നാളിന് (24.10.2006 ചൊവ്വാഴ്ച) ചെയ്ത ഖുത്ബ)

**അ**ല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മളിന്ന് ഈദുൽഫിത്വർകൊണ്ടാടുകയാണ്. അവന്റെ കല്പന കളനുസരിച്ച് ഇരുപത്തിഒമ്പതോ മുപ്പതോ നോമ്പനുഷ്ഠിച്ചതിന്റെ അനുഗ്രഹങ്ങളിൽനിന്ന് ഫലമെ ടുക്കാൻ ശ്രമിക്കുകയോ ഫലമെടുക്കുകയോ ചെയ്തതിന്റെ ആഘോഷമാണ് ഈ പെരുന്നാൾ. നോമ്പിന്റെ ഏതേതെല്ലാം അനുഗ്രഹമെടുക്കാൻ അല്ലാഹു തൗഫീഖ് നല്കിയോ, ആ നോമ്പ് തുറക്കാൻ ഇന്ന് അല്ലാഹു കല്പിച്ചിരിക്കുകയാണ്. അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി റമളാൻ മാസത്തിൽ പകൽ മുഴുവൻ അശന പാനീയങ്ങൾ ഉപേക്ഷിച്ച് സൂര്യാസ്തമയത്തിനുശേഷം അവന്റെതന്നെ 'തിന്നുകൊള്ളുക' എന്ന കല്പനയനുസരിച്ച് നമ്മൾ നിത്യവും നോമ്പു തുറന്നിരുന്നു. കഴിവിന്റെ പരമാവധി ദൈവസ്മരണയിലും ഖുർആൻ പാരായണത്തിലും സമയം കഴിച്ചു. ഭൗതികജോലികളും അതിനോടൊപ്പം നിർവ്വഹിച്ചുപോന്നു എന്നത് ശരിതന്നെയാണ്. പക്ഷേ, ഒരു മുഅ്മിൻ ഏറ്റവുമധികം പരിശ്രമിച്ചുകൊണ്ടിരുന്നത് ദീനീപരവും ആത്മീയവുമായ അവസ്ഥകൾ നന്നാക്കിയെടുക്കുന്നതിനുവേണ്ടിയായിരുന്നു. ഇപ്രകാരം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി രാത്രിയും അവനെ ആരാധിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.

തങ്ങൾക്കും തങ്ങളുടെ ബന്ധുക്കൾക്കും ജമാഅത്തിനും രാജ്യത്തിനും മുസ്ലിംസമുദായത്തിനും വേണ്ടി കഴിവിനനുസരിച്ച് പ്രാർത്ഥിക്കാനും ശ്രമിച്ചു. രാവിലെ മുതൽ വൈകുന്നേരംവരെ ഭക്ഷണപദാർത്ഥങ്ങളും പാനീയങ്ങളും കഴിക്കാതെയും കുടിക്കാതെയും നിന്നതിനുശേഷം സൂര്യനസ്തമിച്ചപ്പോൾ നോമ്പുതുറന്നു. കഠിനമായ വിശപ്പുണ്ടാകുന്ന ആ സമയത്ത് ഒരിറ്റു വെള്ളംപോലും അല്ലാഹുവിന്റെ അപാരമായ അനുഗ്രഹമായി മനസ്സിലാകുന്ന ഘട്ടമാണത്; പ്രത്യേകിച്ച് ഉഷ്ണമേഖലയിൽ കിടക്കുന്ന രാജ്യ

ആളിക്കത്തുകയും മാനുഷികമായ അസ്തിത്വത്തിന്റെ സകല ചപ്പുചവറുകളെ കത്തിച്ച് ദൈവത്വത്തിന്റെ നിയന്ത്രണം അതിനെ ഏല്പിക്കുകയും ചെയ്യുന്നു. ആ തീയ് സകല അവയവങ്ങളേയും തന്റെ വലയത്തിലാക്കുന്നു. അപ്പോൾ അത് തീയിൽ പഴുപ്പിച്ചെടുത്ത ഇരുമ്പുപോലെയാകുകയും തീയുടെ നിറത്തിലാകുകയും എപ്രകാരം ഇരുമ്പ് ആ നിലയിലെത്തുമ്പോൾ തീയുടെ ലക്ഷണങ്ങളും പ്രവൃത്തികളും പ്രകടിപ്പിക്കുന്നുവോ അതേപ്രകാരം ആ സത്യവിശ്വാസിയിൽനിന്ന് ദൈവത്വത്തിന്റെ ലക്ഷണങ്ങളും പ്രവൃത്തികളും പ്രകടമാകുകയും ചെയ്യുന്നു. ഇതിന്റെ അർത്ഥം ആ സത്യവിശ്വാസി ദൈവമായെന്നല്ല. മറിച്ച്, ദൈവസ്നേഹത്തിന്റെ അങ്ങനെതന്നെയുള്ള അല്പം ശീലത്വമാണത്. ബാഹ്യമായ അസ്തിത്വത്തെ അത് അതിന്റേതായ നിറത്തിൽ കൊണ്ടുവരുന്നു. ഉൾഭാഗത്ത് ദാസതയും അതിന്റെ ബലഹീനതയും നിലവിലുണ്ടാകുകയും ചെയ്യുന്നു. ആ നില പ്രാപിക്കുമ്പോൾ ദൈവം സത്യവിശ്വാസിയുടെ ആഹാരമായിത്തീരുന്നു. അത് ഭക്ഷിക്കുന്നതിലാണ് അവന്റെ ജീവിതം നിലകൊള്ളുന്നത്. സത്യവിശ്വാസിയുടെ വെള്ളവും ദൈവമായിത്തീരുന്നു. അത് കുടിക്കുന്നതിനാൽ മരണത്തിൽനിന്ന് അവൻ രക്ഷപ്പെടുന്നു. അവന്റെ തണുത്തകാറ്റും ദൈവമായിത്തീരുന്നു. അതുമുഖേന അവന്റെ മനസ്സിന് സന്തോഷം ലഭിക്കുന്നു. സത്യവിശ്വാസി ആ നിലയിലെത്തുമ്പോൾ ആലങ്കാരികമായി ദൈവം അവന്റെ ഉള്ളിൽ പ്രവേശിക്കുന്നുവെന്നും അവന്റെ നാഡിഞരമ്പുകളിൽ പ്രവഹിക്കുന്നുവെന്നും അവന്റെ ഹൃദയത്തെ തന്റെ സിംഹാസനമാക്കിത്തീർക്കുന്നുവെന്നും പറയുന്നത് അസ്ഥാനത്താകുകയില്ല. അപ്പോൾ അവൻ തന്റെ ആത്മാവ് കൊണ്ടല്ല, മറിച്ച് ദൈവത്തിന്റെ ആത്മാവിനാൽ കാണുകയും കേൾക്കുകയും സംസാരിക്കുകയും നടക്കുകയും ശത്രുക്കുടെമേൽ ആക്രമണം നടത്തുകയും ചെയ്യുന്നു. കാരണം അവൻ ആ നില പ്രാപിക്കുമ്പോൾ ഇല്ലായ്മയുടെയും നാശത്തിന്റെയും സ്ഥാനത്താണ് നിലകൊള്ളുന്നത്. അപ്പോൾ ദൈവത്തിന്റെ ആത്മാവ് സ്വ സ്നേഹത്തോടുകൂടി അവനിൽ വെളിപ്പെട്ട് രണ്ടാമത്തെ ജീവിതം അവന് നൽകുന്നു. ആ നേരത്ത് ആത്മീയമായ നിലയിൽ ഈ ദൈവികവചനം സത്യമായി പുലരുന്നു. ***ഥുമ്മ അൻശഅ നാഹു ഖൽഖൻ ആഖറ ഫതബാറക്കല്ലാഹു അഹ്സനുൽ ഖാലിഖീൻ*** *(സമീമ, ബറാഹിനെ അഹ്മദിയ്യാ, വാല്യം 5, പേ.54-58)*

●

ങ്ങളിൽ. ആ നേരത്ത് അല്ലാഹുവിന്റെ നിഅ്മത്തുകളോട്, അതായത് അല്ലാഹു കനിഞ്ഞരുളിയിരിക്കുന്ന ഭക്ഷണപദാർത്ഥങ്ങളോടും പാനീയങ്ങളോടും ബഹുമാനവും ആദരവും തോന്നുന്നതാണ്. ഒരു നേരത്തെ പശിയടക്കാൻ കഴിയാതെ പട്ടിണി കിടക്കുന്ന സമൂഹത്തേയും മനുഷ്യന് ഓർമ്മവരുന്നു. ഈ ബോധം നോമ്പുപിടിച്ച സത്യസന്ധനായ ഓരോ അഹ്മദിക്കും ഈ ദിനങ്ങളിൽ തീർച്ചയായും ഉണ്ടായിട്ടുണ്ടാകും. നോമ്പിന്റെ ഉദ്ദേശ്യമെന്നു പറയുന്നതുതന്നെ, അതിൽ അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടായിരിക്കുക എന്നതാണ്. അതിൽ അല്ലാഹുവിനോടുള്ള കടമ നിറവേറ്റലും ദൈവസൃഷ്ടികളോടുള്ള കടമ നിറവേറ്റലുമുണ്ട്. ഇത് ആദ്ധ്യാത്മികവും ധാർമ്മികവുമായ അവസ്ഥ മെച്ചപ്പെടുത്തുന്നതിലേക്ക് ശ്രദ്ധ ഉണ്ടായിരിക്കാനാണ്. എപ്രകാരം അല്ലാഹുവിന്റെ കല്പനയനുസരിച്ച് ഒരുമാസം നാം നമ്മെ ചില കാര്യങ്ങളിൽ നിന്ന് തടഞ്ഞുനിറുത്തിയോ ഇന്ന് അതേ അല്ലാഹുവിന്റെ കല്പനയാൽ നാം അവൻ നല്കിയിട്ടുള്ള ഓരോ അനുഗ്രഹങ്ങളിൽനിന്നും ഓരോരുത്തരുടേയും കഴിവനുസരിച്ച് ഫലമെടുക്കുന്നു. അന്നാളുകളിൽ ഭക്ഷണം കഴിക്കാതിരുന്നെങ്കിൽ ഇന്ന് അല്ലാഹുവിന്റെ കല്പനയനുസരിച്ച് നാം ഭക്ഷണം കഴിക്കുന്നു. ഇന്ന് നോമ്പ് പിടിക്കാതിരിക്കുന്നതിനും നമുക്ക് പ്രതിഫലം ലഭിക്കുന്നതാണ്. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നതും അനുസരണത്തിന്റെ ഉദാത്തമാതൃക കാണിക്കുന്നതുമാണ് യഥാർത്ഥത്തിൽ അല്ലാഹുവിന്റെ ബർക്കത്തുകളും ഫള്ലുകളും തൃപ്തിയും മനുഷ്യന് സ്വരുക്കൂട്ടുന്നതിനും കരസ്ഥമാക്കുന്നതിനുമുള്ള മാർഗ്ഗമെന്ന പാഠം റമളാനും ഇന്നത്തെ പെരുന്നാളും നമുക്ക് നല്കിക്കൊണ്ടിരിക്കുന്നു. ഇതിനുവേണ്ടി സത്യവിശ്വാസി കഴിവിന്റെ പരമാവധി ശ്രമിക്കേണ്ടതാണ്. എപ്പോഴും നമ്മുടെ ജീവിതം ഈ നിലയനുസരിച്ചാക്കിത്തീർക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. കാരണം ഇന്ന് പെരുന്നാളാഘോഷിച്ച്, വീണ്ടും റമളാന് മുമ്പേ ഉണ്ടായിരുന്ന ജീവിതത്തിലേക്ക് തിരിച്ചുപോകുക എന്നത് ഒരു മുഅ്മിന് ചേർന്നതല്ല. യഥാർത്ഥ മുഅ്മിൻ ഒരുപ്രാവശ്യം നന്മകളിൽ പദമൂന്നിയാൽ, അതിൽ പുരോഗമിച്ചുകൊണ്ടേയിരിക്കും. ഇന്ന് പെരുന്നാൾ ആഘോഷിച്ചതിനുശേഷം ഈ പള്ളിയിൽ തന്നെ എല്ലാമുപേക്ഷിച്ചുകൊണ്ട് റമളാന് മുമ്പേയുണ്ടായിരുന്ന അവസ്ഥയിൽ വീട്ടിലേക്ക് മടങ്ങിച്ചെല്ലുകയും റമളാൻമാസത്തിൽ നമ്മുടേതായി കണ്ട നന്മയുടെ ചുവടുകളിൽ അഭിവൃദ്ധിപ്പെടാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ഈ റമളാൻ നിഷ്ഫലമായിപ്പോയി. എന്നല്ല, ഈ പെരുന്നാളിലെ സന്തോഷവും, താൽക്കാലികവും ക്ഷണികവുമായിരിക്കും. കാരണം ഈ അവസ്ഥയിൽ കൊണ്ടാടുന്ന പെരുന്നാൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനുള്ളതല്ല. പ്രത്യുത, ഏതൊരു സമൂഹത്തിന്റെ ഇടയിലാണോ നാം ജീവിക്കുന്നത് അവർക്കു വിധേയരായിക്കൊണ്ടായിരിക്കും ഇതെല്ലാം നാം ആഘോഷിക്കുന്നത്. തന്നിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കുമെന്ന് പ്രതിജ്ഞ ചെയ്തിട്ടുള്ള ഒരഹ്മദിയുടെ ഓരോ കർമ്മത്തിന്റേയും ലക്ഷ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കണമെന്നതായിരിക്കും. ഇല്ലെങ്കിൽ അഹ്മദിയും അനഹ്മദിയും തമ്മിൽ ഒരു വ്യത്യാസവുമില്ല. അനഹ്മദി ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിട്ടില്ലാത്ത ആളാണ്. അയാൾ ഒരിക്കലും അല്ലാഹുവിനോട് പ്രതിജ്ഞയൊന്നും ചെയ്തിട്ടില്ല. അതുകൊണ്ട് അയാൾ 'പ്രതിജ്ഞാലംഘനം' എന്ന പാപത്തിൽനിന്ന് എന്തായാലും രക്ഷപ്പെട്ടിരിക്കുന്നു. പക്ഷേ, ശരിയായനിലയിൽ പ്രവർത്തിക്കാത്ത ഒരഹ്മദി ഇരട്ടിപാപങ്ങൾക്കിരയായിത്തീരുന്നു. ഒന്ന് പ്രതിജ്ഞ ലംഘിച്ച പാപം. ഒന്ന് അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാതെ അതിന് വിരുദ്ധം പ്രവർത്തിക്കുന്നതിന്റെ പാപം. അതുകൊണ്ട് നമ്മെ സംബന്ധിച്ചിടത്തോളം ഇത് ചിന്തിക്കേണ്ട വലിയ സ്ഥാനമാണ്. നമ്മുടെ പെരുന്നാൾ നാളിൽ നാം ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. ഇല്ലെങ്കിൽ ഈ പെരുന്നാൾ വെറും ആരവങ്ങളും കോലാഹലങ്ങളും കളിതമാശകളുമല്ലാതെ ഒന്നും ആയിരിക്കുകയില്ല.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി മുസ്ലിഹ് മൗഊദ്(റ) ഒരു ഉദാഹരണം നല്കിക്കൊണ്ട് പറയുന്നു. ഒരുമാസത്തെ നോമ്പുകൊണ്ട് നമുക്ക് അല്ലാഹുവിനെ കിട്ടിയെന്ന് ഈദുൽഫിത്വർ നമുക്ക് കാണിച്ചുതരണം എന്നതാണ് അടിസ്ഥാനതത്വം. അല്ലാഹുവിനെ കിട്ടിയാൽ നന്മകളിൽ പുരോഗതി ഉണ്ടാകണം. യഥാർത്ഥത്തിൽ അല്ലാഹുവിനെ കിട്ടാതെ അങ്ങനെയങ്ങ് വെറുതെ പെരുന്നാൾ ആഘോഷിക്കുകയാണെങ്കിൽ അത്തരക്കാരന്റെ ഉദാഹരണം ധനത്തിന്റേയും മുത്തിന്റേയും വില എന്തെന്നറിയാത്ത ഭ്രാന്തന്റേതാണ്. മിന്നിത്തിളങ്ങുന്ന അല്പം ചില കുപ്പിച്ചില്ലുകളും കല്ലുകളും പാറക്കഷണങ്ങളും കണ്ടിട്ട് യഥാർത്ഥ മുത്താണതെന്ന് അവൻ മനസ്സിലാക്കുന്നു. തനിക്കിത്ര ധനമുണ്ടെന്ന് കരുതി അവനതിൽ വളരെയേറെ സന്തോഷിക്കുകയും താൻ വലിയ ധനികനാണെന്ന് സ്വയമേവ ധരിക്കുകയും ചെയ്യുന്നു. അത്തരക്കാരും യഥാർത്ഥത്തിലുണ്ട്. അവർ ഭൗതികതയിൽ മാത്രം മുങ്ങിക്കിടക്കുന്നവരാണ്. ഭൗതികമുതൽ സമ്പാദിക്കുക എന്നത് മാത്രമാണ് അവരുടെ ഉദ്ദേശ്യം. അതുതന്നെയാണ് അവരുടെ ലക്ഷ്യം. പണമാണ് അവരുടെ ആരാധ്യവസ്തു. അത്തരക്കാരുടെ, മാനസികനില തകരാറിലാകുകയും വ്യവസായങ്ങളിൽ എന്തെങ്കിലും പ്രശ്നമുണ്ടാകുകയും ചെയ്യുമ്പോൾ ഒന്നുകിൽ അവർ ഹൃദയാഘാതത്താൽ മരിക്കുന്നു. ഇല്ലെങ്കിൽ

ഭ്രാന്തരായിത്തീരുന്നു. അവരുടെ മനസ്സുനിറയെ പണത്തിന്റെ സ്വാധീനമായിരിക്കും. അപ്പോൾ കാണുന്നതെല്ലാം പണമാണെന്ന് അവർ കരുതുന്നു. ഞാനോർക്കുന്നു. ഘാനയിലായിരുന്നപ്പോൾ മാനസികനില തെറ്റിയ ഒരു സാധുമനുഷ്യനെ കണ്ടു. സാമ്പത്തികനഷ്ടം കൊണ്ടാണ് അതുണ്ടായതെന്ന് വ്യക്തമായിരുന്നു. ഞങ്ങൾ ബാസാറിൽ പോകുമ്പോൾ അയാൾക്ക് പൈസ കൊടുക്കുമായിരുന്നു. പൈസ നീട്ടിക്കൊണ്ട് ഒരിക്കൽ അയാളെ വിളിച്ചപ്പോൾ അയാൾ പറഞ്ഞു: എനിക്കിനി പൈസയുടെ ആവശ്യമില്ല. എന്നുമാത്രമല്ല തന്റെ കൈയിൽ ഒരുപാട് പണമുണ്ടെന്ന് അയാൾ ആംഗ്യവും കാണിച്ചു. ആ പാവം എങ്ങനെയാണ് നോട്ടുകൾ അട്ടിവെച്ചിരുന്നത്? സിഗരറ്റിന്റെ പാക്കറ്റ് സെഡിയുടെ വലുപ്പത്തിൽ മുറിച്ച് അടുക്കിയടുക്കി പിടിച്ചിരിക്കുകയായിരുന്നു. അത് കാണിച്ചുകൊണ്ടാണ് തന്റെ കൈയിൽ ധാരാളം പണമുണ്ടെന്ന് അയാൾ പറഞ്ഞത്. സിഗരറ്റ് പാക്കറ്റുകളുടെ ആ കഷണങ്ങൾ കൈയിൽ വെച്ചുകൊണ്ട് താൻ വലിയ പണക്കാരനാണെന്ന് അയാൾ സ്വയം മനസ്സിലാക്കുകയും സന്തോഷിക്കുകയുമാണ്.

ഇത്തരം ആളുകളുടെ ഉദാഹരണം പറഞ്ഞുകൊണ്ട് ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അത്തരം ഭ്രാന്തന്മാർ തങ്ങളുടെ ആ അവസ്ഥയിൽ അതീവസന്തുഷ്ടരാണ്. എന്നാൽ, അവരുടെ സന്തോഷം യഥാർത്ഥ സന്തോഷമാണെന്ന് നമുക്ക് പറയാൻ പറ്റുകയില്ല. കാരണം അത് സിഗരറ്റ് പാക്കറ്റിന്റെ കഷണങ്ങളാണെന്ന് ഓരോരുത്തർക്കും അറിയാം. മുത്തുകളോ, രത്നങ്ങളോ അല്ല, മറിച്ച് അത് കുപ്പിച്ചില്ലുകളും കൽക്കഷണങ്ങളുമാണ്. പക്ഷേ, ബുദ്ധിമറഞ്ഞുപോയ മനുഷ്യൻ അതിൽ അങ്ങേയറ്റം സന്തോഷിക്കുന്നു. അതുകൊണ്ട് വെറുതെ സന്തോഷിക്കുക എന്നത് ബുദ്ധിമാന്റെ ജീവിതലക്ഷ്യമല്ല. എന്നല്ല, അവൻ യഥാർത്ഥ സന്തോഷത്തെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. യഥാർത്ഥ സന്തോഷം ലഭിക്കുന്നത് യഥാർത്ഥ സമ്പത്ത് പ്രാപിക്കുമ്പോഴാണ്. അല്ലാതെ കടലാസ് കഷണങ്ങളും കൽക്കഷണങ്ങളും ലഭിക്കുമ്പോഴല്ല.

നോമ്പിലൂടെ കടന്നുവന്ന സത്യവിശ്വാസി, താൻ ആഘോഷിക്കുന്ന പെരുന്നാൾ യഥാർത്ഥത്തിൽ പെരുന്നാൾ തന്നെയാണോയെന്ന് ചിന്തിച്ചുനോക്കേണ്ടതാണ്. ഈ പെരുന്നാൾ ദിനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സന്തോഷം, ദൈവസ്നേഹത്തിന്റെ കാഴ്ചകൾ ദർശിച്ചതുകൊണ്ടുണ്ടായതാണോ? റമളാനിൽ ഉണ്ടാക്കിയ പരിശുദ്ധമായ പരിവർത്തനംകൊണ്ട് അല്ലാഹുവുമായി ശരിയായ ബന്ധം ഉണ്ടായിട്ടുണ്ടോ? മുമ്പ് കടന്നുചെന്നിട്ടില്ലാത്ത നന്മകളുടെ പാതയിൽ ചുവടുകൾ വയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ? അങ്ങനെയൊക്കെയായിട്ടുണ്ടെങ്കിൽ ഈ പെരുന്നാൾ നിങ്ങളുടെ യഥാർത്ഥ പെരുന്നാളാണ്. അങ്ങനെ വരുമ്പോൾ ആ യഥാർത്ഥ ലക്ഷ്യസ്ഥാനത്തേക്ക് ഈ പെരുന്നാൾ നിങ്ങളെ കൊണ്ടുചെന്നെത്തിക്കുന്നതിന് ഒരു ആധാരശിലയായിത്തീരും. അടുത്ത റമളാനിലേക്കുള്ള യാത്ര ഒരു പുതിയ സ്ഥാനത്തേക്കുള്ള യാത്രയായിമാറും. ഓരോ ദിവസവും നന്മയിലേക്ക് പദമൂന്നുന്നവർ, അല്ലാഹുവിന്റെ തൃപ്തിയും കരസ്ഥമാക്കിക്കൊണ്ടിരിക്കും. കൂടുതൽ ആദ്ധ്യാത്മിക ഖജനാവുകൾ കരസ്ഥമാക്കുന്നതിനു വേണ്ടിയുള്ള യാത്രയായിരിക്കുമത്. എന്നാൽ, നന്മയിൽ മുന്നോട്ടുവയ്ക്കുന്ന ഒരു ചുവടും അല്ലാഹു പാഴാക്കുകയില്ല. ഓരോ ചുവട് മുന്നോട്ടു വയ്ക്കുമ്പോഴും ദൈവാനുഗ്രഹങ്ങളുടെ മഴ അവന്റെ മേൽ വർഷിച്ചുകൊണ്ടിരിക്കും. ഈ ചിന്താഗതിയോടുകൂടിയാണ് ഇന്ന് നാം പെരുന്നാളാഘോഷിക്കുന്നതെങ്കിൽ ലോകത്തിന്റെ മുഴുവൻ സന്തോഷങ്ങളും നമുക്ക് കിട്ടിയിരിക്കുന്നു. നമുക്ക് നമ്മുടെ അല്ലാഹുവിലേക്ക് ചുവടുവയ്ക്കുന്നതിനുള്ള ഇർഫാൻ-ദൈവികമായ അറിവ് ലഭിച്ചിരിക്കുന്നു. ദൈവികകല്പനകളുടെ മഅ്രിഫത്ത്- ഈശ്വരജ്ഞാനം നമുക്ക് കിട്ടിയിരിക്കുന്നു. അതുതന്നെയാണ് ഒരു സത്യവിശ്വാസിയുടെ ജീവിതത്തിന്റെ ലക്ഷ്യവും ഉദ്ദേശ്യവും. മുമ്പേതന്നെ നന്മകളിലൂടെ നടക്കാൻ ശ്രമിച്ചുപോന്ന നമ്മളിലെ ചിലർ ഈ റമളാനിൽ കൂടുതൽ നന്മകളുടെ വഴി അന്വേഷിച്ച് കണ്ടെത്തിയിട്ടുണ്ടെങ്കിൽ, ഇന്ന് അവർ യഥാർത്ഥ പെരുന്നാളാഘോഷിക്കാൻ അർഹരാണ്. ഈ റമളാനിൽ ചിലർ തങ്ങളുടെ ദോഷങ്ങൾ ഉപേക്ഷിച്ചുകൊണ്ട് നന്മയിലേക്ക് പദമൂന്നിയിട്ടുണ്ടെങ്കിൽ അവർ യഥാർത്ഥ സന്തോഷം ആഘോഷിക്കാനർഹരാണ്. ഇന്ന് നമ്മുടെ അല്ലാഹു നന്മകളെക്കുറിച്ച് വളരെ സന്തോഷവനാണ്. തന്റെ ദാസൻ തന്നിലേക്ക് വരികയും തനിക്കുവേണ്ടി ചില തിന്മകൾ ഉപേക്ഷിച്ചുകൊണ്ട് നന്മകൾ സ്വീകരിക്കുകയും തന്റെ കല്പനയനുസരിച്ച് സ്നേഹിതന്മാരോടും, മക്കളോടും ബന്ധുക്കളോടും നാട്ടുകാരോടുമൊത്ത് തന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുകയും ചെയ്യുകയാണെന്ന് അല്ലാഹു പറയുന്നു. അങ്ങനെ വരുമ്പോൾ അല്ലാഹുവും നമ്മുടെ ഈ സന്തോഷത്തിൽ പങ്കുചേരുന്നു.

നബി(സ) തിരുമേനി പറഞ്ഞു: സാധനങ്ങൾ കയറ്റിയ ഒട്ടകം മരുഭൂമിയിൽ കാണാതാവുകയും ആ മരുഭൂമിയിൽനിന്ന് രക്ഷപ്പെടാൻ തന്റെ പക്കൽ ഒരു മാർഗ്ഗവും ഇല്ലാതിരിക്കുകയും ആ ചിന്തയിൽ വിഷമിച്ച് അങ്ങോട്ടും ഇങ്ങോട്ടും ഓടിനടക്കുകയും എല്ലാ തിരച്ചിലിനുമൊടുവിൽ നിരാശനായി അങ്ങേയറ്റം ക്ഷീണിച്ച് ഒരു മരത്തിന്റെ തണലിൽ കിടന്ന് ഉറങ്ങുകയും ചെയ്യുന്ന ഒരു മനുഷ്യന് ഉണരുമ്പോൾ തന്റെയടുത്ത് നില്ക്കുന്ന സ്വന്തം ഒട്ടകത്തെ കാണുമ്പോൾ ഉണ്ടാകുന്ന സന്തോഷത്തെക്കാൾ കൂടുതൽ സന്തോഷം തന്റെ ദാസൻ തന്നിലേക്ക് പശ്ചാത്തപിച്ചു മടങ്ങു

മ്പോൾ അല്ലാഹുവിനുണ്ടാകുന്നു. യഥാർത്ഥസ ന്തോഷം നമുക്ക് കിട്ടുന്നത് നമ്മുടെ അല്ലാഹുവും നമ്മോടൊപ്പം സന്തോഷിക്കുന്ന നാളിലാണ്. അതു കൊണ്ട് യഥാർത്ഥ പെരുന്നാൾദിവസം എന്നു പറയു ന്നത് മനുഷ്യൻ ആത്മാർത്ഥമായി അല്ലാഹുവിലേക്ക് കുതിക്കുകയും അവന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന നാളാണെന്ന് ഓർമ്മിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എല്ലാ വരും ഓർമ്മിച്ചുകൊള്ളുക. അല്ലാഹു ഇസ്ലാമിൽ ഒരുദിവസം നിശ്ചയിച്ചിട്ടുണ്ട്. ആ ദിവസം അത്യന്തം സന്തോഷത്തിന്റെ ദിവസമായി മനസ്സിലാക്കപ്പെടുന്നു. അത്ഭുതകരമായ അനുഗ്രഹങ്ങളാണ് അല്ലാഹു അതിൽ വെച്ചിട്ടുള്ളത്. ആ പറഞ്ഞ ദിവസത്തിനു പുറ മെയുള്ള ഒരു ദിവസമാണ് ജുമുഅ. വലിയ അനുഗൃ ഹീതദിവസമാണത്. ഹദ്റത്ത് ആദം(അ)നെ സൃഷ്ടി ച്ചത് ജുമുഅ ദിവസമായിരുന്നുവെന്ന് എഴുതിയിരിക്കു ന്നു. ആ മഹാത്മാവിന്റെ തൗബ സ്വീകരിക്കപ്പെട്ടതും ആ ദിവസം തന്നെയാണ്. മറ്റ് ഒത്തിരി അനുഗ്രഹ ങ്ങളും സവിശേഷങ്ങളും ആ ദിവസത്തിനുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. ആ ദിവസവും അത്ഭുതാവ ഹങ്ങളായ അനുഗ്രഹവും സന്തോഷവും ഉൾക്കൊ ള്ളുന്നതാണെന്നതിൽ സംശയമില്ല. പക്ഷേ, ഒരുദി വസം ഇതിനേക്കാളൊക്കെ അനുഗൃഹീതവും സന്തോ ഷമയവുമായിട്ടുണ്ട്. വ്യസനകരമെന്നു പറയട്ടെ, ജന ങ്ങൾ ആ ദിവസത്തെ പ്രതീക്ഷിച്ചിരിക്കുന്നില്ല. അതി നെയൊട്ട് അന്വേഷിക്കുന്നുമില്ല. ഈ ദിനത്തിലെ അനു ഗ്രഹങ്ങളെക്കുറിച്ചും സവിശേഷതകളെക്കുറിച്ചും ജന ങ്ങൾ അറിയുകയോ അതിലേക്ക് ഗൗനിക്കുകയോ ചെയ്തിരുന്നെങ്കിൽ യഥാർത്ഥത്തിൽ, ആ ദിവസം അവർക്ക് അങ്ങേയറ്റം അനുഗൃഹീതവും സന്തോഷ മുളവാക്കുന്നതുമായിത്തീരുമായിരുന്നു. അതിനെ നല്ല നേരമായി ജനങ്ങൾ മനസ്സിലാക്കുമായിരുന്നു. ഏതാണ് ആ ദിവസം? ജുമുആയെക്കാളും പെരുന്നാളിനേ ക്കാളും ശ്രേഷ്ഠമായ ആ ദിവസം ഏതാണ്? ഞാൻ നിങ്ങൾക്കത് പറഞ്ഞുതരാം. ആ ദിവസം മനുഷ്യൻ തൗബ ചെയ്ത് മടങ്ങുന്ന ദിവസമാണ്. എല്ലാ ദിനങ്ങ ളെക്കാളും ശ്രേഷ്ഠതരവും എല്ലാ പെരുന്നാളിനെ ക്കാളും മഹത്തരവുമാണ് ആ ദിവസം. അതെന്തു കൊണ്ടാണ്? മനുഷ്യനെ നരകത്തിന്റെയടുത്തേക്ക് കൊണ്ടുപോകുന്ന അവന്റെ ദുഷ്ക്കർമ്മത്തിന്റെ പുസ്തകം, അതായത് ഉള്ളിന്റെയുള്ളിൽ ദൈവകോ പത്തിനു കീഴിൽ ഉറങ്ങിക്കിടന്നിരുന്ന ആ ദുഷ്കർമ്മ ങ്ങൾ കഴുകി വൃത്തിയാക്കപ്പെടുന്നു. അവന്റെ പാപം പൊറുക്കപ്പെടുന്നു. യഥാർത്ഥ മനുഷ്യന് അതിനെക്കാ ളുപരി എന്തു സന്തോഷമാണ് വേണ്ടത്? നരക ത്തിൽനിന്നും ദൈവകോപത്തിൽനിന്നും മോക്ഷം നല്കുന്ന ആ നാളിനേക്കാൾ വലിയ പെരുന്നാൾ ഏതാണ്? മുമ്പേ അല്ലാഹുവിൽനിന്ന് അകലുകയും അവന്റെ കോപത്തിന് ലക്ഷ്യസ്ഥാനമായി നീങ്ങു കയും ചെയ്തവൻ, ഇപ്പോൾ അവന്റെ സ്നേഹത്തിന് അടുത്താകുകയും നരകശിക്ഷയിൽനിന്നും അകലു കയും ചെയ്തിരിക്കുന്നു.

***ഇന്നല്ലാഹ യുഹിബ്ബു തവ്വാബീന വ യുഹിബ്ബുൽ മുത്തത്വഹ്ഹിരീൻ*** എന്ന് അല്ലാഹു പറഞ്ഞതുപോ ലെ അല്ലാഹു പശ്ചാത്തപിച്ചുമടങ്ങുന്നവനെ മിത്രമാ ക്കുകയും പരിശുദ്ധി ഇഷ്ടപ്പെടുന്നവരെ സ്നേഹിക്കു കയും ചെയ്യുന്നു. ഈ വചനത്തിൽ തൗബ ചെയ്യുന്ന വരെ അല്ലാഹു തന്റെ ഇഷ്ടദാസനാക്കുന്നുവെന്നു മാത്രമല്ല, മറിച്ച്, യഥാർത്ഥ തൗബയോടൊപ്പം യഥാർത്ഥ പരിശുദ്ധിയും പവിത്രതയും നിബന്ധനയാ ണെന്നും മനസ്സിലാകുന്നു. എല്ലാത്തരം അഴുക്കുക ളിൽനിന്നും മാലിന്യങ്ങളിൽനിന്നും അകലേണ്ടത് തൗബയ്ക്ക് നിബന്ധനയാണ്. നാമമാത്ര തൗബയും വാക്കുകളുടെ ആവർത്തനവുംകൊണ്ട് ഒരു ഫലവു മില്ല. മനുഷ്യൻ തന്റെ ദുഷ്ചെയ്തികളിൽനിന്ന് തൗബ ചെയ്ത് അല്ലാഹുവിനോട് സത്യമായ ഉടമ്പടി ചെയ്യു കയും, അവന്റെ കല്പനകൾ പാലിക്കാൻ തലകുനി ക്കുകയും ചെയ്യുമ്പോൾ, അവന്റെ ദുഷ്ക്കർമ്മത്തിന്റെ ഫലമായി അവനറിയാതെ അവന്റെ അകത്ത് രൂപം കൊണ്ടിരിക്കുന്ന ശിക്ഷയിൽനിന്ന് രക്ഷപ്പെടുമെ ന്നുള്ള കാര്യത്തിൽ സംശയിക്കാനെന്തിരിക്കുന്നു. അങ്ങനെ പ്രതീക്ഷിക്കാത്ത കാര്യങ്ങൾ അവൻ പ്രാപി ക്കുകയും ചെയ്യുന്നു.

ഈ ചിന്താഗതിയോടെയാണ് നാം ഈദാഘോഷി ക്കേണ്ടത്. ഈ റമളാനിൽ ഒരുപാട് തിന്മകളിൽനിന്ന് രക്ഷപ്പെട്ടും സൽക്കർമ്മങ്ങൾ സ്വായത്തമാക്കിയും കൊണ്ട് അല്ലാഹുവിലേക്ക് ആത്മാർത്ഥമായി കുനിഞ്ഞ ആ ദിവസം തന്നെയാണ് ഈ ഈദിന്റെ ദിവസമെന്ന തിരിച്ചറിവുണ്ടാകണം. കാരണം അല്ലാ ഹുവിന്റെ അഭയത്തിൽ വരാനുള്ള പരിശ്രമംകൊണ്ട്, ഇന്ന് ആ സന്തോഷം എല്ലാവരോടുമൊപ്പം മനുഷ്യൻ ആഘോഷിക്കുകയാണ്. തൗബയ്ക്കുശേഷം ദൈവ സ്നേഹത്തിന്റെ തീപ്പൊരി അല്പമായിട്ടെങ്കിലും ആർക്കെങ്കിലും കിട്ടിയിട്ടുണ്ടെങ്കിൽ ഇൻശാഅല്ലാഹ് അത് വലിയ പ്രകാശമുള്ളതായിത്തീരുന്നതാണ്. അത്തരം വ്യക്തിയുടെ ഓരോ പ്രവൃത്തിയും പതു ക്കപ്പതുക്കെ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കു ന്നതിനുവേണ്ടിയുള്ളതായിത്തീരും. അതിൽനിന്ന് അവന്റെ ഭാര്യാമക്കളും സുഹൃത്തുക്കളും സഹോദ രങ്ങളും പരിസരവാസികളും ഫലമെടുക്കും. ഇങ്ങനെ തന്റെ സമൂഹത്തിൽ അവൻ അല്ലാഹുവിന്റെ സത്യ വാനായ ദാസന് മാതൃകയായിത്തീരും. ഈ വെളിച്ച ത്തിൽനിന്ന്, വെളിച്ചം പ്രവഹിച്ചുകൊണ്ടിരിക്കും. ഇപ്പോൾ പൗരസ്ത്യ പാശ്ചാത്യ നാടുകളിലെല്ലാം തിന്മ കൾ ഒരുപോലെ പരന്നിരിക്കുകയാണ്. ഇത്തരം ഘട്ട ത്തിൽ നമ്മുടെ മക്കളുടെ ഉന്നമനത്തിനും അവരെ

അല്ലാഹുവിന്റെ പ്രകാശത്തിൽ ഭാഗഭാക്കാക്കിയും, തിന്മകളിൽനിന്ന് രക്ഷിച്ചും അല്ലാഹുവിന്റെ തൃപ്തിയുടെ വഴിയിൽ എടുത്തിടുന്നവരായിത്തീരാൻ പരിശ്രമിക്കേണ്ടതാണ്. അതിന്നുള്ള ഒരേയൊരു ചികിത്സ നമ്മുടെ ഉള്ളിൽ പരിവർത്തനം ഉണ്ടാക്കുക എന്നതു മാത്രമാണ്.

ഈ നാടുകളിൽ മാതാപിതാക്കൾക്ക് തങ്ങളുടെ മക്കളെക്കുറിച്ച് വലിയ ആശങ്കയാണ്. അതിൽനിന്ന് അവർ മോചിതരാകും. അല്ലാഹു നമ്മുടെ ഉള്ളിൽ സൃഷ്ടിച്ചിരിക്കുന്ന തന്റെ സ്നേഹത്തിന്റെ തീപ്പൊരി, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ജ്വാലകളായി രൂപംപ്രാപിക്കും. ദൈവസ്നേഹത്തിന്റെ ചൂടും ദൈവികപ്രകാശവും അതിലുണ്ടാകും. ഈ വെളിച്ചത്തിന്റേയും ചൂടിന്റേയും പരമ്പര വ്യാപിച്ചു കൊണ്ടേപോകും. നമ്മുടെ മക്കൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിൽ പരിശ്രമിക്കുന്നവരായി കണ്ടുകൊണ്ട് ഇവിടെനിന്നും യാത്രയാകുന്നതിലായിരിക്കും നമ്മുടെ എല്ലാ സന്തോഷവും. ഇതാണ് യഥാർത്ഥ പെരുന്നാൾ. ഇത് ആഘോഷിക്കാനാണ് ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടത്. ഇതിനായി അല്ലാഹു പറഞ്ഞ വഴിയിലൂടെ നടക്കുകയും അധ്വാനിക്കുകയും ചെയ്യേണ്ടതാണ്. ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ, അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിറവേറ്റാനും ശ്രദ്ധിക്കേണ്ടതാണ്. അതിനുള്ള വഴിയും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ആരാധനയെക്കുറിച്ച് പറഞ്ഞു. ***അഖീമുസ്സലാത്ത്***. നമസ്കാരം നിലനിർത്തുക. അതിൽ നല്ലവണ്ണം താൽപര്യം ഉണ്ടാക്കാൻ റമളാനിൽ പ്രവർത്തിക്കുകയും, പള്ളിയിൽ വരികയും തറാവീഹ്, തഹജ്ജുദ് തുടങ്ങിയ നഫ്ലുകൾ നമസ്കരിക്കുകയും ചെയ്തതുപോലെ, അത് തുടർന്നുകൊണ്ടേപോകുക.

പിന്നീട് പറഞ്ഞത് ധനത്യാഗമാണ്. നിങ്ങൾ സ്നേഹിക്കുന്ന ധനം, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുക. ചന്ദ കൊടുക്കുക. സക്കാത്ത് കൊടുക്കുക. കഴിവുണ്ടെങ്കിൽ, തടസ്സമൊന്നുമില്ലെങ്കിൽ ഹജ്ജ് ചെയ്യുക. ഇതെല്ലാം ആരാധനകളാണ്. റമളാനിൽ ഈ ആരാധനാകർമ്മങ്ങളിലുണ്ടായ പരിശ്രമവും, അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിലുണ്ടായ ശ്രദ്ധയും തുടർന്നുകൊണ്ടേപോകുക. ഈ പെരുന്നാളിന്റെ സന്തോഷം അനശ്വരവും തലമുറതലമുറ കൈമാറി പോകുന്നതുമായ സന്തോഷമായിത്തീരട്ടെ. സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിലേക്കും ശ്രദ്ധിക്കുക. ചീത്ത പറയുന്നവർക്കും കളിയാക്കുന്നവർക്കും നിങ്ങൾ റമളാനിൽ കൊടുത്ത മറുപടി ***ഇന്നീ സായിമുൻ*** എന്നാണ്. ഞാൻ നോമ്പുകാരനാണ്. ഈ നിരർത്ഥകമായ കാര്യങ്ങൾക്ക് മറുപടി തരാൻ എനിക്ക് പറ്റുകയില്ല. നോമ്പു നഷ്ടപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നില്ല. റമളാനുശേഷവും ഈ നന്മയിൽ നിലകൊള്ളേണ്ടതാണ്.

ബന്ധുമിത്രാദികളോടുള്ള വൈരാഗ്യവും, മറ്റുള്ളവരോടുള്ള വെറുപ്പും എല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്തിനുള്ള നന്ദി എന്ന നിലയിൽ അകറ്റി നല്ലതാക്കിത്തീർക്കുക. ദരിദ്രരേയും വിധവകളേയും യത്തീമുകളേയും സഹായിക്കുക. സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കുക. പരസ്പരമുള്ള ബന്ധങ്ങൾ പരിശുദ്ധമാക്കിത്തീർക്കുക.

ഇക്കാലത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പരാതികൾ ലഭിക്കുന്നുണ്ട്. ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധവും അമ്മായിഅമ്മയും മരുമക്കളും തമ്മിലുള്ള ബന്ധവും വഷളായിക്കൊണ്ടിരിക്കുന്നു. അതെല്ലാം നന്നാക്കിത്തീർക്കാൻ ഓരോരുത്തരും ശ്രമിക്കുക. വീടുകളിൽ സന്തോഷമുണ്ടാകുമ്പോഴാണ് യഥാർത്ഥ പെരുന്നാൾ ആഘോഷിക്കാൻ കഴിയുന്നത്. പഞ്ചാബിഭാഷയിലുള്ള ഒരു ചൊല്ല് ഓർമ്മവരുന്നു.

**ന്യൂനെ ഹുൻദി ചങ്കിത്തെ തീനെ ഗുന്തി വന്തി.** അതായത് മരുമകൾ ഒരിക്കലും നല്ലവളായിരിക്കുകയില്ല. മകൾ ഒരിക്കലും ചീത്തയായിരിക്കുകയില്ല. (തൻ കുഞ്ഞ് പൊൻകുഞ്ഞ്) മരുമകളേയും സ്വന്തം മകളുടെ സ്ഥാനത്ത് കണ്ടാൽ ഒരുപാട് കലഹം ഒഴിവാക്കാൻ കഴിയും. അഹ്മദി അമ്മായിഅമ്മമാരെ അല്ലാഹു അങ്ങനെ ആക്കാതിരിക്കട്ടെ.

ഇക്കാലത്ത് വൈവാഹിക ബന്ധങ്ങൾ തകരുന്നു. അല്ലെങ്കിൽ വിള്ളലുകൾ ഉണ്ടാകുന്നു. ഞാൻ പരിശോധിച്ചുനോക്കുമ്പോൾ, മാതാപിതാക്കൾക്കും ഇതിൽ ഒരുപാട് ബന്ധമുള്ളതായി കാണുന്നുണ്ട്.

നിങ്ങളുടെ വീടുകൾക്ക് യഥാർത്ഥ സന്തോഷം കൊടുക്കാനും, സത്യസന്ധമായ സന്തോഷംകൊണ്ട് അവയെ നിറയ്ക്കാനും, യഥാർത്ഥ പെരുന്നാൾ ആഘോഷിക്കാനും നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ അല്ലാഹു പറഞ്ഞ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുക. അപ്പോഴാണ് ഈ തൗബ- പശ്ചാത്താപം അനശ്വരമായ പശ്ചാത്താപമായിത്തീരുന്നത്. ദൈവസ്നേഹത്തിന്റെ തീപ്പൊരി, പ്രകാശമയമായ ജ്വാലയുടെ രൂപം പ്രാപിക്കുന്നത്. ബന്ധുമിത്രാദികൾ അപ്പോൾ നിങ്ങളിൽനിന്ന് അനുഗ്രഹം തേടുന്നവരായിരിക്കും. അയൽവാസികളും നിങ്ങളുടെ ഗുണഗണങ്ങൾ പാടുന്നവരായിത്തീരും. ജനങ്ങളോടുള്ള സൽപെരുമാറ്റവും വിശാലബന്ധവും നിങ്ങളെ ഒരു മാതൃകയാക്കിത്തീർക്കും. നിങ്ങളിൽ തെളിയുന്ന സത്യസന്ധതയുടെ സൗന്ദര്യം നിങ്ങളെ ജനങ്ങളുടെ പ്രിയരാക്കി മാറ്റും. ഈ പെരുന്നാൾ, നമ്മുടെയുള്ളിൽ സമൂലമായ പരിവർത്തനം സൃഷ്ടിക്കുന്ന യഥാർത്ഥ പെരുന്നാളായിത്തീരട്ടെ. നാം അല്ലാഹുവിന്റെ സ്നേഹവും അവന്റെ സന്തോഷവും ആർജ്ജിക്കുന്നവരായിത്തീരട്ടെ. ആമീൻ. ●

ലേഖനം

*ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ്(റ)*

# അല്ലാഹുവിന്റെ മലക്കുകൾ

മലക്കുകളെ അല്ലാഹുതആല ഈമാൻ കാര്യങ്ങളിൽപ്പെടുത്തിയിരിക്കുന്നു. ഇസ്‌ലാമിക വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ മലക്കുകളിൽ വിശ്വസിക്കാത്തവൻ, ദൈവികഗ്രന്ഥങ്ങളിലും ദൈവദൂതന്മാരിലും പുനരുത്ഥാനനാളിലും വിശ്വസിച്ചാലും മുസ്‌ലിമാകുകയില്ല. അവൻ അവിശ്വാസി തന്നെയായിരിക്കും. നബി (സ) തിരുമേനിയെ നിഷേധിക്കുന്നവൻ കാഫിറാകുന്നതുപോലെ ജിബ്രീലിനെ നിഷേധിക്കുന്നവനും കാഫിർ ആയിരിക്കും. അല്ലാഹുവിന്റെ ഗ്രന്ഥങ്ങളെ നിഷേധിക്കുന്നവൻ കാഫിറാകുന്നതുപോലെ മലക്കുകളെ നിഷേധിക്കുന്നവനും കാഫിറായിരിക്കും. പുനരുത്ഥാനനാളിനെ വിശ്വസിക്കാത്തവൻ കാഫിറാകുന്നതുപോലെ മലക്കുകളെ വിശ്വസിക്കാത്തവനും കാഫിർ ആയിരിക്കും. എന്നാൽ, വ്യസനകരമെന്ന് പറയട്ടെ! മുസ്‌ലിംകൾ മലക്കുകളിലേക്ക് വളരെ കുറച്ചേ ശ്രദ്ധിച്ചിട്ടുള്ളൂ. മലക്കുകൾ എന്താണ്? അവരിൽ എന്തിന് വിശ്വസിപ്പിച്ചിരിക്കുന്നു? അവരെ വിശ്വസിക്കുന്നതുകൊണ്ടുള്ള നേട്ടമെന്താണ്? അതവർക്കറിയുകയില്ല.

നബി(സ) തിരുമേനിയേയും വിശുദ്ധഖുർആനേയും വിശ്വസിക്കുമ്പോൾ സൽക്കാര്യങ്ങൾ ചെയ്യാൻ മാർഗ്ഗദർശനം ലഭിക്കുന്നു. അതനുസരിച്ച് പ്രവർത്തിച്ച് മനുഷ്യന് ആത്മീയമായ ഉന്നതപദവികൾ കരസ്ഥമാക്കാൻ കഴിയുന്നു. പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നതുകൊണ്ടുള്ള നേട്ടം, മനുഷ്യൻ ഭയന്നുവിറച്ച് പാപങ്ങൾ ഉപേക്ഷിക്കുകയും സൽക്കർമ്മം ചെയ്യുകയും ചെയ്യുന്നു എന്നതാണ്. കാരണം, പുനരുത്ഥാനനാളിൽ ദുഷ്പ്രവൃത്തിക്ക് ശിക്ഷ കിട്ടുമെന്നും സൽപ്രവൃത്തിക്ക് സമ്മാനം കിട്ടുമെന്നും അവനറിയാം. അല്ലാഹുവിനെ വിശ്വസിക്കുന്നതുകൊണ്ടും നേട്ടമുണ്ട്. അതായത് അല്ലാഹു ഉപജീവനം നല്കുന്നവനാണ്. സൃഷ്ടികർത്താവാണ്. കരുണാമയനാണ്. ഉദാരനാണ്. അവനിൽ വിശ്വസിച്ച് അവന്റെ ഈ സവിശേഷഗുണങ്ങളിൽനിന്ന് ഫലമെടുക്കാവുന്നതാണ്. എന്നാൽ, നമ്മൾ വിശ്വസിക്കേണ്ട ആ മലക്കുകൾ ആരാണ്? അവരെ വിശ്വസിക്കുന്നതുകൊണ്ടുള്ള നേട്ടമെന്താണ്?

**മലക്കുകളെക്കുറിച്ച് പൊതുവെയുള്ള വിശ്വാസം**

മലക്കുകളെ സംബന്ധിച്ച് സാധാരണനിലയിൽ ജനങ്ങൾക്കുള്ള വിശ്വാസത്തെക്കുറിച്ച് ചിന്തിക്കുക. ആ വിശ്വാസം ഇല്ലെങ്കിൽ അവരിൽ എന്ത് കുറവ് വരാനാണ്? ഓരോരുത്തരും ചിന്തിക്കുക. മുഹമ്മദ് (സ)നെക്കുറിച്ച് അവിടന്ന് ദൈവദൂതനല്ലെന്ന് പറഞ്ഞാൽ, അവിടത്തെ അദ്ധ്യാപനം അതോടെ അവനിൽനിന്ന് പൊയ്പോകും. ഖുർആനെ സംബന്ധിച്ച് അത് ദൈവഗ്രന്ഥമല്ലെന്ന് പറഞ്ഞാൽ, അതിന്റെ പാഠത്തിന് മറുപടി നല്കേണ്ടിവരും. എന്നാൽ, മലക്കുകൾ ഇല്ലെന്ന് പറഞ്ഞാൽ എന്തു നഷ്ടമുണ്ടാകാനാണ്?

മലക്കുകളെ സംബന്ധിച്ച് ജനങ്ങൾക്കുള്ള വിശ്വാസം നോക്കിയാൽ 99% ആളുകളിലും അത് വളരെ കുറവാണെന്ന് കാണാം. എത്രത്തോളമെന്നാൽ, അവരെ നിരസിച്ചാൽ അവരുടെ നിലവിലുള്ള വിശ്വാസത്തിൽ ഒരു കുറവും വരികയില്ല. വിശ്വസിക്കുന്നതുകൊണ്ട് ഒട്ടും വർദ്ധനവും ഉണ്ടാകുകയില്ല. വാസ്തവത്തിൽ എല്ലാ ഓരോ വിശ്വാസപരമായ കാര്യങ്ങളും വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ടുള്ള നേട്ടവും വളരെ വലുതാണ്. അതിനെ ഉപേക്ഷിക്കുന്നത് കൊണ്ടുള്ള നഷ്ടവും വളരെ വലുതാണ്.

ഇന്നകാര്യം ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്നതുകൊണ്ടുമാത്രം കാര്യമില്ല. അങ്ങനെവരുമ്പോൾ വിശ്വസിക്കുന്നതുകൊണ്ട് എന്തെങ്കിലും നേട്ടമോ നിഷേധിക്കുന്നതുകൊണ്ട് എന്തെങ്കിലും കോട്ടമോ ഉണ്ടാകുകയില്ല. കാരണം അങ്ങനെ നാം ഹിമാലയപർവ്വതത്തിലും വിശ്വസിക്കുന്നുണ്ട്. പക്ഷേ, ഹിമാലയത്തിൽ വിശ്വസിക്കുന്നതുകൊണ്ട് ഒരു നേട്ടവുമില്ല. അതിനെ നിഷേധിക്കുന്നതുകൊണ്ട് നഷ്ടവുമില്ല. അതുകൊണ്ട് തന്നെ അതിനെ വിശ്വാസകാര്യങ്ങളിൽ ഉൾപ്പെടുത്തിയില്ല. എന്നാൽ, മലക്കുകളിൽ വിശ്വസിക്കുക എന്നത് വിശ്വാസകാര്യങ്ങളിൽപ്പെട്ടതാണ്. അതിനാൽ അവരിൽ വിശ്വസിക്കുന്നതുകൊണ്ട് നിർബന്ധമായും വലിയ നേട്ടം ഉണ്ടാകേണ്ടതാണ്; വിശ്വസിക്കാത്തതുകൊണ്ട് നഷ്ടവും ഉണ്ടാകേണ്ടതാണ്.

**മലക്കുകളിൽ എന്തിന് വിശ്വസിക്കണം?**

മലക്കുകളിൽ എന്തിന് വിശ്വസിക്കണം എന്നത് അങ്ങേയറ്റം പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. അവർക്ക് നമ്മളുമായിട്ടുള്ള ബന്ധം എന്താണ്? അവരിൽനിന്ന് നമുക്ക് എന്തു നേട്ടമാണുണ്ടാകുന്നത്? അവരെക്കൊണ്ട് നമുക്ക് നേട്ടമൊന്നുമില്ലെങ്കിൽപിന്നെ അവരെ വിശ്വസിക്കേണ്ട ആവശ്യമെന്താണ്? നബി (സ) തിരുമേനിയുടെമേൽ മലക്കുകൾ വചനം കൊണ്ടുവന്നു. അതുകൊണ്ട് അവരിൽ വിശ്വസിക്കണമെന്ന് ആരെങ്കിലും പറഞ്ഞാൽ, അതിന് നമുക്ക് അവരുമായിട്ടെന്തു ബന്ധം എന്നു ചോദിക്കാനിടയുണ്ട്. അവർ മുഖേന വെളിപാടുണ്ടാകുന്നത് നമുക്ക് മനസ്സിലാകുന്നില്ലെങ്കിൽ നമ്മുടെ വിശ്വാസത്തിലും നമ്മുടെ കർമ്മങ്ങളിലും എന്ത് കുറവ് വരാനാണ്? ഇനി അല്ലാഹു തന്റെ വചനം മധ്യവർത്തിയില്ലാതെ നബി(സ) തിരുമേനിയുടെ ഹൃദയത്തിൽ ഇറക്കുകയായിരുന്നുവെന്ന് സങ്കല്പിച്ചാൽത്തന്നെ, അതുകൊണ്ട് എന്തു സംഭവിക്കാനാണ്? അതുമുഖേന വിശുദ്ധഖുർആനിൽ ഒരു

കുറവും വരികയില്ല. പിന്നെന്തിനാണ് നമ്മളെക്കൊണ്ട് മലക്കുകളുടെ അസ്തിത്വത്തെ വിശ്വസിപ്പിക്കുന്നത്? എന്തിനാണ് വിശ്വസിച്ചില്ലെങ്കിൽ അവിശ്വാസിയായിപ്പോകുമെന്ന് പറഞ്ഞത്? ഇത്രമാത്രം സമ്മർദ്ദം ചെലുത്തി വിശ്വസിപ്പിക്കേണ്ട ആവശ്യമെന്താണ്?

ഇത്തരം ചിന്താഗതി കാരണത്താൽ ഈ വിഷയം പ്രയാസമുള്ളതാണ്. ഒരുപാടാളുകൾക്ക് ഈ വിഷയം അർത്ഥശൂന്യമായേക്കാം. അവരുടെ ശ്രദ്ധ ഇതിലേക്ക് ഇല്ലാതെയുമിരിക്കാം. കാരണം മലക്കുകൾ കാണാൻ കഴിയുന്ന വസ്തുവല്ല. അവരുമായി എന്തെങ്കിലും ബന്ധമുണ്ടെന്ന് പ്രത്യക്ഷത്തിൽ മനസ്സിലാകുകയുമില്ല. ദൈവവിധി എന്ന വിഷയവും പ്രയാസമുള്ളതായിരുന്നു. എന്നാൽ, മനുഷ്യന് ശിക്ഷയിൽ നിന്ന് രക്ഷപ്പെടാനാവാത്തവിധം അല്ലാഹു വിധി മുഖേന ആർക്കും ശിക്ഷ നിശ്ചയിച്ചിട്ടില്ലെന്ന് പറഞ്ഞപ്പോൾ വിധിയെ സംബന്ധിച്ച് പൊതുവെ പ്രചരിച്ചിരുന്ന ചിന്താഗതികൊണ്ട് അതൊരു ഭാരമായി കണ്ടിരുന്ന കാരണത്താൽ ആളുകളുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് പതിയുകയും ശ്രദ്ധയോടുകൂടി കേൾക്കുകയും ചെയ്തിരുന്നു. എന്നാൽ, മലക്കുകളെ അന്യവസ്തുവായിട്ടാണ് മനസ്സിലാക്കുന്നത്. അവരുടെ ആവശ്യമുണ്ടെന്നും മനസ്സിലാക്കുന്നില്ല. അതുകൊണ്ട് ശ്രദ്ധ ഉണ്ടായില്ലെന്ന് വരാം.

പൊതുവെ എഴുത്തുകാരും മലക്കുകളെ സംബന്ധിച്ച് ഒന്നും എഴുതിയിട്ടില്ല. എന്താണ് മലക്കുകളുടെ അവസ്ഥ എന്ന് അവർക്ക് മനസ്സിലായിട്ടേയില്ല. വാസ്തവത്തിൽ മലക്കുകളെക്കൊണ്ട് മനുഷ്യനുണ്ടാകുന്ന നേട്ടങ്ങളെ സംബന്ധിച്ച് അറിഞ്ഞിരുന്നെങ്കിൽ ജനങ്ങൾ ഇരിക്കപ്പൊറുതിയില്ലാതെ അവരെക്കുറിച്ച് പറഞ്ഞിട്ടുള്ള ഗ്രന്ഥങ്ങൾ വായിക്കുമായിരുന്നു. സൂഫികൾ അവരെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അവരുടെ ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുമുണ്ട്. എങ്കിലും വളരെ കുറച്ചേ പ്രതിപാദിച്ചിട്ടുള്ളൂ. നബി(സ) തിരുമേനിക്കു ശേഷം ആരെങ്കിലും ഏറ്റവും കൂടുതൽ അവരെക്കുറിച്ച് വിവരിച്ചിട്ടുണ്ടെങ്കിൽ, അത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആണ്. അവിടന്ന് അവരുടെ മറഞ്ഞിരുന്ന യഥാർത്ഥ അവസ്ഥ വിവരിച്ചു. നബി(സ) തിരുമേനിയ്ക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)നുമിടയിൽ ആരുംതന്നെ ഇത്ര വിശദമായി വിവരിച്ചിട്ടില്ല. വിശുദ്ധഖുർആൻ അവരുടെ യഥാർത്ഥ സ്ഥിതി വിവരിച്ചിട്ടുണ്ട്. അല്ലെങ്കിൽ നബി(സ) തിരുമേനിയുടെ വചനങ്ങളിൽ അവരെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. സൂഫികളുടെ ഗ്രന്ഥങ്ങളിലും അവരെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. പക്ഷേ, വളരെ കുറച്ച്. മറ്റുള്ള എഴുത്തുകാർ അവരെക്കുറിച്ച് പറഞ്ഞിട്ടേയില്ല. നിസ്സാരമായ കാര്യങ്ങളെ സംബന്ധിച്ച് അവർ ഒരുപാട് കഥകൾ രചിച്ചിട്ടുണ്ട്. എന്നാൽ, മലക്കുകളെക്കുറിച്ച്, അതൊരു പ്രശ്നമേയല്ല എന്ന മട്ടിൽ ഒന്നും മിണ്ടാതെ കടന്നുപോയി. കാരണം, അവരുടെ യഥാർത്ഥസ്ഥിതി വിവരിക്കുക എന്നത് വളരെ ദുഷ്കരമായിരുന്നു. അവർക്കാണെങ്കിൽ അത് വിവരിക്കാനുള്ള കഴിവും ഉണ്ടായിരുന്നില്ല. എന്നാൽ, മലക്കുകളുടെ യഥാർത്ഥസ്ഥിതി വിവരിച്ചാൽ ഒരു കാര്യത്തിന്റേയുംമേൽ കടന്നാക്രമണം നടത്താൻ ആർക്കും ധൈര്യം ഉണ്ടാകുകയില്ല. ഇപ്പോൾ എല്ലാ കാര്യങ്ങളുടേയും യഥാർത്ഥ സ്ഥിതി തുറന്നുകാട്ടേണ്ട കാലം വന്നിരിക്കുകയാണ്. അതുകൊണ്ട് മലക്കുകളുടെ യഥാർത്ഥസ്ഥിതിയെക്കുറിച്ചും മനസ്സിലാക്കുന്നതിന് അല്ലാഹു സാഹചര്യം ഒരുക്കിയിരിക്കുകയാണ്.

**ഇക്കാലത്തെ മുസ്ലിംകളുടെ സാങ്കല്പിക മലക്കുകൾ**

മുസൽമാൻ ഇസ്ലാമിനെ തെറ്റുധരിക്കാൻ തുടങ്ങിയിരിക്കുന്നുവെന്ന് കുറച്ചു ദിവസം മുമ്പേ ഒരു ആര്യസമാജക്കാരൻ പറയുകയുണ്ടായി. അതിന്റെ തെളിവിന്നായി പറയുന്നു: മുസ്ലിമായ സയ്യിദ് അമീർ അലി സാഹിബ് എഴുതിയിരിക്കുന്നു. മലക്കുകൾ ഒരു മിഥ്യാസങ്കല്പമാണ്. അതിലൊരു വാസ്തവവുമില്ല."

ഇത് ശരിതന്നെയാണ്. ഇന്നത്തെ മുസ്ലിംകൾ എന്നു പറയുന്നവരുടെ ബുദ്ധിയിൽ മലക്കുകൾ മിഥ്യാസങ്കല്പം തന്നെയാണെന്നുള്ളതിന് ഒരു സംശയവുമില്ല. കാരണം മലക്കുകൾ എന്താണെന്നോ അവരിൽ വിശ്വസിക്കേണ്ട ആവശ്യമെന്താണെന്നോ അതുകൊണ്ടുള്ള നേട്ടങ്ങൾ എന്താണെന്നോ അവർക്കറിയില്ല. എന്നാൽ, ഞാനിപ്പോൾ പറഞ്ഞതുപോലെ, വിശ്വാസത്തിൽ ഉൾപ്പെട്ട കാര്യങ്ങൾ നിരർത്ഥകമാകുകയില്ല. അതിന് വളരെ വലിയ ഗുണങ്ങളുണ്ട്.

സാധാരണക്കാർക്ക് ബന്ധമില്ലാത്ത ഒരു വിഷയമാണിത്. അതുകൊണ്ട് ഇതിലേക്ക് പ്രത്യേക ശ്രദ്ധ ആവശ്യമാണ്. ആധുനികവിദ്യാഭ്യാസം കാരണത്താൽ മലക്കുകളുടെമേൽ ഒരുപാട് ആക്ഷേപം ഉന്നയിക്കപ്പെടുന്നു. എന്നാൽ, നമുക്ക് ദൈവാനുഗ്രഹത്താൽ, അവരുടെ സാന്നിധ്യം സ്ഥാപിക്കാൻ കഴിയും. അദൃശ്യമായ ധാരാളം മറ്റു വസ്തുക്കളെ സ്ഥാപിക്കുന്നതുപോലെതന്നെ ഇതും സ്ഥാപിക്കാൻ കഴിയും. ഓരോ മനുഷ്യനും മനസ്സിലാക്കാൻ കഴിയുംവിധം മലക്കുകളെ സംബന്ധിച്ച് തെളിവുകൾ നല്കാനും സാധിക്കും. യാഥാസ്ഥിതികത്വത്തിന്റെ തുണി അവരുടെ കണ്ണുകളിൽ കെട്ടാതിരുന്നാൽ മാത്രം മതി.

**മലക്കുകൾ ഇല്ലേ?**

നവീനവിദ്യാഭ്യാസത്തിന്റെ ഫലമായി പൊതുവെ മലക്കുകൾ എന്ന അസ്തിത്വംതന്നെ ഇല്ല എന്നൊരു ധാരണ മുസ്ലിംകളിലുണ്ടായിട്ടുണ്ട്. എന്നല്ല, മുഹമ്മദ്നബി(സ)യുടെ ഹൃദയത്തിൽ ജന്മംകൊണ്ടിരുന്ന ആത്മീയശക്തിക്ക് മലക്കുകൾ എന്ന് പേര് വയ്ക്കപ്പെട്ടിരിക്കുന്നു. ജനങ്ങളിൽ ജിബ്രീൽ അല്ലെങ്കിൽ മീക്കായീലിനെ കുറിച്ചുള്ള വിചാരം വ്യാപിക്കുകയും പ്രചരിക്കുകയും ചെയ്തിരുന്നതുകൊണ്ട് തങ്ങൾ പറയുന്ന കാര്യങ്ങൾക്ക് കൂടുതൽ ശക്തി പകരുന്നതിനാണ് അവരുടെ പേരുകൾ എടുത്തുദ്ധരിച്ചത്.

മലക്കുകളുടെ സാന്നിധ്യം വളരെ ശക്തമായിട്ട് അംഗീകരിക്കപ്പെട്ടിട്ടുള്ളതായി നാം കാണുന്നു. അതായത് അല്ലാഹുവിനുശേഷം വളരെയധികം ചർച്ച ചെയ്യപ്പെടുന്ന എന്തെങ്കിലും വിഷയമുണ്ടെങ്കിൽ അത് മലക്കുകളുടെ സാന്നിധ്യമാണ്. അപരിഷ്കൃതരിൽ അപരിഷ്കൃതരായ ജനതകൾപോലും മലക്കുകളിൽ വിശ്വ

സിക്കുന്നതായി അവരുടെ ആചാരാദികർമ്മങ്ങളിൽനിന്ന് മനസ്സിലാകുന്നു. തങ്ങൾക്ക് ലഭിച്ച അദ്ധ്യാപനങ്ങൾ നിലവിലില്ലാത്ത ഒരുപാട് മതങ്ങൾ ഇന്ന് ലോകത്തുണ്ട്. എന്നാൽ, അവരുടെ പുരാവസ്തുക്കളിൽനിന്ന്, അവർ മലക്കുകളിൽ വിശ്വസിച്ചിരുന്നതായി അറിയാൻ കഴിയുന്നു. നിലവിലുള്ള മതങ്ങളിൽ വ്യക്തമായി അവരെക്കുറിച്ച് പ്രതിപാദിച്ചിട്ടുമുണ്ട്.

**മലക്കുകൾ മറ്റുമതങ്ങളിൽ**

പൗരാണിക മതങ്ങളിൽ സർതുശ്തി മതത്തിലാണ് (പാഴ്സിമതം) ഏറ്റവും കൂടുതൽ മലക്കുകളെക്കുറിച്ച് വിവരിച്ചിട്ടുള്ളത്. ഇക്കൂട്ടർ മലക്കുകളെ സംബന്ധിച്ച് എത്രമാത്രം വ്യക്തമായി പറഞ്ഞിട്ടുണ്ടോ (അതിൽ അബദ്ധങ്ങളുമുണ്ട് എന്നത് ശരിതന്നെ) അത്രമാത്രം മുസ്‌ലിംകൾ പറഞ്ഞിട്ടില്ലെന്ന് എനിക്ക് വളരെ ഖേദത്തോടെ പറയേണ്ടിവരുന്നു. അവർ മലക്കുകളെക്കുറിച്ച് വളരെ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

അവർക്കുശേഷം രണ്ടാമത്തെ സ്ഥാനത്തുള്ളത് യഹൂദികളാണ്. അത് പുതിയമതം തന്നെയാണ്. അത് നിലവിൽവന്നിട്ട് അധികകാലമായിട്ടില്ല. ഒരു പരിധി വരെ അതിന്റെ സംരക്ഷണവും നടന്നുവന്നിട്ടുണ്ട്. അതിലും മലക്കുകളെക്കുറിച്ച് ഒരുപാട് ഉപദേശങ്ങളുണ്ട്. പിന്നീടുള്ളത് ഹൈന്ദവസമുദായമാണ്. അവരുടെ മതം വളരെ പുരാതനമാണെങ്കിലും അവരിലും മലക്കുകൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇക്കാലത്ത് ഇക്കൂട്ടർ അവരെ കുറിച്ച് മറ്റു പല വ്യാഖ്യാനങ്ങളും നടത്തിയിട്ടുണ്ട്. ഇപ്രകാരംതന്നെ ചൈനക്കാരുടെ പുരാതനഗ്രന്ഥങ്ങളിലും മലക്കുകളെക്കുറിച്ചുള്ള പ്രതിപാദനം കാണാം. ഈജിപ്തിലേയും യൂനാനിലെയും പുരാവസ്തുക്കളിലും മലക്കുകൾക്കുള്ള തെളിവുകളുണ്ട്. നാമംപോലും അറിയാത്ത അപരിഷ്കൃതരായ ജനങ്ങളുടെ ചരിത്രാവശിഷ്ടങ്ങളിൽനിന്നും പഴഞ്ചൊല്ലുകളിൽനിന്നും മലക്കുകളെക്കുറിച്ച് വിവരം ലഭിക്കുന്നുണ്ട്.

അവർ ചിറകുകളുള്ള സൃഷ്ടികളാണെന്ന് ചില സ്ഥലത്ത് പറഞ്ഞുകാണുന്നു. മനഷ്യരെ ശിക്ഷിക്കുന്നവരാണവർ. ആയിരക്കണക്കിന് വർഷങ്ങൾ പഴക്കമുള്ള അവരുടെ ചിറകുള്ള ചിത്രങ്ങളിൽ അവർ മുകളിൽനിന്ന് താഴോട്ടു വന്നുകൊണ്ടിരിക്കുന്നതായിട്ടാണ് കാണുന്നത്. ഇത്തരം കാര്യങ്ങളിൽനിന്ന് മനസ്സിലാകുന്നത് മലക്കുകളെക്കുറിച്ചുള്ള സങ്കല്പം ആ ജനതകളിലും ഉണ്ടായിരുന്നുവെന്നാണ്.

ചുരുക്കിപ്പറഞ്ഞാൽ സകല ജനതകളിലും മലക്കുകളെക്കുറിച്ചുള്ള സങ്കല്പം ഉണ്ടായിരുന്നുവെന്ന് മനസ്സിലാകുന്നു. ഏറ്റവും കൂടുതൽ സർതുശ്തികളിൽ, അതിനുശേഷം യഹൂദികളിൽ, പിന്നീട് ഹിന്ദുക്കളിൽ. മറ്റു പുരാതന ജനതകളിലും ഈ സങ്കല്പമുണ്ട്. ക്രിസ്ത്യാനികളിലും ഈ സങ്കല്പം നിലനില്ക്കുന്നുണ്ട്. അവരെ ആരാധിക്കുന്നത് അനുവദനീയമാണോ അല്ലേ എന്ന വിവാദംതന്നെ പൗലോസ് സുവിശേഷകൻ ഉയർത്തിയിട്ടുണ്ട്. ഇതിൽനിന്നെല്ലാം സകലഹൃദയങ്ങളേയും സ്വാധീനിച്ചിരുന്ന ഒരു പാഠമായിരുന്നു അതെന്ന് മനസ്സിലാകുന്നു. ലോകാരംഭം മുതൽ എല്ലാ ഓരോ ജനതയും ദൈവത്തെ വിശ്വസിച്ചുവരികയും അവരുടെ ആ വിശ്വാസം ദൈവാസ്തിക്യത്തിന് തെളിവാകുകയും ചെയ്യുന്നതുപോലെ വിഭിന്ന സംസ്കാരക്കാരും പരസ്പരം ഒരു ബന്ധവുമില്ലാത്തവരുമായ ജനങ്ങളിൽ മലക്കുകളെക്കുറിച്ചുള്ള സങ്കല്പം നിലനിന്നുകാണുന്നത്, അവർ ഉണ്ടെന്നുള്ളതിന് പ്രബലമായ തെളിവാണ്.

**പാഴ്സി അഥവാ സൊറാസ്റ്റർമതത്തിൽ മലക്കുകൾ**

സർതുശ്തികളിൽ വന്നിട്ടുള്ള മലക്കുകളുടെ പേരുകൾ മുസ്‌ലിംകളിൽ ഉണ്ടെന്നുള്ളത് വിസ്മയകരമായ കാര്യമാണ്. അത് അന്യോന്യം കൂടിക്കലർന്നതാണ്. അവരുടെ പ്രവൃത്തികളും അന്യോന്യം യോജിച്ചുവരുന്നു.

രണ്ട് ദൈവം ഉണ്ടെന്നാണ് അവരുടെ സങ്കല്പം. ഒന്ന് പ്രകാശത്തിന്റേയും ഒന്ന് അന്ധകാരത്തിന്റേയും. പ്രകാശത്തിന്റെ ദൈവം ആഗ്രഹിക്കുന്നത് അന്ധകാരത്തിന്റെ ദൈവത്തെ അശക്തനാക്കുക എന്നാണ്. അന്ധകാരത്തിന്റെ ദൈവം അശക്തനായിത്തീരുന്ന ഒരുകാലം വരുമെന്ന് അവർ പറയുന്നു. നന്മയുടെ ദൈവത്തെ യസ്ദാൻ എന്നും തിന്മയുടെ ദൈവത്തെ അഹർദമാന എന്നും- പൊതുവെ അഹർമൻ എന്നും പറയുന്നു. അതായത്, അന്ധകാരത്തിന്റെയാൾ. ഈ പേരിൽനിന്നും അതിന്റെ താൽപര്യം ശയ്ത്വാനാണെന്നും ദൈവമല്ലെന്നും വ്യക്തമായും മനസ്സിലാകുന്നുണ്ട്. പക്ഷേ, അവർ പറയുന്നത് ഇവൻ ദൈവത്തിന്നെതിരിലുള്ള തിന്മയുടെ ദൈവമാണെന്നാണ്. ഇവൻ തന്നെയാണ് തിന്മകൾ ചെയ്യിക്കുന്നതുമത്രെ.

സർതുശ്തികളുടെ മതഭാഷയായ ഓസ്തായിലും വലിയ മലക്കുകൾക്ക് 'അമേഥിയ' എന്നു പറയുന്നു. ഈ പദം അമീഥായിൽനിന്ന് നിഷ്പന്നമാണ്. അനശ്വരമായത് എന്നർത്ഥം. ഇതിൽനിന്ന് മലക്കുകൾ അനശ്വരമാണെന്നുള്ളതാണ് അവരുടെ വിശ്വാസമെന്ന് മനസ്സിലാകുന്നു. മനുഷ്യാത്മാവിനെ മരണത്തിൽനിന്ന് സുരക്ഷിതമാക്കിവെച്ചിരിക്കുന്നതുപോലെ അവർക്കും അനശ്വരമായ ജീവിതം നല്കപ്പെട്ടിരിക്കുന്നു.

മലക്കുകൾ സകല നന്മകളുടേയും മതത്തിന്റേയും ഉറവിടമാണെന്നുള്ളതാണ് സർതുശ്തികളുടെ വിശ്വാസം. അവര് തത്ത്വത്തിൽ ദൈവത്തിന്റെ പ്രതീകങ്ങളാണ്. മലക്കുകൾ ആയിരക്കണക്കിന് വർഷങ്ങളുടെ ഉൽക്കർഷത്തിനു ശേഷമാണ് നിലവിലുള്ള പദവി പ്രാപിച്ചതെന്ന് അവർ വിശ്വസിക്കുന്നു. അവർ നിസ്തുല്യമായ മുത്തുകളാണെന്ന് അവർ കരുതുന്നു. അവർ നമ്മുടെ ദൃഷ്ടിയിൽനിന്ന് മറഞ്ഞിരിക്കുന്നവരാണെങ്കിലും നമുക്ക് ഗുണം ചെയ്യുന്നവരാണ്. രത്നങ്ങൾ എന്ന് അവരെ പറയാൻ പറ്റില്ല. അങ്ങനെ പറഞ്ഞാൽ അവരെ അപമാനിക്കലാണ്. മരങ്ങളിൽ തൂങ്ങിക്കിടക്കുന്ന പുഷ്പങ്ങളെന്നും അവരെ പറയാൻ പറ്റില്ല. പ്രത്യുത, അവർ സൂര്യനെ ചുറ്റിക്കൊണ്ടിരിക്കുന്ന നക്ഷത്രങ്ങളെപ്പോലെയാണ്. അവർ ദൈവത്തിന്റെ സൗന്ദര്യമല്ല മറിച്ച്, അവന്റെ സത്തയുടെ പ്രതീകമാണ്.

സർതുശ്തി ഗ്രന്ഥങ്ങളിൽ ഏറ്റവും വലിയ മല

ക്കിന്റെ പേര് വോഹോമാനാഹ് എന്നെഴുതിയിരിക്കുന്നു; വഹശ്താമാനാഹ് എന്നും പറയാറുണ്ട്. അതായത്, അതിശ്രേഷ്ഠനായ മലക്ക്. വോഹോമാനാഹ് എന്നതിന്റെ അർത്ഥം സദ്ഹൃദയം അല്ലെങ്കിൽ നേരെയാക്കുന്ന മലക്ക് എന്നാണ്. ഇബ്റാനീ ഭാഷയിലും അറബിഭാഷയിലും 'ജബർ' എന്നതിന്റെ അർത്ഥം പരിഷ്കരണം (നേരെയാക്കൽ) എന്നാണ്. അതുകൊണ്ട് ഇരുപേരുകളുടേയും സാദൃശ്യത്തിൽനിന്ന് മനസ്സിലാകുന്നത് വോഹോമാനാഹ് യഥാർത്ഥത്തിൽ ജിബ്രീലിന്റെതന്നെ പേരാണ് എന്നാകുന്നു.

മനുഷ്യബുദ്ധിക്ക് പ്രകാശം ലഭിക്കുന്നത് ഈ മലക്ക് മുഖേനയാണെന്നാണ് സർതുശ്തി ഗ്രന്ഥങ്ങളിൽ കാണുന്നത്. എന്നുമാത്രമല്ല, പ്രകാശത്തിന്റേയും വെളിപാടിന്റേയും വെളിച്ചംകൊണ്ട് വോഹോമാനാഹ്നെ കാണാൻ സർതുശ്ത് ദൈവത്തോട് പ്രാർത്ഥിക്കുന്നുണ്ട്. അവസാനം ആ മലക്ക് അദ്ദേഹവുമായി കണ്ടു. എല്ലാ നല്ല പദ്ധതികളും ആ മലക്കിൽനിന്നാണ് വരുന്നത്. തന്റെ പദ്ധതികളെ സ്വീകരിക്കാത്തവരെ ആ മലക്ക് ഉപേക്ഷിച്ചുകളയുന്നു.

സർതുശ്തികൾ വിശ്വസിക്കുന്ന രണ്ടാമത്തെ മലക്കാണ് ആശാ. അതായത് തഖ്വ അഥവാ ഭയഭക്തിയുടെ മലക്ക്. ബാഹ്യവസ്തുക്കളിൽ അഗ്നി ആശായുടെ ചുമതലയിലാണുള്ളത്. കാരണം പ്രകാശം ഉണ്ടാകുന്നത് അഗ്നിയിൽ നിന്നും, തഖ്വ ഉണ്ടാകുന്നത് പ്രകാശത്തിൽനിന്നുമാണ്. ഈ മലക്ക് മീക്കായീൽ ആണെന്ന് മനസ്സിലാകുന്നു. എന്തുകൊണ്ടെന്നാൽ ഭൗതികാഭിവൃദ്ധിയുടെ മലക്കാണ് മീക്കായീൽ. അഗ്നി ഭൗതികാഭിവൃദ്ധിയുടെ അടയാളമാണ്.

ഈ രണ്ട് മലക്കുകൾക്കു പുറമെ അഞ്ചു വലിയ മലക്കുകളിലും അവർ വിശ്വസിക്കുന്നു. ചെറിയ ചെറിയ മലക്കുകൾ അസംഖ്യമാണ്. എല്ലാ വ്യവസ്ഥാപനങ്ങളും വലിയ മലക്കുകളുടെ കൈയിലാണ്. ശയ്ത്വാൻ തള്ളിക്കയറാതിരിക്കാൻ വേണ്ടി മനുഷ്യമനസ്സുകളിൽ മലക്കുകൾ എപ്പോഴും നല്ല സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നുവെന്ന് അവർ വിശ്വസിക്കുന്നു. ജനനം ദൈവത്തിൽനിന്നാണെന്നും മരണം ശയ്ത്വാനിൽനിന്നാണെന്നും അവർ പറയുന്നു. ജനനം ദൈവത്തിൽ നിന്നായതുകൊണ്ട് മനുഷ്യൻ പിറക്കുന്നത് നല്ലവനായിത്തന്നെയാണെന്നും മലക്കുകൾ അവനെ കാക്കുന്നുവെന്നും അവർ വിശ്വസിക്കുന്നു. എന്നാൽ ശയ്ത്വാൻ അവനെ തിന്മകൾ പഠിപ്പിക്കുന്നു. മലക്കുകൾ പറയുന്നത് മനുഷ്യൻ അനുസരിക്കുന്നില്ലെങ്കിൽ അവർ അവനെ ഉപേക്ഷിച്ചുപൊയ്ക്കളയുന്നു. കാരണം അവൻ ശയ്ത്വാന്റെ കൂട്ടുകാരനായി.

ദൈവവും ശയ്ത്വാനും തമ്മിൽ പോരാട്ടം നടന്നുകൊണ്ടേയിരിക്കുമെന്നാണ് അവർ വിശ്വസിക്കുന്നത്. എത്രത്തോളമെന്നാൽ, പേർഷ്യൻവംശജനായ ഒരു നബി പിറവിയെടുക്കും. അദ്ദേഹത്തിന്റെ പേര് മേസിയോസർബഹ്മി എന്നായിരിക്കും. അതായത്, അനുഗൃഹീതമസീഹിന്റെ പേരിൽ ഒരു നബി വരും. അദ്ദേഹം സർതുശ്തിന്റെ സന്താനപരമ്പരയിൽ നിന്നായിരിക്കും; എന്നാൽ ബാഹ്യമായ സന്താനങ്ങളിൽനിന്നല്ല. മക്കളൊന്നും ഉണ്ടാകാത്ത ഭാര്യയിൽനിന്നായിരിക്കും അദ്ദേഹം ജന്മം കൊള്ളുക എന്നും എഴുതിയിരിക്കുന്നു.

അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ശയ്ത്വാനുമായിട്ടുള്ള അവസാന യുദ്ധമുണ്ടാകും. യുദ്ധം വലിയ ഭയാനകമായതുകൊണ്ട് നീ മലക്കുകളെ ഇറക്കുക എന്ന് അദ്ദേഹം ദൈവത്തോട് പ്രാർത്ഥിക്കും. അപ്പോൾ ദൈവം മലക്കുകളെ ഇറക്കും. പോരാടിപ്പോരാടി ശയ്ത്വാൻ അവസാനം ക്ഷീണിച്ചുപോകും. ആ നേരത്ത് ആ നബി മലക്കുകളുടെ സഹായത്താൽ അവന്റെമേൽ അവസാന ആക്രമണം നടത്തും. അങ്ങനെ ഉഗ്രയുദ്ധം നടക്കും. അതിൽ ശയ്ത്വാൻ പരാജയപ്പെടും. അവൻ പിടിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യും. അതിനുശേഷം സമാധാനമുണ്ടാകും. ഈ ലോകം വളരെ വിസ്തൃതമാകും. കാരണം ഒരാൾക്കും മരിക്കാൻ പറ്റില്ല. എന്തുകൊണ്ടെന്നാൽ മരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ശയ്ത്വാൻ സ്വയം മരിച്ചുപോയിട്ടുണ്ടാകും.

ഇക്കാര്യങ്ങളെല്ലാം ഒരു നബി പറഞ്ഞതാണെന്ന് മനസ്സിലാകുന്നു. കാരണം അത് അതുപോലെ പുലർന്നു. പുലർന്നുകൊണ്ടിരിക്കുന്നു. മേസിയോസർബഹ്മി (അനുഗൃഹീതമസീഹ്) വന്നു. വിവരിക്കപ്പെട്ട എല്ലാ അടയാളങ്ങളും കൂടിയാണ് വന്നത്. അവസാനം ശയ്ത്വാനുമായി ഒരു യുദ്ധമുണ്ടാകുമെന്ന് മറ്റു നബിമാരും പ്രവചിച്ചിട്ടുണ്ട്. അതിപ്പോൾ അടുത്തുകൊണ്ടിരിക്കുകയാണ്. സത്യമതത്തിൽനിന്ന് ജനങ്ങളെ വ്യതിചലിപ്പിക്കാനും അവർ ദൈവങ്ങളെ ഉപേക്ഷിക്കാനും വേണ്ടി പലരീതിയിലുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. അതിനെതിരിൽ ജനങ്ങളെ അല്ലാഹുവുമായി ബന്ധിപ്പിക്കാനുള്ള ശ്രമവും ശക്തമായ നിലയിൽ നടന്നുവരുന്നു. ഇത് അങ്ങേയറ്റം ഭയങ്കരമായ ഒരു യുദ്ധമാണ്.

ആകാശത്തുനിന്ന് മലക്കുകളെ ചോദിച്ചുവാങ്ങുന്ന കാര്യവും ശരിയായി പുലർന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ഒരു ജാഗ്രദർശനമാണത്. അവിടന്ന് അല്ലാഹുവിനോട് ഒരുലക്ഷം മലക്കുകളെ ചോദിച്ചു. അല്ലാഹു പറഞ്ഞു: അയ്യായിരം മതി, ഒരു ലക്ഷം അധികമാണ്. കാരണം വിശുദ്ധഖുർആനിൽ ഏറ്റവും കൂടുതൽ അയ്യായിരം മലക്കുകളെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് അത്രയും നല്കപ്പെട്ടു. അതിനേക്കാൾ കൂടുതൽ നല്കിയില്ല. ചുരുക്കത്തിൽ ഇക്കാര്യവും സത്യമായി പുലർന്നു.

സർതുശ്തികളിൽ മലക്കുകളുടെ പ്രവൃത്തികളെ സംബന്ധിച്ച് വളരെ വിശദീകരണം കാണാം. അവർ വഞ്ചിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും ഇസ്ലാമല്ലാത്ത ഏതെങ്കിലും മതങ്ങൾ മലക്കുകളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ടെങ്കിൽ അത് സർതുശ്തിമതത്തിലാണെന്ന് പറയാൻ കഴിയും. കാരണം അത്തരം വിഷയങ്ങൾ അവരുടെ ഗ്രന്ഥങ്ങളിൽ കാണുന്നു.

●

റംലഇച്ചാൽ

ലേഖനം

# ത്യാഗീവര്യനായ അമീൻ സാഹിബ്

(തുടർച്ച)

**8** ഹദ്റത്ത് വാഗ്ദത്തമസീഹിന്റെ- മസീഹ് മൗഊദ്(അ)ന്റെ പ്രവചനമനുസരിച്ച് പണ്ഡിറ്റ് ലേഖ്റാം വധിക്കപ്പെട്ടപ്പോൾ ആര്യസമാജക്കാർ ബഹളംകൂട്ടി. മസീഹ് മൗഊദിന്റെ വീട് പരിശോധിക്കുന്നതിനായി പോലീസുമായി അവർ ഖാദിയാനിൽ വന്നു. മാർച്ച് മാസത്തിലെ ഒരു ദിവസമാണ് അവർ വന്നത്. ഹസ്റത്ത് മുഹമ്മദ് അമീൻസാഹിബ്(റ) ആ നേരത്ത് മസ്ജിദ് മുബാറക്കിന്റെ താഴെയുള്ള ഇടവഴിയിലൂടെ ഹസ്റത്ത് മൗലാനാ മൗലവി നൂറുദ്ദീൻ സാഹിബ്(റ)ന്റെ ചികിത്സാലയത്തിലേക്ക് (പിന്നീട് ഇവിടെ ഹസ്റത്ത് മൗലവി ഖുത്ബുദ്ദീൻ സാഹിബ്(റ)ഉം ചികിത്സാലയം നടത്തിയിരുന്നു) പോകുകയായിരുന്നു. അവിടന്ന് ഹസ്റത്ത് ഹാഫിള് രോശൻ അലി സാഹിബ്(റ)ന്റെ വീടിനു താഴെയുള്ള കടയിൽനിന്നുകൊണ്ട്, തന്റെ മുന്നിലേക്ക് തെക്കുഭാഗത്ത്നിന്ന് ധാരാളം കുതിരവണ്ടികൾ വരുന്നത് കണ്ടു. അതിൽ പോലീസുകാരായിരുന്നു. അവരുടെ വലിയൊരു ഓഫീസറും കൂടെയുണ്ടായിരുന്നു. അയാൾ തൊപ്പി ധരിച്ചിരുന്നു. അമീൻ സാഹിബ് ഉടനെ ചികിത്സാലയത്തിൽച്ചെന്ന് ഹസ്റത്ത് മൗലവി സാഹിബിനോട് കണ്ടതെല്ലാം വിവരിച്ചു. ഹദ്റത്ത് മൗലവി സാഹിബ് തന്റെ കൂടെയുള്ളവരോട് വെളിയിലാരാണ് വന്നതെന്ന് നോക്കാൻ പറഞ്ഞതേയുള്ളൂ, പോലീസുകാർ ചികിത്സാലയത്തിന് മുന്നിലെത്തിക്കഴിഞ്ഞിരുന്നു. തങ്ങൾ പരിശോധന നടത്താൻ ആഗ്രഹിക്കുന്നുവെന്ന് ആ ഓഫീസർ പറഞ്ഞു. അപ്പോൾ മുറിക്കുള്ളിൽനിന്ന് എല്ലാ പുരുഷന്മാരും സ്ത്രീകളും വെളിയിൽവന്നു. അയാൾ ചികിത്സാലയത്തിനും ഗ്രന്ഥാലയത്തിനും താഴിട്ട് പൂട്ടി. പരിചയമുള്ള ഒരു പോലീസുകാരനേയും കൂട്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീടിന്റെ ഭാഗത്തേക്കുപോയി. പോലീസുകാർ പരിശോധനയ്ക്കായി വന്നിരിക്കുന്നുവെന്നെഴുതിയ ഒരു കുറിപ്പ് പരിചാരികയുടെ കൈയിൽ ഉള്ളിലേക്ക് കൊടുത്തയച്ചു. അതിനുശേഷം ആ പോലീസ് ഓഫീസർ, മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ ഹാജരായി തൊപ്പി ഊരി, സലാം ചൊല്ലിക്കൊണ്ട് പറഞ്ഞു: അങ്ങയ്ക്ക് ആശംസകൾ നേരുന്നു. അങ്ങയുടെ വീട് ഇതുസംബന്ധമായി പരിശോധിക്കാൻ കല്പിക്കപ്പെട്ടതുകൊണ്ടാണ് ഞങ്ങൾ വന്നത്. മസീഹ് മൗഊദ്(അ) പറഞ്ഞു: വളരെ സന്തോഷം. നിങ്ങൾ പരിശോധിച്ചുകൊള്ളുക. ആ ഓഫീസർ പരിശോധന നടത്തി. അതിനുശേഷം വീണ്ടും ചികിത്സാലയത്തിൽപോയി പരിശോധിച്ചു. അതിനുശേഷം ഗ്രന്ഥാലയം തുറന്നു. ധാരാളം ഗ്രന്ഥങ്ങൾ അലമാരയിലിരിക്കുന്നത് കണ്ട് അത്ഭുതത്തോടെ ചോദിച്ചു, ഈ ഗ്രന്ഥങ്ങൾ എന്തൊക്കെയാണ്. ഇത് മൗലവിസാഹിബിന്റെ ഗ്രന്ഥാലയമാണെന്ന് ഒരാൾ മറുപടി പറഞ്ഞു. ഏത് മൗലവിസാഹിബിന്റേതെന്ന് അദ്ദേഹം ആരാഞ്ഞു. അപ്പോൾ അയാൾ ഹദ്റത്ത് മൗലവി സാഹിബിന്റെ നേരെ ചൂണ്ടിക്കൊണ്ട്, ഈ ഗ്രന്ഥാലയം അദ്ദേഹത്തിന്റേതാണെന്ന് പറഞ്ഞു. അപ്പോൾ ആ ഓഫീസർ ഹദ്റത്ത് മൗലവി സാഹിബിന് സലാം ചൊല്ലിക്കൊണ്ട് പറഞ്ഞു. അങ്ങ് മൗലവി എന്ന് പറയപ്പെടുന്നത് ഇതുകൊണ്ടാണല്ലേ? രാവിലെ പത്തുമണി മുതൽ വൈകുന്നേരം ആറുമണിവരെ പരിശോധന നടത്തി പോലീസുകാർ ഏഴുമണിയായപ്പോൾ തങ്ങളുടെ ഉദ്ദേശ്യത്തിൽ പരാജിതരായി തിരിച്ചുപോയി.

**9.** ഖാദിയാനിൽ ഹദ്റത്ത് ഹാമിദ് സാഹിബ് അരായി എന്നൊരു പുണ്യാത്മാവ് ഉണ്ടായിരുന്നു. (ഇദ്ദേഹം മൗലവി മുഹമ്മദ് ഇബ്റാഹീം സാഹിബ് ഖാദിയാനിയുടെ പിതാമഹനാണ്. മസ്ജിദ് ഫസ്ലിന്റെ തെക്കുഭാഗത്താണ് താമസിച്ചിരുന്നത്. ഇദ്ദേഹത്തിന്റെ പേര് മുകളിൽ പ്രതിപാദിച്ചിട്ടുണ്ട്) ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിചാരകനും അനുരക്തനുമായിരുന്നു. അക്കാലത്ത് അതിഥി മന്ദിരം വളരെ ചെറുതായിരുന്നതിനാൽ ചിലപ്പോൾ ഇദ്ദേഹത്തിന്റെ വീട്ടിലും അതിഥികൾ താമസിക്കാറുണ്ടായിരുന്നു. അവിടന്ന് രോഗിയായപ്പോൾ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്(റ) ആണ് ചികിത്സിച്ചത്. ബുദ്ധിമുട്ട് അധികമായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സന്നിധിയിലേക്ക് ഒരാളെ അയച്ചുകൊണ്ട്, ഹുസൂറിനെ ഒന്നുകണ്ട് തൃപ്തിയടയുന്നതിനായി ഹുസൂർ(അ) തോട്ടത്തിൽ നടക്കാൻ പോകുമ്പോൾ അതുവഴി ഒന്നു കയറിപ്പോകാൻ പറഞ്ഞു. (ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ നാളുകളിൽ ഖാദിയാനിന് തെക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന തന്റെ തോട്ടത്തിൽ നടക്കാൻ പോകുമ്പോൾ മസ്ജിദ് ഫസ്ലിന്റെ പിൻഭാഗത്തുള്ള വഴിയിലൂടെയാണ് പോകാറുണ്ടായിരുന്നത്. ഹദ്റത്ത് ഹാമിദ് സാഹിബ് (റ)ന്റെ വീട് ആ വഴിയരികിലായിരുന്നു). ഈ സന്ദേശം കേട്ട് അവിടന്ന് നടക്കാനിറങ്ങുകയും, ഹാമിദ് സാഹിബിന്റെ വീട്ടിൽ

പോകുകയും ചെയ്തു. മസീഹ് മൗഊദ്(അ) അദ്ദേഹത്തിന് കൈകൊടുത്തുകൊണ്ട് എന്താ വിഷമമെന്ന് തിരക്കി. രോഗത്തെ സംബന്ധിച്ച് വേറെ ചില ചോദ്യങ്ങളും ചോദിച്ചു. അവസാനം അദ്ദേഹത്തിന്റെ പരിഭ്രമം കണ്ടിട്ട് പറഞ്ഞു: താങ്കൾ അല്ലാഹുവിൽ ഭരമേല്പിക്കുക. പരിഭ്രമിക്കേണ്ട. ഞാൻ ദുആ ചെയ്യാം. വീണ്ടും ഹുസൂർ അദ്ദേഹത്തിന് കൈ കൊടുത്തു. അവിടന്ന് മടങ്ങിപ്പോവുകയും ചെയ്തു. അതിനുശേഷം ഹാമിദ് സാഹിബ്(റ) അതേദിവസം രണ്ടുമണിയോടെ വഫാത്തായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിവരം അറിയിച്ചു. അദ്ദേഹത്തിന്റെ ജനാസ പൊതിഞ്ഞ് മദ്രസയുടെ മുറ്റത്തുകൊണ്ടുവന്നതിനുശേഷം തന്നെ അറിയിക്കാനും, അദ്ദേഹത്തിന്റെ ജനാസ താൻതന്നെ നമസ്കരിപ്പിക്കുമെന്നും അവിടന്ന് പറഞ്ഞു. അങ്ങനെ ജനാസ മദ്രസയുടെ മുറ്റത്ത് കൊണ്ടുവന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിവരം അറിയിച്ചു. ഹുസൂർ(അ) വന്ന് ജനാസ നമസ്കരിപ്പിച്ചു. നമസ്കരിപ്പിച്ചതിനുശേഷം ഹുസൂർ പറഞ്ഞു: ഇദ്ദേഹം നമ്മുടെ പണ്ടത്തെയാളും നിഷ്ക്കളങ്ക സ്നേഹിതനും ജമാഅത്തിന്റെ സഹായിയുമായിരുന്നു. ഈദുഗാഹിന്നടുത്തുള്ള ഖബ്ർസ്ഥാനിൽ അദ്ദേഹത്തെ ഖബറടക്കുക.

10. ഭേരാവാസിയായ ഒരു സർക്കാരുദ്യോഗസ്ഥനായിരുന്നു ഗുലാം റസൂൽ. അദ്ദേഹത്തിന് എപ്പോഴും ഹുസൂറിനെ(അ)ക്കുറിച്ചുള്ള ചിന്തയായിരുന്നുവെന്ന് മുഹമ്മദ്ഖാൻ സാഹിബ്(റ) പറയാറുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന് ***ഇന്നാഅൻസൽനാഹു*** (ഇദ്ദേഹത്തെ നാം ഇറക്കി) എന്ന ഇൽഹാമുണ്ടായി. അവിടന്ന് തനിക്കുണ്ടായ ഈ ഇൽഹാം ഹസ്റത്ത് ഹക്കീം ഫള്ലുദ്ദീൻ സാഹിബ് ഭേരവി(റ)യെ കേൾപ്പിച്ചു. അപ്പോൾ ഹസ്റത്ത് ഹക്കീം സാഹിബ്(റ) അദ്ദേഹത്തോട് പറഞ്ഞു: ഹസ്റത്ത് മിർസാ സാഹിബ് അല്ലാഹുവിൽനിന്നു വന്നയാളാണെന്ന് അല്ലാഹു താങ്കളോട് പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് താങ്കൾ ഹുസൂറിന്റെ(അ) അനുയായികളിൽ ചേരേണ്ടതാണ്. അങ്ങനെ അദ്ദേഹം ഖാദിയാൻ ദാറുൽ അമാനിൽവന്ന് ഹുസൂർ(അ)ന് ബയ്അത്ത് ചെയ്തു. ഹസ്റത്ത് മൗലവി സാഹിബ്(റ)ൽനിന്ന് വിശുദ്ധഖുർആൻ പഠിക്കാൻ തുടങ്ങി.

11. ഒരു ദിവസം മഗ്രിബ് നമസ്കാരത്തിനുശേഷം ഹസ്റത്ത് മസീഹ് മൗഊദ്(അ) പള്ളിയിലിരുന്ന് ജമാഅത്തിനെ ഉപദേശിക്കാൻ തുടങ്ങി. കുറച്ചു സമയത്തിനുശേഷം ഗുലാം റസൂൽസാഹിബ് (ഇദ്ദേഹത്തെക്കുറിച്ച് മുകളിൽ പ്രതിപാദിച്ചിട്ടുണ്ട്) തിളക്കമുള്ള ഒരു ജ്വാല ഹുസൂറിന്റെ തലയിൽനിന്ന് മുകളിലേക്കുയരുന്നത് കണ്ടു. ഹുസൂറിന്റെ മുഖം എത്രമാത്രം പ്രശോഭിക്കുന്നുവെന്ന് അവിടന്ന് എന്നോട് ആംഗ്യഭാഷയിൽ പറഞ്ഞു. ഞാൻ ഹുസൂറിന്റെ മുഖത്തേക്ക് നോക്കിയപ്പോൾ അത് വളരെ പ്രകാശമയവും തെളിമയാർന്നതുമായി ഞാനും കണ്ടു.

12. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വീട്ടുകാരോടൊപ്പം തന്റെ തോട്ടത്തിൽ നടക്കാനായിപ്പോയി. അമീൻ സാഹിബ് പറയുന്നു: ഞാൻ മിയാൻ ഖയ്റുദ്ദീൻ സാഹിബ് അരായിയുടെ വീട്ടുപടിക്കൽ നില്ക്കുകയായിരുന്നു. അപ്പോൾ, ഹുസൂർ അവരെ തോട്ടത്തിൽ വിട്ടതിനുശേഷം നൻഗളിലേക്ക് പോകുന്ന വഴിയിലൂടെ നഗരത്തിലേക്ക് തനിച്ച് വരികയായിരുന്നു. ഹദ്റത്ത് മുഹമ്മദ് അമീൻ സാഹിബ്(റ) പറയുന്നു: ഞാൻ സലാം ചൊല്ലി. തനിച്ചെന്താണ് വരുന്നതെന്ന് ചോദിച്ചു. ഹുസൂർ പറഞ്ഞു. ഒരു പ്രധാനപ്പെട്ട കാര്യത്തിനായി വരേണ്ടിവന്നു. വഴിയിൽ തടസ്സമായിനിന്ന മൃഗങ്ങളെ ആട്ടി അകറ്റിക്കൊണ്ട് ഞാനും ഹുസൂറിന്റെ വീടുവരെ പോയി. ഗോൾകമറവരെ എത്തിയപ്പോൾ ഹുസൂർ അതിലൂടെ വീട്ടിലേക്ക് കയറിപ്പോയി. ഞാൻ ഇസ്ലാംമതത്തിലേക്ക് പുതുതായിവന്ന ഹദ്റത്ത് ശേയ്ഖ് ഗുലാം അഹ്മദദ് സാഹിബ്(റ)ന്റെ കടയിലേക്ക് പോയി. ഇന്ന് തോട്ടത്തിൽനിന്ന് ഹുസൂർ(അ) ഒറ്റയ്ക്ക് മടങ്ങിവരികയായിരുന്നു എന്നു പറഞ്ഞുടനെ ഹദ്റത്ത് ശേയ്ഖ് സാഹിബ്(റ) പറഞ്ഞു: അല്ലാഹുവിന്റെ ദാസന്മാർ തനിച്ചാകുകയില്ല. വളരെ വലിയൊരു സംഘം എപ്പോഴും അവരോടൊപ്പം ഉണ്ടാകും.

13. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് മൗലവി സനാവുല്ലാഹ് സാഹിബ് അമൃതസരി പോലീസുകാരോടൊപ്പം ഖാദിയാനിൽവന്ന്, ആദ്യകാലത്ത് പണ്ഡിത്‌ലേഖ്റാം താമസിക്കാറുണ്ടായിരുന്ന വീട്ടിൽ താമസിച്ചു. അഹ്മദികൾ അദ്ദേഹത്തെ കൊന്നകളയുമോ എന്ന ഭയം കൊണ്ടാണ് പോലീസുകാരേയും കൂട്ടി വന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനങ്ങളെ സംബന്ധിച്ച് ചോദിച്ചറിയുക എന്നതായിരുന്നു അയാളുടെ ലക്ഷ്യം. ഏതോ ഒരു സഹാബി സനാവുല്ലായുടെ വരവിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മജ്ലിസിൽ പറഞ്ഞു. ഹുസൂർ(അ) ന്റെ പ്രവചനങ്ങളെക്കുറിച്ചറിയാനാണ് വന്നതെന്നും പണ്ഡിത്‌ലേഖ്റാം താമസിച്ച വീട്ടിലാണ് താമസിക്കുന്നതെന്നും അറിയിക്കുകയും ചെയ്തു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: അദ്ദേഹം നമ്മുടെയടുക്കൽ വന്നിരുന്നെങ്കിൽ നാം അദ്ദേഹത്തിന് വീടു നല്കുകയും ആതിഥ്യമരുളുകയും പ്രവചനങ്ങളെ സംബന്ധിച്ച് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുമായിരുന്നു. രസകരമായ മറ്റു പല കാര്യങ്ങളും ഹുസൂർ(അ) തുടർന്നു പറഞ്ഞു. വ്യസനകരമെന്ന് പറയട്ടെ അതൊന്നും ഇപ്പോൾ എനിക്കോർമ്മയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സംബന്ധിച്ച് ഹദ്റത്ത് മുഹമ്മദ് അമീൻ സാഹിബ്(റ) ചില സംഭവങ്ങൾ വിവിധ സന്ദർഭങ്ങളിൽ പറയുകയുണ്ടായി. അദ്ദേ

ഹത്തിന്റെ മകൻ ഖുറയ്ശീ അത്താവുർ റഹ്മാൻ സാഹിബ് രേഖപ്പെടുത്തിയ ആ സംഭവങ്ങളാണ് വായനക്കാർക്ക് പ്രയോജനപ്പെടും എന്ന പ്രതീക്ഷയോടെ ഇവിടെ വിവരിക്കുന്നത്.

1. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കയ്യിൽ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചതിനുശേഷവും ചിലയാളുകൾ മറ്റു പീർമാരോട് ചോദിക്കുന്നതുപോലെ അങ്ങയോടും ജപങ്ങളും മന്ത്രങ്ങളും പറഞ്ഞുതരാൻ പറയുമായിരുന്നു. അപ്പോൾ അവിടന്ന് അവരോടു പറയും. പശ്ചാത്താപത്തോടും ദൃഢനിശ്ചയത്തോടും ഭയഭക്തിയോടും വണക്കത്തോടും കൂടി നമസ്കരിക്കുക. അതിൽ സ്വന്തം ഭാഷയിലും പ്രാർത്ഥിക്കുക. അപ്രകാരംതന്നെ ഇഹ്ദിനസ്സിറാത്തൽ മുസ്തഖീം, ഇസ്തിഗ്ഫാർ, ഫാതിഹ, സ്വലാത്ത് തുടങ്ങിയവയും ചൊല്ലിക്കൊണ്ടിരിക്കുക.

അപ്പോൾ ഒരു സ്നേഹിതൻ ചോദിച്ചു: ഉലമാക്കളും വഴികാട്ടികളെന്ന് പറയുന്നവരും പറയുന്നത്, സ്വന്തം ഭാഷയിൽ എന്തെങ്കിലും നമസ്കാരത്തിൽ പറഞ്ഞാൽ അത് അസാധുവായിപ്പോകുമെന്നാണല്ലോ. ഹുസൂറാണെങ്കിൽ അവരവരുടെ ഭാഷയിൽ പ്രാർത്ഥിക്കാനും പറയുന്നു. അപ്പോൾ ഹുസൂർ പറഞ്ഞു: അവരുടെ നമസ്കാരം ആദ്യമെതന്നെ അസാധുവായിപ്പോയിരിക്കുകയാണ്. തുടർന്നുപറഞ്ഞു. അറബിഭാഷയെ അപേക്ഷിച്ച് സ്വന്തം ഭാഷയിൽ മനുഷ്യന് പൂർണ്ണസ്വാതന്ത്ര്യത്തോടും തുറന്നഹൃദയത്തോടും കൂടി ദൈവസന്നിധിയിൽ തന്റെ ആവശ്യങ്ങൾ സമർപ്പിച്ച് വിനയത്തോടും വണക്കത്തോടുംകൂടി അവന്റെ ശ്രദ്ധയെ തന്നിലേക്ക് വലിച്ചടുപ്പിക്കാൻ കഴിയും. സ്വീകരിക്കപ്പെടുംവിധം നമസ്കാരത്തിൽ പ്രാർത്ഥിക്കാനും അവിടന്ന് ഉപദേശിക്കാറുണ്ടായിരുന്നു. പശ്ചാത്താപത്തോടും ഹൃദയസാന്നിധ്യത്തോടും കൂടി പ്രാർത്ഥിക്കുമ്പോൾ അതതിന്റെ അത്ഭുതകരമായ ശക്തി കാണിക്കുന്നു.

2. ഹദ്റത്ത് ബാബാനാനക്(റഹ്)ന്റെ നീളക്കുപ്പായത്തെക്കുറിച്ച് ചർച്ച നടക്കുന്ന കാലത്താണ് ഞാൻ ഖാദിയാനിൽ വന്നത്. അതെന്താണെന്ന് എനിക്ക് മനസ്സിലായില്ല. അതിനെക്കുറിച്ച് ഞാനൊരു സ്നേഹിതനിൽനിന്ന് മനസ്സിലാക്കി. കുറച്ചുദിവസം കഴിഞ്ഞപ്പോൾ ചില സ്നേഹിതന്മാർ അത് കാണാൻ വേണ്ടി ഡേര ബാബനാനക്കിൽ പോയി. അവർ തിരിച്ചുവന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം മറ്റ് സഹോദരന്മാരും വളരെ താൽപര്യത്തോടെ അവിടെത്തെ വിശേഷങ്ങൾ കേട്ടു. തുടർന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) അതിനെ സംബന്ധിച്ച് 'സത്ബചൻ' എന്ന ഗ്രന്ഥമെഴുതി.

3. ഞാൻ ഖാദിയാനിൽവന്ന് കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു മജ്‌ലിസിൽ പറഞ്ഞു: "നാം ഒരു ഗ്രന്ഥം എഴുതിക്കൊണ്ടിരിക്കുകയാണ്. അറബിഭാഷ ആദ്യത്തേതും ഏറ്റവും പുരാതനവുമായ ഭാഷയാണെന്നും മറ്റെല്ലാ ഭാഷയും അതിൽ നിന്നുണ്ടായതാണെന്നും തെളിയിക്കുന്നതാണ്. അങ്ങനെ ആ വർഷംതന്നെ ഹുസൂറിന്റെ ആ ഗ്രന്ഥം പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിന്റെ പേര് എനിക്കോർമ്മയില്ല. കാരണം ഞാൻ എഴുത്തും വായനയും അറിയാത്ത വിഭാഗത്തിൽനിന്നാണ് വന്നത്. ജമാഅത്തിൽ ചേർന്നിട്ടേ ഉണ്ടായിരുന്നുള്ളൂ. ആയിരക്കണക്കിന് വർഷം മുമ്പേ അറബിഭാഷ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മറ്റൊരു ഭാഷയും ഉണ്ടായിരുന്നില്ലഎന്ന് എങ്ങനെയാണ് സ്ഥാപിക്കുക എന്നോർത്തപ്പോൾ എനിക്ക് വളരെ അത്ഭുതവും അതറിയാൻ താൽപര്യവും ഉണ്ടായി. അതിനെക്കുറിച്ച് ഞാൻ ചിലരോട് പറയുകയും ചെയ്തിരുന്നു. അങ്ങനെ ആ ഗ്രന്ഥം പ്രസിദ്ധീകരിച്ചപ്പോൾ ഹദ്റത്ത് സാഹിബ്(അ) ഏതു രീതിയിലാണ് ആ കുരുക്ക് അഴിച്ചതെന്ന് എനിക്ക് മനസ്സിലായി.

4. ഞാൻ ഖാദിയാനിൽവന്ന് 8,9 മാസത്തിനുശേഷം അമുസ്ലിംകൾ ലാഹോറിൽ ഒരു വലിയ സമ്മേളനം സംഘടിപ്പിച്ചു. ഇതിൽ പ്രസംഗിക്കാൻ എല്ലാ മതത്തിന്റേയും നേതാക്കന്മാരെ ക്ഷണിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ഒരു പ്രബന്ധമെഴുതി. അത് പിന്നീട് 'ഇസ്‌ലാമികതത്ത്വജ്ഞാനം' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രബന്ധം വായിക്കുന്നതിനു ദിവസങ്ങൾക്കു മുമ്പേ പ്രവചനമെന്നനിലയിൽ ഒരു സന്തോഷവാർത്ത ജനങ്ങളെ അറിയിച്ചിരുന്നു. അതായത്, "നമ്മുടെ പ്രബന്ധം മറ്റെല്ലാത്തിനേക്കാളും ഉന്നതമായിരിക്കും." ഹുസൂറിന്റെ പ്രബന്ധം അവതരിപ്പിക്കാൻ കൂടുതൽ സമയവും ലഭിച്ചു. ഈ പ്രബന്ധം വായിക്കുമ്പോൾ മറ്റു പ്രബന്ധങ്ങൾ വായിക്കുമ്പോഴുണ്ടായിരുന്ന ശ്രോതാക്കളെക്കാൾ അധികം ശ്രോതാക്കളും ഉണ്ടായിരുന്നു. പ്രബന്ധം വായിച്ചുകഴിഞ്ഞപ്പോൾ സംഘാടകരും പങ്കെടുത്തവരും പ്രസ്തുത പ്രബന്ധത്തെ അങ്ങേയറ്റം ശ്ലാഘിക്കുകയും അനുമോദിക്കുകയും ചെയ്തു.

5. ഞാൻ ഖാദിയാനിൽവന്ന് അഞ്ചാറു മാസത്തിനുശേഷം 1900-ത്തിലോ, 1901-ലോ ഏതോ പ്രധാനപ്പെട്ട ഗ്രന്ഥം രചിക്കുന്ന കാരണത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശപ്രകാരം രണ്ടുമാസംവരെ നമസ്കാരങ്ങൾ ജംആക്കി നമസ്കരിച്ചു. ആ അവസരത്തിൽ ഹുസൂർ പറഞ്ഞു: അക്കാലത്ത് നമസ്കാരം ജംആക്കപ്പെടുമെന്ന് വാഗ്ദത്ത മസീഹിനെ സംബന്ധിച്ച പ്രവചനവും ഉണ്ട്. അത് അത്യാവശ്യം നേരിടുന്നതുകൊണ്ടാണ്. അനാവശ്യമായിട്ടല്ല. ജിഹാദിന്റെ നേരത്ത് ഈ അനുവാദം പ്രയോജനപ്പെടുത്തേണ്ടതാണ്. നാമും ഈയിടെയായി ജിഹാദിൽ മുഴുകിയിരിക്കുകയാണ്. അതുകൊണ്ട് ആ അനുവാദം പ്രയോജനപ്പെടുത്തി.

●

ലേഖനം

ഏ.ക്യു. മഹ്ദി

# ഓർമ്മകളിലെ ഒരു മഹാമനുഷ്യൻ

**അ**ദ്ദേഹം ജനിച്ചത് 1895-ലാണ്, ചരമം പ്രാപിക്കുമ്പോൾ 73 വയസ്സ് പ്രായവും, അത് 1968-ലാണ്; വർഷാക്കങ്ങൾ കൂട്ടിനോക്കിയാൽ ഇന്നേക്ക് 37 സംവത്സരങ്ങൾ മുമ്പ്.

ആ ഇടക്കാലമാവട്ടെ, 1895-നും 1968-നും ഇടയിലുള്ള ആ കാലം, അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം ഏറ്റവും നിർണ്ണായകമായ ഒരു ഘട്ടമായിരുന്നു; ഇന്ത്യയിലെന്നല്ല ഖാദിയാനിൽനിന്നും ഏറെ വിദൂരമായ ഈ കൊച്ചുകേരളത്തിൽപോലും ജമാഅത്തിന്റെ വേരുകൾ ഓടിത്തുടങ്ങുക എന്നതിൽ കവിഞ്ഞ് ഈ നാട്ടിൽ ആദ്യമായി അഹ്മദിയ്യാ വിശ്വാസികൾ ഉണ്ടാവുന്ന ഒരു കാലം കൂടിയായിരുന്നു അത്. അതിരൂക്ഷമായ എതിർപ്പുകൾ തൃണവൽഗണിച്ച് ത്യാഗസന്നദ്ധരായി ജമാഅത്തിൽ പ്രവേശിച്ച കൈവിരലിലെണ്ണാവുന്ന വ്യക്തികളിൽ ഒരാളായി അറിയപ്പെട്ടു അദ്ദേഹം.

കേവലം ഒരു വ്യക്തിയായിരുന്നില്ല അദ്ദേഹം, ഒരു പ്രസ്ഥാനം തന്നെയായിരുന്നു. ആദർശനിരതമായ വിശ്വാസപ്രമാണങ്ങളുടെ ആത്മാവും ശരീരവും സ്വയം പേറിയ അദ്ദേഹം, അഹ്മദിയ്യാ ജമാഅത്തിന്റെ നട്ടെല്ലായിരുന്നു അന്ന്.

ഈ വരികളിലൂടെ കടന്നുപോകുന്ന നമ്മുടെ ജമാഅത്തിലെ അൻസാർവിഭാഗത്തിൽ കാലുകുത്തുവാൻ തുടങ്ങുന്നവർക്കുപോലും ആ മഹാത്മാവിന്റെ മരണകാലത്ത് മൂന്നു വയസ്സിൽ കൂടുതൽ പ്രായമുണ്ടാവില്ല. ഇന്നത്തെ മദ്ധ്യവയസ്കർപോലും അന്ന് കേവലം ബാലന്മാരോ കൗമാരപ്രായക്കാരോ ആയിരുന്നു. മുതിർന്ന തലമുറയിൽ വളരെ പ്രായാധിക്യംചെന്ന സീനിയർ അഹ്മദികളിൽ ഇന്ന് ജീവിച്ചിരിക്കുന്നവർക്കു മാത്രമേ ആ മഹത്വ്യക്തിയെക്കുറിച്ച് നേരിട്ടറിവുണ്ടായിരിക്കാനിടയുള്ളൂ.

ഇന്നേക്ക് ഏകദേശം എട്ടൊമ്പത് പതിറ്റാണ്ടുകൾക്കപ്പുറത്തേക്ക്, ഞാൻ ജനിക്കുന്നതിനും എത്രയോ മുമ്പുള്ള ആ ഒരു കാലത്തേക്ക്, ഒരുനിമിഷം എത്തിനോക്കുകയാണ് ഞാനിപ്പോൾ.

കൗമാരപ്രായം കടന്ന ഒരു മുസ്ലിംയുവാവ്, വടക്കൻകേരളത്തിലെ ഒരു കൊച്ചുഗ്രാമത്തിൽനിന്നും മതപഠനാർത്ഥം ഖാദിയാനിലേക്ക് പുറപ്പെടുന്നു. ഖാദിയാനിലെ വിശുദ്ധാന്തരീക്ഷം ആത്മീയമായി ആ ചെറുപ്പക്കാരനെ ഹരം പിടിപ്പിച്ചു. അവിടെ, മദ്രസ്സ അഹ്മദിയ്യായിൽ അദ്ദേഹം പഠനം ആരംഭിച്ചു. മദ്രസ്സയിലെ എട്ടാംതരം 'മൗലവി ഫാസിൽ' ക്ലാസ്സ് ആണ്. ഈ ക്ലാസ്സിൽ പഠിക്കുന്നവർക്ക് പഞ്ചാബ് യൂണിവേഴ്സിറ്റിയുടെ Honours in Arabic (HA) പരീക്ഷയിൽ നേരിട്ട് ചേരാം.

അന്ന് അദ്ദേഹത്തോടൊപ്പം ഏഴുപേരാണ് ഈ ഡിഗ്രിക്ക് പരീക്ഷയെഴുതിയത്. എല്ലാവരും വിജയിച്ചു. ഏറ്റവും സ്തുത്യർഹമായ നിലയിൽ അദ്ദേഹവും വിജയംവരിച്ചു. അങ്ങനെ ആ യുവാവിന്റെ പേരിനു നേരെ H.A എന്ന രണ്ട് ബിരുദാക്ഷരങ്ങൾ സ്ഥാനംപിടിച്ചു.

ഇപ്പോൾ ഈ 'അദ്ദേഹം' ആരെന്ന വെളിച്ചം ഇതു വായിക്കുന്ന ചിലരുടെയെങ്കിലും മനസ്സിൽ പരന്നിരിക്കും.

അതെ, കേവലം HA എന്ന രണ്ടക്ഷരങ്ങളിൽ മാത്രം തിരുവിതാംകൂറിലും, പിന്നീട് കേരളം ഉൾപ്പെടുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും തുടർന്ന് അയൽരാജ്യങ്ങളായ അന്നത്തെ സിലോൺ, ബർമ്മ എന്നീ സ്ഥലങ്ങളിലും അറിയപ്പെട്ടിരുന്ന ആ മഹൽവ്യക്തി, അക്കാലത്തും പഴമക്കാരുടെ ഇടയിൽ ഇന്നും, വലിയ മൗലവി സാഹിബ് എന്ന് സ്നേഹവാത്സല്യങ്ങളോടെ വിളിക്കപ്പെട്ടിരുന്ന മൗലാനാ മൗലവി ബി. അബ്ദുല്ലാ സാഹിബ് HA അവർകൾ ആയിരുന്നു.

ഐതിഹാസികമായ ഒരു ജീവിതമായിരുന്നു മൗലവി. അബ്ദുല്ലാ സാഹിബിന്റേത്. അഹ്മദിയ്യാ സാമൂഹികചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തപ്പെടേണ്ടതായ ഒരു നാമമാണ് വലിയ മൗലവി സാഹിബിന്റേത്.

അറബിസാഹിത്യത്തിൽ അദ്ദേഹത്തിന് അതീവപാണ്ഡിത്യം ഉണ്ടായിരുന്നു. മതവിജ്ഞാനത്തിന്റെ ഒരക്ഷയഖനിയായിരുന്നു മൗലവി സാഹിബ്; ഒരു സർവ്വവിജ്ഞാനകോശം. അസാധാരണ വാക്ചാതുര്യത്തോടെ മണിക്കൂറുകളോളം പ്രസംഗിക്കാൻ കഴിവുള്ള ഒരു വാഗ്മി കൂടിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പ്രഭാഷണം ആരംഭിച്ചുകഴിഞ്ഞാൽ, അത് തീരുവോളം സദസ്സിൽനിന്നും എഴുന്നേറ്റുപോകാൻ ആർക്കും തോന്നുമായിരുന്നില്ല.

നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അവയിൽ ഏറ്റവും പ്രസിദ്ധമായ ഒരു ഗ്രന്ഥമുണ്ട്. 'അന്നുബുവ്വത്തുഫിൽ ഇസ്ലാം' അഥവാ ഇസ്ലാമിലെ പ്രവാചകത്വം. നമ്മുടെ മുഖപത്രമായ സത്യദൂതനെ സംബന്ധിച്ചിടത്തോളം, അതിന്റെ ആത്മാവും ശരീരവും അദ്ദേഹമായിരുന്നു. നാലുകൊല്ലക്കാലം മാത്രമേ അതിന്റെ പത്രാധിപത്യം വഹിച്ചിട്ടുള്ളൂവെങ്കിലും, മരിക്കുംവരെ നീണ്ട നാല്പതു വർഷക്കാലം നമ്മുടെയീ പത്രമാസികയിലൂടെ കേരള മുസ്ലിം സമുദായാന്ത

രീക്ഷത്തിൽ വിശ്വാസവിസ്ഫോടനങ്ങളുടെ ഒരു വേലിയേറ്റംതന്നെ മൗലവി സാഹിബ് സൃഷ്ടിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഒരിക്കലും ക്ഷീണിക്കാത്ത മനസ്സും, മഷിയുണങ്ങാത്ത തൂലികയും കഴിഞ്ഞ മൂന്നുനാലു പതിറ്റാണ്ടായി കേവലം സ്മരണയായി മാറിയിരിക്കുന്നു.

മൗലാനാ അബ്ദുല്ലാ സാഹിബിനെപോലെയൊരു മുസ്ലിം കർമ്മയോഗിയെ കഴിഞ്ഞ അരസഹസ്രാബ്ദത്തിനിപ്പുറം കേരളം കണ്ടിട്ടുണ്ടായിരുന്നില്ല. വിശ്വാസപരമായി മുസ്ലിംലോകത്തിന്റെ മുഴുവൻ എതിർപ്പിനും, വെറുപ്പിനും പാത്രീഭൂതമായ ഒരു ആത്മീയ പ്രസ്ഥാനത്തിന്റെ ചെറിയ ചക്രവാളത്തിനുള്ളിൽ ഒതുങ്ങിജീവിക്കേണ്ടിവന്ന അദ്ദേഹത്തിന്റെ ഔന്നത്യവും മാഹാത്മ്യവും ഒരുപക്ഷേ ആധുനിക തലമുറയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നു വരാം, എന്നാൽ ഭാവിതലമുറകൾ അദ്ദേഹത്തെ തിരഞ്ഞെടുക്കുമെന്നതിൽ സംശയമില്ല.

അദ്ദേഹം ഒരു ഭരണാധികാരിയായിരുന്നില്ല, പടനയിക്കുന്ന ഒരു സർവ്വസൈന്യാധിപനായിരുന്നില്ല, സമ്പത്ത് കൈയാളിയിരുന്ന ഒരു ധനവാനുമായിരുന്നില്ല. പക്ഷേ, ഒരു മനുഷ്യസ്നേഹിയായിരുന്നു. അശരണരുടെ ആശാകേന്ദ്രമായിരുന്നു, അനാഥരുടെ ആശ്രയസ്ഥാനമായിരുന്നു, ഒക്കെപ്പുറമെ അബലകളുടെ അവകാശസംരക്ഷകനും ആതുരശുശ്രൂഷകനുമായിരുന്നു. ഭക്തജനങ്ങളുടെ സ്നേഹിതനും, പാവങ്ങളുടെ ബന്ധുവുമായിരുന്ന അദ്ദേഹം നൊമ്പരപ്പെടുത്തുന്ന ഏതു ഹൃദയത്തിനും ക്ലേശഭാരം ഇറക്കിവെക്കാനുള്ള ഒരത്താണിയായി പ്രവർത്തിച്ചിരുന്നു.

അഹ്മദിയ്യാ പ്രസ്ഥാനത്തിലൂടെ, വാഗ്ദത്തമസീഹിന്റെ ഒരു സന്ദേശവാഹകനെന്ന നിലയിൽ അന്ത്യശ്വാസംവരെ അദ്ദേഹം സ്വകർത്തവ്യം നിർവിഘ്നം നിർവ്വഹിച്ചുകൊണ്ടിരുന്നു.

എല്ലാ മതവിഭാഗങ്ങളിലുള്ളവരും അദ്ദേഹത്തെ സ്നേഹിച്ചു. വിവിധ മതപണ്ഡിതന്മാർ അദ്ദേഹത്തെ ബഹുമാനിച്ചു. നിരീശ്വരരും നിർമ്മതസ്ഥർപോലും മൗലവിസാഹിബിനെ ആദരിച്ചിരുന്നു. പുരോഹിതവിഭാഗങ്ങളിൽപ്പെട്ടവരിൽ ഒരിക്കലും കാണാനാകാത്ത ഒരു ആത്മീയചൈതന്യം അവർ അദ്ദേഹത്തിൽ ദർശിച്ചു. സഹിഷ്ണുതയും പ്രതിപക്ഷബഹുമാനവും അദ്ദേഹത്തിന്റെ മുദ്രാവാക്യങ്ങളായിരുന്നു. മൗലവി സാഹിബിന്റെ അനുകരണീയമായ നിരവധി ഗുണങ്ങളിൽ ഒന്ന്, അദ്ദേഹത്തിന്റെ പരിത്യാഗശീലമായിരുന്നു. ഒരു ദർവേശിയെപോലെ നിസ്സംഗമായ ഒരു ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത്. താൻ, അദ്ദേഹത്തെ ഔലിയാക്കളിൽ (ഔലിയ ഉർറഹ്മാൻ) ഒരാളായിട്ടാണ് കരുതുന്നതെന്ന് അദ്ദേഹത്തോടൊപ്പം ഖാദിയാനിൽ വിദ്യാഭ്യാസം നേടിയ ഒരു മഹൽവ്യക്തിയായ ഖാലിദെ അഹ്മദിയ്യത്ത് മൗലാനാ അബുൽ അത്താ സാഹിബ് ജാലന്ധരി എച്ച്.എ. തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

ജമാഅത്തിന്റെ ഏറ്റവും വലിയ അഭിമാനസ്തംഭമായിരുന്ന ഈ മഹാനുഭാവനെപ്പറ്റി എഴുതാനാണെങ്കിൽ സുദീർഘമായ താളുകൾതന്നെ വേണ്ടിവരും. വളരെ ചെറിയ ചില കാര്യങ്ങൾകൂടി പറഞ്ഞ്, ഞാനീ വരികൾ അവസാനിപ്പിക്കാം.

മൗലവി അബ്ദുല്ലാസാഹിബ്, അന്ന് കേന്ദ്രം നിയോഗിച്ച കേവലം ഒരു മുബല്ലിഗ് മാത്രമായിരുന്നില്ല. പ്രത്യുത, കേരള ജമാഅത്തിലെ അഹ്മദികളുടെ മുഴുവൻ രക്ഷാകർത്താവുകൂടിയായിരുന്നു. പ്രശ്നങ്ങൾ എന്നും എല്ലായിടത്തും ഉണ്ടാവാമല്ലൊ. അന്നും, അക്കാലത്തും ജമാഅത്തുകളിലോ കുടുംബങ്ങളിലോ, വ്യക്തികളിലോ ചില പ്രശ്നങ്ങൾ ഉടലെടുത്ത സംഭവങ്ങളുണ്ടായിട്ടുണ്ട്. അത്തരം ഏത് അഭിപ്രായവ്യത്യാസങ്ങൾക്കും, പ്രശ്നങ്ങൾക്കും അന്തിമപരിഹാരം കണ്ടെത്തിയിരുന്നത് മൗലവി സാഹിബായിരുന്നു. അദ്ദേഹം നാട്ടിൽ എത്തി പ്രശ്നപരിഹാരം കാണുംവരെ, എല്ലാവരും ക്ഷമയോടെ കാത്തിരിക്കുമായിരുന്നു.

മൗലവി സാഹിബ് എന്റെ ഓർമ്മകളിൽ നിറഞ്ഞുനിൽക്കുന്നത് എന്റെ കൗമാരകാലത്തെ അനുഭവങ്ങളിലാണ്. വലിയ മൗലവി സാഹിബും ചെറിയ മൗലവി സാഹിബും (മർഹൂം മൗലവി അബുൽവഫാ സാഹിബ്) എന്റെ പിതാവിന്റെ ആതിഥേയത്വം സ്വീകരിച്ച്, നിരവിതവണ ഞങ്ങളുടെ വീട്ടിൽവന്ന് താമസിക്കാറുണ്ടായിരുന്നു. അദ്ദേഹം വന്നെത്തുന്ന ദിവസം വീട്ടിൽ ഒരുത്സവപ്രതീതിയാണ്. പാചകകലയിൽ പ്രവീണയായ എന്റെ വന്ദ്യമാതാവ് തനിക്കേറ്റവും ഇഷ്ടമുള്ള വിഭവങ്ങൾ തയ്യാറാക്കുന്നത് ആ അവസരങ്ങളിലായിരുന്നു, മൗലവി സാഹിബിന്റ സന്ദർശനവേളകളിൽ. ഞാനോർക്കുന്നു, എരിവ് തീരെ കുറച്ചാണ് മൗലവി സാഹിബിന് വേണ്ട കറികൾ തയ്യാറാക്കിയിരുന്നത്.

ചില രോഗങ്ങൾ സ്വജീവിതകാലത്ത് അദ്ദേഹത്തെ അലട്ടിയിരുന്നുവെങ്കിലും പൊതുവേ നല്ല ആരോഗ്യവാനായിരുന്നു മൗലവി സാഹിബ്. നല്ലൊരു സ്പോർട്സ്കാരൻ കൂടിയായിരുന്ന അദ്ദേഹം ഹോക്കികളിയിൽ പ്രാവീണ്യം നേടിയിരുന്നു.

അസാധാരണമായ മനധൈര്യമുള്ള ഒരു ധീരനായിരുന്നു അദ്ദേഹം. അതിന് തെളിവായി ചില പഴയ കാലസംഭവങ്ങളുണ്ട്.

ഒരു തർക്കശാസ്ത്രവിദഗ്ദ്ധനായി കൂടി അറിയപ്പെട്ടിരുന്ന അദ്ദേഹത്തിന് സമാനനായി അന്നും ഇന്നും കേരള അഹ്മദിയ്യാചരിത്രത്തിൽ ആരും ഉണ്ടായിട്ടില്ല. എത്ര കടുത്ത പ്രതിസന്ധിയിലും ഏതു പ്രതിയോഗിയേയും തർക്കമുനയിൽ കോർത്തുനിർത്താനും വാദമുഖങ്ങൾകൊണ്ട് തോൽപ്പിച്ചു തറപറ്റിക്കാനും നിഷ്പ്രയാസം അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ഉത്തരം മുട്ടു

മ്പോൾ വാദപ്രതിവാദങ്ങൾക്കിടയിൽ മുഷ്ടിബലം കാട്ടാൻ തയ്യാറായി വരുന്ന അപൂർവ്വം മുഷ്കന്മാരായ പ്രതിയോഗികളെ കായികമായിതന്നെ വേണമെങ്കിൽ നേരിടാമെന്ന മട്ടിൽ അദ്ദേഹം ഭയാകുലരാക്കി പരിഭ്ര മിപ്പിച്ച് പിന്തിരിപ്പിച്ചിട്ടുമുണ്ട്.

അക്കാലത്ത് തിരുവിതാംകൂറിൽ സുന്നിമുസ്‌ലിം വിഭാഗത്തിന്റെ ഇടയിൽ വളരെ പ്രശസ്തനായ ഒരു പണ്ഡിതമുസല്യാർ ഉണ്ടായിരുന്നു. പതിയിൽ അബൂബക്കർ മൗലവി. പതിമുസല്യാർ എന്നായിരുന്നു പരക്കെ അദ്ദേഹം അറിയപ്പെട്ടിരുന്നത്. നമ്മുടെ മൗലവി സാഹിബുമായി ഒരിക്കൽ അദ്ദേഹം വാദപ്രതിവാദത്തിനൊരുങ്ങി വന്നു. ഒരു കാളവണ്ടി നിറയെ മതഗ്രന്ഥങ്ങളുമായി പരിവാരസമേതം ആയിരുന്നു മൂപ്പരുടെ വരവ്. അവരെ നേരിടുന്ന നമ്മുടെ മൗലവിസാഹിബിന്റെ പക്കൽ ഉണ്ടായിരുന്നത് കേവലം ചെറിയൊരു ഗ്രന്ഥം മാത്രമായിരുന്നു, ഒരു പോക്കറ്റ് എഡിഷൻ ഖുർആൻ പതിപ്പ്.

ഒപ്പം ഏറ്റിക്കൊണ്ടുവന്ന പുസ്തകച്ചുമടിൽ ഒന്നിലൂടെയും തനിക്ക്, തന്റെ ദൗത്യവും വാദഗതികളും പൂർത്തിയാക്കാനോ തെളിയിക്കാനോ കഴിയാതെ വന്നപ്പോൾ, പതിമുസ്‌ല്യാരും കൂട്ടാളികളും നിരാശരായി. അവർ നമ്മോട് മുഷ്ക്ക് കാട്ടാൻവരെ തയ്യാറായി. തോൽവി പകർന്നുനൽകിയ നിരാശാബോധത്തിൽ നിന്നും ഉടലെടുത്ത അവരുടെ മുഷ്ടികാട്ടലിൽ മൗലവി സാഹിബ് ഒട്ടും പതറിയില്ല. ഒരു കിണ്ടൻ കൈലിയും, വെള്ള അരക്കയ്യൻ ഷർട്ടും ധരിച്ച്, ഖുർആനും കൈയിൽ വെച്ചുകൊണ്ട് ശാന്തനായി ഇരുന്ന മൗലവി സാഹിബ് പെട്ടെന്ന് ഒരു സിംഹത്തെപോലെ ചാടിയെഴുന്നേറ്റു. എല്ലാവരും അമ്പരന്നു നോക്കിനിൽക്കെ, മുസ്‌ല്യാരോട് മൗലവി സാഹിബ് ഗർജ്ജിച്ചു.

''വാദപ്രതിവാദംകൊണ്ട് തോൽപ്പിക്കാമെങ്കിൽ അതിന് ശ്രമിച്ചോളൂ, അല്ലാതെ കൈയൂക്ക് കാട്ടാനാണ് ശ്രമമെങ്കിൽ ജദ്ബ് കൊള്ളണ്ട മൊല്ലാക്കാ. നിങ്ങളെ കായികമായിത്തന്നെ നേരിടാനും ഞാൻ തയ്യാറാണ്. എന്താ ഒരുങ്ങുന്നുണ്ടോ?''

ഈ ധൈര്യം, മൗലവി സാഹിബ് കാട്ടിയ ഈ അസാധാരണ ധീരത കണ്ട് പരിഭ്രമിച്ചുപോയ മൊല്ലാക്കമാരും പരിവാരങ്ങളും ആ ഒരു ചുമട് പുസ്തകങ്ങളും വണ്ടിയിലേറ്റി മണ്ടിക്കളഞ്ഞു. റബ്ബ്, തനിക്ക് തന്ന മനോധൈര്യവും തന്റെ കായികമായ ആരോഗ്യാവസ്ഥയും കണ്ടുള്ള ശത്രുക്കളുടെ ഭയപ്പാടുംമൂലമാണ് ഒരുപക്ഷേ, വലിയൊരു ദുരന്തമായി മാറിയേക്കാവുന്ന അപകടാവസ്ഥയിൽനിന്നും അന്ന് നാം രക്ഷപ്പെട്ടതെന്ന് അദ്ദേഹം പിന്നീട് പറഞ്ഞതായി കേട്ടിട്ടുണ്ട്.

സന്ദർഭത്തിനൊത്ത് ബുദ്ധിയും ശക്തിയും കാട്ടി ഏതവസ്ഥയേയും അവസരത്തേയും നേരിടാനൊരു പ്രത്യേക സിദ്ധി അദ്ദേഹത്തിനുണ്ടായിരുന്നു; വാദപ്രതിവാദരംഗങ്ങളിൽ മാത്രമല്ല ഈ പ്രാഗത്ഭ്യം അദ്ദേഹം കാട്ടിയിരുന്നത്.

ഒരു സംഭവകഥ കേട്ടിട്ടുണ്ട്. മുമ്പാണ്, ഏറെക്കാലം മുമ്പ്. ചേലക്കര ടൗണിൽവെച്ച് അന്നത്തെ നമ്മുടെ പള്ളിയിലേക്ക് ഒരിക്കലദ്ദേഹം പോവുകയായിരുന്നു വത്രെ. രാത്രി സമയം. അറിവ് ശരിയാണെങ്കിൽ ഒപ്പം കൂട്ടിനുണ്ടായിരുന്നത് കരുനാഗപ്പള്ളി ജമാഅത്തിലെ സെയ്നുദ്ദീൻ സാഹിബായിരുന്നു. മിൽ സെയ്നുദ്ദീൻ കുഞ്ഞ് എന്നാണദ്ദേഹം അറിയപ്പെട്ടിരുന്നത്. അദ്ദേഹം ഇന്ന് ജീവിച്ചിരിപ്പില്ല. ആരോഗദൃഢഗാത്രനായ ഒരു മദ്ധ്യവയസ്കനായിരുന്നു സെയ്നുദ്ദീൻസാഹിബ് അന്ന്.

ചേലക്കര ഗ്രാമത്തിലെ വിശാലമായ ഒരു വയൽപ്രദേശം താണ്ടി വേണം പള്ളിയിലേക്ക് പോകേണ്ടത്. ഇടുങ്ങിയ വയൽവരമ്പിലൂടെ അവർ രണ്ടുപേരും നടന്നു. എവിടെയോവെച്ച് മൗലവി സാഹിബിന് വഴിതെറ്റി. എങ്ങോട്ടു പോകണം. ചുറ്റും കനത്ത ഇരുട്ടാണ്. കൈയിൽ വിളക്കുമില്ല. ദിശാബോധം തന്നെ നഷ്ടപ്പെട്ട അവർ നന്നേ കുഴങ്ങി. ചുറ്റും കൊയ്ത്തൊഴിഞ്ഞ വിശാലമായ പാടശേഖരമാണ്. വഴിതെറ്റി നടുക്കടലിലകപ്പെട്ട നാവികന്റെ അവസ്ഥ. മുകളിൽ നക്ഷത്രങ്ങൾ മിന്നിനിൽക്കുന്ന ആകാശം. ചീവീടുകളുടെ ശബ്ദം മാത്രം ചുറ്റും. ലക്ഷ്യബോധം നഷ്ടപ്പെട്ട് അവർ ഒരുനിമിഷം നിശ്ചലരായി നിന്നുപോയി.

മൗലവി സാഹിബിന് പെട്ടെന്നു തോന്നിയ ഒരാശയം. ബാങ്കുവിളിക്കുക എന്നതായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ ദൈവനാമം വിളിക്കുക എന്നതിൽ കവിഞ്ഞ് മറ്റെന്താണ് ഉത്തമം.

നിർദ്ദേശം കിട്ടിയപ്പോൾ സെയ്നുദ്ദീൻ സാഹിബ് വയൽവരമ്പിൽതന്നെ നിന്ന് ഉച്ചത്തിൽ, വളരെ ഉച്ചത്തിൽ ബാങ്കുവിളിച്ചു.

'അല്ലാഹു അക്ബർ..... അല്ലാഹു അക്ബർ' രാത്രി നേരത്ത് തക്ബീർധ്വനി നാദം ആ വിജനപ്രദേശത്ത് മുഴങ്ങിക്കേട്ടു. കനത്ത ഇരുളിലൂടെയും ആ ശബ്ദവീചികൾ എവിടെക്കൊക്കെയോ പരന്നൊഴുകി. തണുപ്പുകാലമായിരുന്നതിനാൽ ആ ശബ്ദം വേഗത്തിൽ സഞ്ചരിച്ച് അല്പമകലെയുള്ള ചില വീടുകളിലെത്തിനിന്നു.

നാട്ടുകാർ കാതോർത്തു. ഈ സമയത്ത് എവിടെ നിന്നാണ് ബാങ്കുവിളി. കത്തിച്ച പന്തങ്ങളുമായി നാട്ടുകാർ ബാങ്കുവിളികേട്ട സ്ഥലം ലക്ഷ്യമാക്കി ഓടിയെത്തി. അവർ വന്നെത്തിയത് ഒരു ഖാദിയാനി മൗലവിയുടെ അടുത്താണ്. ഒപ്പം ഒരു കൂട്ടാളിമാത്രം. വിശ്വാസപരമായി തങ്ങളുടെ ഒരു മതശത്രുവാണ് കൺമുമ്പിൽ. എന്ത് പ്രതികാരവും ചെയ്യാൻ കഴിയുന്ന അവസരം. പക്ഷേ, ദൈവനിശ്ചയം മറ്റൊന്നായിരുന്നു. നല്ലവരായ ആ നാട്ടുകാർ മൗലവി സാഹിബിന് വഴികാട്ടി, നമ്മുടെ പള്ളിയിൽ എത്തിച്ചുവെന്നാണ് ചരിത്രം.

ആ മഹാത്മാവിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്, ഈ ചെറിയ വരികൾ, ഇതാ ഇവിടെ ഞാനവസാനിപ്പിക്കുന്നു. ●

കവിത

കെ.പി.എ. പുന്നോൽ

# അധർമ്മികൾ

ധർമ്മം നിഷേധിച്ചു തള്ളിപ്പറയു
ന്നധർമ്മിയാം മർത്യരെ കണ്ടില്ലെ മാനവാ
നാഥന്റെ രക്ഷാവലയത്തിലല്ലാ-
ത്തനാഥരെയാട്ടിയോടിക്കുന്ന കശ്മലർ
ആരോരുമില്ലാത്തോർക്കാഹാരം നൽകുവാൻ
ആരേയും പ്രേരണ നൽകാത്തൊരു ജനം
അലസമായ് ദൈവത്തെയാരാധിക്കുന്നോർക്കും
അന്യരെക്കാട്ടുവാൻ കർമ്മങ്ങൾ ചെയ്വോർക്കും
മാന്യത കാട്ടിത്തിളങ്ങുന്ന കൂട്ടർക്കും
ആപത്ത് വന്ന് ചേരുമത് നിശ്ചയം
അൻപമായുള്ള സഹായങ്ങൾ ചെയ്യുവാൻ
സ്വൽപവും നല്ല മനസ്സ് കാട്ടുന്നില്ല.
അൽപമാമൗദാര്യം ഏകുന്നതിൽ നിന്ന-
ൽപ്പമായുള്ള തടസ്സമുണ്ടാക്കുന്നു.

*(വിശുദ്ധഖുർആനിലെ 'അൽമാഊൻ' എന്ന അദ്ധ്യായത്തിന്റെ ആശയാവിഷ്കാരം)*

# നബികീർത്തന യോഗം

**ചേലക്കര:** ചേലക്കര അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ചേലക്കര ടൗണിൽ 29.9.2006 ചൊവ്വാഴ്ച വിപുലമായ നിലയിൽ നബികീർത്തന യോഗം സംഘടിപ്പിക്കുകയുണ്ടായി. വൈകുന്നേരം 4 മണിക്ക് മൗലവി ഹിദായത്തുല്ലാഹ് സാഹിബ് സഖാഫിയുടെ ഖുർആൻ പാരായണത്തോടെ പരിപാടികൾ ആരംഭിച്ചു. നബി(സ)തിരുമേനിയെ പ്രകീർത്തിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) എഴുതിയ അറബി ഖസീദ മുഹമ്മദുണ്ണി മുസ്ല്യാർ ആലാപനം ചെയ്തു. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് ആലപ്പുഴ, പൂർവ വേദങ്ങളിൽ മുഹമ്മദ് നബി(സ)യെക്കുറിച്ചുള്ള പ്രവചനങ്ങൾ എന്ന വിഷയത്തെക്കുറിച്ചും മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് കാവശ്ശേരി, നബി(സ) സർവ്വലോകാനുഗ്രഹി എന്ന വിഷയത്തെക്കുറിച്ചും പ്രഭാഷണങ്ങൾ നടത്തി. പാലക്കാട്-തൃശ്ശൂർ മേഖലാ അമീർ ജനാബ് അബ്ദുൽ കരീം സാഹിബ് അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ ചേലക്കര ജമാഅത്ത് പ്രസിഡണ്ട് ടി. അനസ് സാഹിബ് സ്വാഗതവും മജ്‌ലിസ് അൻസാറുല്ലാഹ് സഈം എ. ബശീർ അഹ്മദ് സാഹിബ് നന്ദിയും പറഞ്ഞു. തദ്ദേശവാസികൾക്ക് പുറമെ കാവശ്ശേരി, മഞ്ചേരി, അലനല്ലൂർ, പാലക്കാട്, പള്ളിപ്പുറം, മുറിയക്കണ്ണി തുടങ്ങിയ ജമാഅത്തുകളിൽ നിന്ന് അംഗങ്ങൾ സജീവമായി യോഗത്തിൽ പങ്കെടുത്തു.



ലേഖനം

*ഉമർ പാറപ്പുറത്ത്*

# സദ്ദാം സ്വാഭാവികമായ പരിണാമം

സദ്ദാം ഹുസൈനെ വിചാരണ ചെയ്യുമ്പോൾ വലിയ നീതിയൊന്നും പ്രതീക്ഷിച്ചിരുന്നില്ല ആരും. അദ്ദേഹം സ്വയംതന്നെ ഒരു വധശിക്ഷ മുൻകൂർ പ്രതീക്ഷിച്ചിട്ടുണ്ടാകാം. എന്തായാലും സദ്ദാം ഏറ്റുവാങ്ങുന്ന വധശിക്ഷ മനുഷ്യരാശിയെ സംബന്ധിച്ചിടത്തോളം ഒരു സ്വാഭാവിക പരിണാമമമാണ്. ഈ പരിണാമത്തിന്റെ അർത്ഥതലങ്ങൾ 'വിരുദ്ധമായ' ഒരു മനോഭാവത്തിന്റെ സൂചനയാകുന്നു. എന്താണീ 'വിരുദ്ധത' എന്നത് ലോകം കൂടുതലായി ചർച്ച ചെയ്തുകൊണ്ടേയിരിക്കും. ആദ്യഘട്ടത്തിൽ ഇത് സദ്ദാമിന്നെതിരായ സാമാന്യനീതിയുടേയും മര്യാദകളുടേയും ലംഘനമാകുന്നു. പിന്നീട് അതിൽ കൂടുതലായി പല നിലകളിലേക്ക് അന്വേഷണം കടന്നെത്തുന്നുണ്ട്.

സദ്ദാം ഹുസൈൻ വധശിക്ഷക്ക് വിധിക്കപ്പെട്ടത് അദ്ദേഹത്തിന്നെതിരായ ഒരു കേസിൽ മാത്രമാണ്. ഇനിയും ഒട്ടനവധി കേസുകൾ അദ്ദേഹത്തെ കാത്തിരിക്കുന്നുണ്ട്. 1982-ൽ സദ്ദാമിന്നെതിരായി നടന്ന ഒരു വധശ്രമത്തെ തുടർന്ന് ശിയാ ഭൂരിപക്ഷ പ്രദേശമായ ദുജ്ജയിലിൽ 148 ഓളം ആളുകളെ ഇറാഖി സേന കൊന്നുകളഞ്ഞതായാണ് ആരോപണം. ഈ ആക്രമണവും, മനുഷ്യഹത്യയും സദ്ദാം നടത്തിയ പല ക്രൂരകൃത്യങ്ങളിൽ ഒന്നായി മാത്രം വിമർശകർ കണക്കാക്കുന്നുണ്ട്. വിചാരണയ്ക്കിടയിൽ ഒരിക്കൽ ഈ കൂട്ടുക്കുരുതിയെ സദ്ദാം ന്യായീകരിക്കുകയും ചെയ്തു. വിചാരണ ചെയ്യവെ ഒരു ശിയാ സാക്ഷി ഈ കൂട്ടക്കുരുതിയുടെ ചിത്രം വരച്ചുകാട്ടിയപ്പോഴായിരുന്നു അത്. അന്ന് ദുജ്ജയിലിൽ നടന്ന കൂട്ടമനുഷ്യഹത്യയെ തുടർന്ന് സ്ത്രീകളും കുട്ടികളും അറസ്റ്റുചെയ്യപ്പെട്ടുവെന്നും പിന്നീട് ഇവരെയൊക്കെ കൊന്നുകളഞ്ഞുവെന്നുമാണ് സാക്ഷിമൊഴി. എന്തായാലും വിധി മുൻകൂർ നിശ്ചയിക്കപ്പെടുമെന്ന് ഏറെക്കുറേ ഉറപ്പായിരുന്നു.

സദ്ദാമിന്നെതിരായ വിചാരണ ആരംഭിക്കുന്നതുതന്നെ വിചിത്രമായ രീതിയിലാണ്. (വിചാരണ നടന്ന കോടതിമുറി മുമ്പ് സദ്ദാമിന്റെ ബാത്ത്പാർട്ടിയുടെ ഓഫീസായിരുന്നു) ജഡ്ജി പ്രതിക്കൂട്ടിൽ നിൽക്കുന്ന സദ്ദാമിനോട് സ്വയം പരിചയപ്പെടുത്താൻ പറഞ്ഞപ്പോൾ അദ്ദേഹം വിസമ്മതിച്ചു. പിന്നീട് ജഡ്ജിയുമായി വാക്കുതർക്കത്തിലേർപ്പെട്ടു. ഇത്തരം സംഭവങ്ങൾ തുടർന്നുമുണ്ടായി. ഒരവസരത്തിൽ സദ്ദാമിനെ കായികമായി നേരിടുന്ന സാഹചര്യം വരെയുണ്ടായി. സദ്ദാമിനുവേണ്ടിയുള്ള അഭിഭാഷകരിൽ പലരേയും കോടതിമുറിയിൽനിന്ന് പുറന്തള്ളി. അമേരിക്കൻ ലീഗൽ അഡ്വൈസർമാരും ഇറാഖി ഗവർമ്മെന്റ് പ്രതിനിധികളും കോടതിക്കാര്യങ്ങളിലും ജഡ്ജിമാരുടെ നിർവ്വഹണകാര്യങ്ങളിലും പരസ്യമായിത്തന്നെ ഇടപ്പെട്ടിരുന്നു.

ഈ വിചാരണക്കായി അമേരിക്ക ചെലവിട്ടത് ഏകദേശം 140 മില്യൺ ഡോളറാണത്രെ. വെറുതെയല്ല അമേരിക്ക ഇത്രമാത്രം പണം വലിച്ചെറിഞ്ഞത്. ഈ പ്രദർശനത്തിന് വ്യക്തമായ ഒരു അജണ്ടയുണ്ടായിരുന്നു. മദ്ധ്യപൂർവ്വേഷ്യൻജനതക്ക് മുഴുവനായി ഒരു സന്ദേശം നൽകുകയായിരുന്നു അമേരിക്ക. തങ്ങളുടെ നേതാക്കൾ മുഴുവൻ അവരുടെ കർമ്മങ്ങൾക്ക് കണക്കു പറയേണ്ടിവരുമെന്ന സന്ദേശമാണിത്. ഇത് പുറമേക്ക് ജനതാല്പര്യമായി തോന്നാമെങ്കിലും പരോക്ഷമായി ധാർഷ്ട്യപൂർവ്വമുള്ള മുന്നറിയിപ്പായിട്ടാണ് കാണേണ്ടത്. ഏത് രാജ്യത്തേയും നേതാവിനെ വിചാരണ ചെയ്യാനുള്ള അധികാരം തങ്ങൾക്കുണ്ടെന്ന വിളംബരമാണിത്. മദ്ധ്യപൂർവ്വേഷ്യയിൽ സഖ്യകക്ഷികളോ അല്ലാത്തതോ ആയ മുഴുവൻ രാജ്യങ്ങൾക്കും ഇത് ബാധകമാകുന്നു. ഇതോടുകൂടി അമേരിക്കൻ ധിഷണയിൽ മറ്റൊരുകാര്യം കൂടിയുണ്ടായിരുന്നു. വിചാരണ തുടരുമ്പോൾ പുറത്തുവരാവുന്ന പുതിയ പുതിയ കൊലകളും ക്രൂരകൃത്യങ്ങളും സദ്ദമിന്നെതിരായ ജനവികാരമിളകുമെന്ന് അവർ കണക്കുകൂട്ടി. എന്നാൽ, കോടതിമുറിയിലെ പ്രക്ഷുബ്ധരംഗങ്ങളും സദ്ദാമിന്റെ രണ്ടുംകല്പിച്ചുള്ള പ്രതിരോധശ്രമങ്ങളും ഇങ്ങനെയുള്ള വിചാരം ജ്വലിപ്പിച്ചില്ല. മറിച്ച്, അമേരിക്കൻ ഇടപെടലുകൾ കൂടുതൽ വിമർശനവിധേയവുമായി.

മറുവശത്ത് സദ്ദാമിന്നായി രൂപീകരിക്കപ്പെട്ട അഭിഭാഷകവൃന്ദം വേറൊരു തന്ത്രം രൂപപ്പെടുത്തിയിരുന്നു. സ്ഥിരമായി കടുത്തപ്രതിരോധ പ്രകടനങ്ങൾ സദ്ദാം കോടതിക്കുള്ളിൽ നടത്തുക. അമേരിക്കൻ അധിനിവേശവും തുടർന്നുള്ള അരാജകത്വവും കോടതിയിൽ തുറന്നടിക്കുക. സ്വാഭാവികമായും വിചാരണ നീണ്ടുപോയേക്കാം. അപ്പോൾ സഹിക്കെട്ട അവസ്ഥയിൽ അമേരിക്കൻ ഭരണകൂടം സദ്ദാമിനെ മോചിപ്പിക്കാൻ തയ്യാറായേക്കും. സദ്ദാമിന്റെ മുഖ്യഅഭിഭാഷകൻ ഖലീൽ അൽ ദുലൈമി അഭിപ്രായപ്പെടുന്നതനുസരിച്ച് സദ്ദാമിനു മാത്രമെ ഇന്നത്തെ അവസ്ഥയിൽനിന്ന് ഇറാഖിനെ കരകയറ്റാൻ സാധിക്കുകയുള്ളു. എന്തായാലും വാദിഭാഗവും പ്രതിഭാഗവും തങ്ങളുടെ ഉദ്യമങ്ങളിൽ പൂർണ്ണമായും വിജയിച്ചില്ല. പെട്ടെന്നുതന്നെ വിധി പുറത്തിറങ്ങുകയും സാങ്കേതികമായ രീതിയിൽ യു.എസ്. സഖ്യകക്ഷികൾ ഇതിനെ പ്രകീർത്തിക്കു

കയും ചെയ്തു. ഈ തിടുക്കത്തിന്നിടയിൽ സാമാന്യമായ അവലോകനത്തിൽ ചില കാര്യങ്ങൾ വ്യക്തമായി തെളിയുന്നുണ്ട്.

ഒന്നാമതായി ഇറാഖ് ഇന്ന് ഏതവസ്ഥയിലാണുള്ളത് എന്നതിന്റെ ഒരു ലഘുചിത്രം ഇതിലൂടെ കാണാം. സദ്ദാമിനു വേണ്ടിയുള്ള അഭിഭാഷകരിൽ മൂന്നുപേർ കൊല്ലപ്പെട്ടു. ആഭ്യന്തര മന്ത്രാലയവുമായി ബന്ധമുള്ളവരോ, ശിയാ നേതാവ് മുക്താദാ അൽ സദമിന്റെ മഹ്ദി സൈന്യത്തിൽ പെട്ടവരോ ആകാം കൊലയാളികളെന്ന് സംശയിക്കുന്നു. സദ്ദാമിന്റെതന്നെ മറ്റൊരു അഭിഭാഷകൻ രാജ്യം വിട്ടുപൊയ്ക്കളഞ്ഞു.30-ൽ അധികം സാക്ഷികൾ വിസ്തരിക്കപ്പെട്ടത് തിരശ്ശീലക്ക് പിറകിൽവെച്ചായിരുന്നു. എന്നുവെച്ചാൽ സ്വന്തം മുഖം കാണിക്കാനുള്ള ധൈര്യം സാക്ഷികൾക്കുണ്ടായില്ല എന്നർത്ഥം. കൂടാതെ വിചാരണയുടെ നടപടിക്രമങ്ങളെ മിക്ക അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനകളും വിമർശിച്ചിരുന്നു. വിചാരണക്കിടയിൽതന്നെ പലവിധ പരാതികളും ഉന്നയിക്കപ്പെട്ടു. പിന്നീട് വധശിക്ഷക്ക് വിധിക്കപ്പെട്ട സദ്ദാമിന്റെ അനുജസഹോദരൻ ഇബ്രാഹിം ബർസാൻ തിരുത്തി തനിക്കാവശ്യമായ വൈദ്യശുശ്രൂഷ ലഭിക്കുന്നില്ലായെന്ന് പറഞ്ഞു. സദ്ദാംതന്നെ വാക്കൗട്ടുകളും നിരാഹാര സമരവുമൊക്കെ നടത്തിയിരുന്നു.

സദ്ദാമിനെ ആദ്യം വിചാരണ ചെയ്ത ജഡ്ജി റിസ്ഗാർ മുഹമ്മദ് അമീൻ പിന്നീട് അമേരിക്കൻ-ഇറാഖ് അധികാരികൾക്ക് അനഭിമതനായി. പ്രതികളോട് കൂടുതൽ ക്ഷമയും സൗമനസ്യവും കാണിക്കുന്നുവെന്നായിരുന്നു ഇദ്ദേഹത്തിന്നെതിരെയുള്ള ആരോപണം. കടുത്ത സമ്മർദ്ദങ്ങൾ അമീനുമീതെയുണ്ടായി. എന്തായാലും 2006 ജനുവരിയോടെ അമീൻ രാജി വെച്ചു. പിന്നീട് ദ ഗാർഡിയൻ പത്രത്തിൽ വന്ന അഭിമുഖത്തിൽ തന്റെമീതെ കടുത്ത സമ്മർദ്ദമുണ്ടായതായി ഇദ്ദേഹം സമ്മതിച്ചു. റിസ്ഗാർ അമീൻ രാജി വെച്ച ഒഴിവിൽ പിന്നീട് ഖുർദിശ് വംശജൻതന്നെയായ റഊഫ് അബ്ദ് അൽ റഹ്മാൻ നിയമിതനായി. എന്നിട്ടും വിചാരണയുടെ ഗതിവേഗം പോരായെന്നാണ് ഇറാഖി പ്രധാനമന്ത്രി നൂറി കമാൽ അൽമാലിക്കി പറഞ്ഞത്. മാലിക്കി മുന്നേതന്നെ സദ്ദാമിന് വധശിക്ഷ കിട്ടുമെന്ന് പരസ്യപ്പെടുത്തിയിരുന്ന ആളാണ്. ചുരുക്കത്തിൽ സദ്ദാം ശിക്ഷിക്കപ്പെടുമെന്ന് വിചാരണയുടെ തുടക്കത്തിൽതന്നെ വ്യക്തമായിരുന്നു.

സദ്ദാമിന്നെതിരായ വിധിപ്രസ്താവത്തിന്റെ തിരക്കഥ അമേരിക്കയിലെ ആഭ്യന്തരരാഷ്ട്രീയവുമായി ബന്ധപ്പെട്ടിരിക്കുന്നു. ബുഷ് ഭരണകൂടം വലിയ പ്രശ്നങ്ങൾ നേരിടുകയാണവിടെ. അമേരിക്കൻ സമ്പദ്വ്യവസ്ഥയിലെ മ്ലാനത ഇതിലൊന്നുമാത്രം. സജീവമായ രീതിയിലുള്ള ആദാന-പ്രദാനങ്ങൾ യു.എസ്. സാമ്പത്തികമേഖലയിൽ ഇപ്പോഴുണ്ടാകുന്നില്ല. സാമ്പത്തികമേഖലയെ സാർവ്വത്രികമായി ഓജസ്സുറ്റതാക്കാൻ ഭരണത്തിന് സാധിച്ചില്ല. കൂടാതെ ജനങ്ങളുടെ വരുമാനത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന അന്തരം സാമൂഹികമായും അമേരിക്കയെ വലക്കുന്നു. തൊഴിൽ തേടിയുള്ള പലായനങ്ങൾ മുമ്പത്തേക്കാളും പെരുകിവരുന്നത് മറ്റൊരു തലവേദനയത്രെ. ഗ്രാമ-നഗര പ്രദേശങ്ങളിലെ അസംതൃപ്തരായ ജനങ്ങൾ ഭരണകൂടത്തിന്റെ നിസ്സഹായതയിൽ അരിശംപൂണ്ടിരിക്കുന്നു. അമേരിക്കൻ സമൂഹത്തിന്റെ പ്രമാദമായ ആരോഗ്യ പരിപാലന-ഇൻഷൂറൻസ് സൗകര്യങ്ങളെ കാലികമായ തരത്തിൽ പരിരക്ഷിക്കുന്നതിൽ ബുഷ് ഗവർമ്മെന്റ് പരാജയപ്പെട്ടത് മറ്റൊരു വലിയ കാഴ്ചയായിരുന്നു.

ഇങ്ങനെയൊരു കുത്തഴിഞ്ഞ ദേശീയ പരിപ്രേക്ഷ്യത്തിലൂടെയാണ് ഇറാഖിലെ അമേരിക്കൻ അധിനിവേശത്തെ അമേരിക്കൻജനത വിലയിരുത്തിയത്. ഏറെക്കുറേ മൂവായിരത്തിനടുത്ത് അമേരിക്കൻ ഭടന്മാർ കൊല്ലപ്പെട്ട ഇറാഖ് അധിനിവേശം വലിയ ആശങ്കകൾ പരത്തുന്നു. 40,000ഓളം അമേരിക്കൻ സൈനികർക്ക് മാരകമായി മുറിവേറ്റതായി കണക്കുകൾ പറയുന്നു. ഇറാഖ് അധിനിവേശവുമായി ബന്ധപ്പെട്ട് ഏറെക്കുറെ 6.5 ലക്ഷം ആളുകൾ കൊല്ലപ്പെട്ടതായി കണക്കാക്കിയിരിക്കുന്നു. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ നടന്ന അഭിപ്രായസർവ്വേകളിൽ 60% അമേരിക്കക്കാരും ഇറാഖ് അധിനിവേശത്തിന്നെതിരെ വോട്ടു ചെയ്തു. അമേരിക്കൻ സേനയെ പിൻവലിക്കണമെന്ന മുറവിളിയും ശക്തമായിത്തുടങ്ങി. ചുരുക്കത്തിൽ ദേശീയ അന്തർദേശീയതലങ്ങളിലെ വിപരീത പരിതസ്ഥിതികൾക്കിടയിലാണ് അമേരിക്കൻ കോൺഗ്രസ്സിലേക്കുള്ള ഇടക്കാല തിരഞ്ഞെടുപ്പ് വന്നത്. ഈ തിരഞ്ഞെടുപ്പിന്റെ രാഷ്ട്രീയ പ്രത്യാഘാതങ്ങൾ മനസ്സിലാക്കിയ ബുഷ് ഭരണകൂടം പിടിച്ചുനില്ക്കാനുള്ള ഒരു ഉപാധി എന്ന നിലയിലാണ് സദ്ദാമിന്നെതിരായ വിധി തിടുക്കത്തിൽ പുറത്തിറക്കിയത്. തീവ്രദേശീയ വികാരത്തിന്റെ പ്രയോഗപരമായ സാധ്യതകൾ അന്വേഷിക്കുകയായിരുന്നു ബുഷ്. എന്നാൽ, കണക്കുക്കൂട്ടലുകൾ പിഴയ്ക്കുകയും ബുഷിന്റെ റിപ്പബ്ലിക്കൻപാർട്ടിക്ക് പാർലമെന്റിന്റെ ഇരുസഭകളിലും ഭൂരിപക്ഷം നഷ്ടമാവുകയും ചെയ്തു. 1994-നുശേഷം ഇതാദ്യമായാണ് ജനരോഷം ഇത്രകടുത്തരീതിയിൽ റിപ്പബ്ലിക്കൻപാർട്ടിക്കുമീതെ പതിക്കുന്നത്. പോരാത്തതിന് അമേരിക്കയിലെ 34 ഗവർണ്ണർ പദവികളിൽ ആറെണ്ണം ഈ വർഷം ഡമോക്രാറ്റുകൾ പിടിച്ചെടുക്കുകയുണ്ടായി. എന്തായാലും അധിനിവേശത്തിന്റെ രസതന്ത്രം പഴയപോലെ അമേരിക്കയിൽ വിറ്റുതീരുന്നില്ല.

കൂടാതെ സദ്ദാം വിചാരണ ചെയ്യപ്പെടുമ്പോൾ അദ്ദേഹത്തിന്റെ പിന്നാമ്പുറം അമേരിക്കയെതന്നെയാണ് വലക്കുന്നത്. 1960-ളിൽ മദ്ധ്യപൂർവ്വേഷ്യയിൽ നിലനിന്നിരുന്ന പാൻ-അറബ് ദേശീയതയുമായി ഈ പിന്നാമ്പുറത്തിന് ബന്ധമുണ്ട്. സദ്ദാം ഭരണത്തിലെത്തുന്നത് അറബ് ദേശീയതയിലും സോഷ്യലിസത്തിലും വിശ്വസിച്ചിരുന്ന ബാത്തിസ്റ്റ് പാർട്ടിയിലൂടെയാണ്. സത്യ

ത്തിൽ ഇടതുപക്ഷ അഭിനിവേശമുള്ള ബാത്തിസ്റ്റുകളെ തന്ത്രപരമായി നേരിടാൻ അമേരിക്ക രൂപപ്പെടുത്തിയ 'കരു'വായിരുന്നു സദ്ദാം. ഈ സമയത്ത് സമീപ അറബ് നാടുകളിലും ഇത്തരം പാൻ-അറബ് മുന്നേറ്റങ്ങളും കൂട്ടായ്മകളും ഉണ്ടായിരുന്നു. ഇവയൊക്കെ സോവ്യറ്റ് കൂടാരത്തിലെത്തിയാലുള്ള പ്രശ്നങ്ങൾ അമേരിക്ക മുൻകൂട്ടി കണ്ടു. ബാത്തിസ്റ്റ് പാർട്ടിക്കുള്ളിലെ പ്രത്യയശാസ്ത്രപരവും സൈദ്ധാന്തികവുമായ സർവ്വസംവിധാനങ്ങളേയും കീഴ്പ്പെടുത്താൻ സദ്ദാമിനെ സഹായിച്ചത് അമേരിക്കതന്നെയാണ്.

1979-ൽ തുടങ്ങിയ ഇറാൻ-ഇറാഖ് യുദ്ധത്തിൽ പരോക്ഷമായും പ്രത്യക്ഷത്തിലും ഇറാഖിനെ അമേരിക്ക സഹായിച്ചു. ഈ സഹായത്തിന്റെ രേഖകൾ അമേരിക്കയെ ഇപ്പോഴും ഭയപ്പെടുത്തുന്നുണ്ട്. ഇറാൻ -ഇറാഖ് യുദ്ധകാലത്ത് ഇറാഖ് നടത്തിയ രാസായുധ പ്രയോഗങ്ങളുടെ ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ അമേരിക്കൻ സെനറ്റ് കമ്മിറ്റിതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 1982-ലെ ദുജൈജൽ കൊലപാതകങ്ങൾ (ഈ കൂട്ടക്കുരുതിക്കാണ് ഇപ്പോൾ സദ്ദാം ശിക്ഷിക്കപ്പെട്ടത്) നടന്നപ്പോൾ അമേരിക്കൻ ചേരിയിലുള്ള രാജ്യങ്ങളൊക്കെയും നിശ്ശബ്ദമായിരുന്നു. പോരാത്തതിന് സദ്ദാമിന്നെതിരെയുള്ള 1987-88 കാലയളവിൽ ഖുർദുകളെ കൂട്ടക്കൊല ചെയ്ത ആരോപണവും ഒരുതരത്തിൽ തിരിച്ചടിയായേക്കാം. കാരണം ഈ വംശീയ നിഷ്കാസനത്തിനുള്ള രാസായുധം ആര് നൽകി എന്നത് പരസ്യമായ രഹസ്യമാണ്.

ചുരുക്കത്തിൽ സദ്ദാമിന്നെതിരായ വിചാരണ അമേരിക്കക്കും ജോർജ്ജ് ബുഷിനും ഞാണിന്മേൽ കളിയാണ്. കിട്ടിയ ആദ്യാവസരത്തിൽ വിധി പ്രസ്താവിക്കുകയും, നടപ്പിലാക്കുകയും ചെയ്തില്ലെങ്കിൽ കാര്യം പിടിയിലൊതുങ്ങില്ല. ഈയൊരു കാര്യം ബോധ്യപ്പെട്ടതിനാലാണ് സദ്ദാമിന്നെതിരായ മറ്റു കേസുകൾ വിചാരണയ്ക്കെടുക്കുംമുന്നേതന്നെ സദ്ദാമിനെ 'അവസാനിപ്പിക്കാൻ' അമേരിക്ക തീരുമാനിച്ചത്. എന്നാൽ, ഈ തീരുമാനത്തിന്റെ രാഷ്ട്രീയവും രാഷ്ട്രീയേതരവുമായ വശങ്ങൾ അമേരിക്കയെ വ്യാകുലപ്പെടുത്തുന്നു. ഈ വ്യാകുലതകളുടെ അടിസ്ഥാനം ഇറാഖിലെ ദിനംപ്രതി മുന്നേറുന്ന അരാജകത്വമാണ്. കൊലപാതകം, തീവ്രവാദി ആക്രമണം, പിടിച്ചുപറി, ബലാത്സംഗം ഇങ്ങനെയൊരു സിവിൽ സമൂഹത്തിന്റെ നൈര്യന്തരത്തെ ബാധിക്കുന്ന സകല ഗുരുതര സംഭവങ്ങളും ഇറാഖിൽ സാധാരണമാകുന്നു. ഇത് 'ഗ്രീൻസോൺ' എന്ന പേരിലുള്ള അമേരിക്കൻ അധിനിവേശ കേന്ദ്രങ്ങളെപ്പോലും ഭയപ്പെടുത്തുന്നു. ഇറാഖിൽ അമേരിക്ക പ്രതിഷ്ഠിച്ച പാവഗവർമ്മെന്റ് അധിനിവേശസൈന്യത്തിന്റെ തണലുണ്ടായിട്ടുകൂടി ഭരണത്തിൽ ആയാസപ്പെടുകയാണ്. ചുരുക്കിപ്പറഞ്ഞാൽ അധിനിവേശം വലിയൊരു പൊല്ലാപ്പായി മാറുന്നു.

ഇനി സദ്ദാമെന്ന വ്യക്തിയുടെ ആരൂഢത്തിലേക്ക് മടങ്ങാം. സദ്ദാം വധിക്കപ്പെട്ടാലും ഇല്ലെങ്കിലും ഇനി പുറംലോകം കാണില്ല എന്ന് ഉറപ്പാണ്. ഈയൊരു ദുരവസ്ഥ സദ്ദാമിന്റേതു മാത്രമല്ല, ദൈവത്തേയും ജനങ്ങളേയും മറക്കുന്ന എല്ലാ ഭരണാധിപന്മാരും അവസാനിക്കുന്നത് ഇത്തരത്തിൽതന്നെയാണ്. സാമ്രാജ്യത്വം തന്റെ കഴുത്തിനുനേരെ കൊലക്കയർ നീട്ടുമ്പോൾ സദ്ദാമിന്റെ ഇന്നലെകളാണ് ഓർമ്മിക്കാനുള്ളത്. കൊലപാതകങ്ങളുടേയും രക്തച്ചൊരിച്ചിലുകളുടേയും വലിയൊരു അദ്ധ്യായം അതിലുണ്ട്. ഒന്നാം ഗൾഫ് യുദ്ധകാലത്തുതന്നെ അദ്ദേഹത്തിന്റെ കാലിടറിത്തുടങ്ങിയിരുന്നു. നാലാം ഖലീഫ ഹദ്റത്ത് മിർസാ താഹിർ അഹ്മദ്(റഹ്) തന്റെ അക്കാലത്തെ ഖുത്ബകളിൽ ഇക്കാര്യങ്ങൾ ദീർഘദർശനം ചെയ്തിരുന്നു. അക്രമത്തിന്റേയും അധിനിവേശത്തിന്റേയും മാർഗ്ഗത്തിൽനിന്ന് പിൻതിരിയാൻ അദ്ദേഹം ആഹ്വാനം ചെയ്തിരുന്നു. എന്നാൽ, അന്ധമായ അധികാരപ്രമത്തത സദ്ദാമിനെ നശിപ്പിച്ചു. ഏകാധിപത്യം വിശ്വാസമൂല്യങ്ങളെ നിരസിക്കകൂടി ചെയ്തപ്പോൾ പതനം പൂർത്തിയായി. ഈ പാഠം മദ്ധ്യപൂർവ്വേഷ്യയിലെ ഇതര ഭരണകർത്താക്കളും ശ്രദ്ധിക്കേണ്ടതാണ്.

●

7-ാം പേജിൽനിന്ന്

ലിനേയും അവന്റെ വചനങ്ങളേയും അനാദരിക്കുകയും ചെയ്യുന്നവർ ഈ ധിക്കാരത്തിന്റെ ഫലമായി വിശ്വാസം നഷ്ടപ്പെട്ടവരായി തീരുകയും നിഷേധത്തിന്റെ തീചൂളയിൽ ആപതിക്കുകയും ചെയ്യുന്നു. മാന്യതയുടെ പരിധിയിൽനിന്നുകൊണ്ട് സദുദ്ദേശ്യത്തോടെ ചോദിച്ചാൽ ഒരിക്കലും ഈ ദുർഗതി അവർക്ക് വരികയില്ല. അതുകൊണ്ട് ഉദ്ദേശ്യമെന്താണെന്ന് ശരിക്കും മനസ്സിലാക്കി വ്യർത്ഥമായ ചർച്ചകളിൽനിന്നും നിരർത്ഥകമായ ചോദ്യങ്ങളിൽനിന്നും വിട്ടുനിൽക്കേണ്ടതാണ്. ഹദ്റത്ത് മൗലവി അബ്ദുല്ലാ സാഹിബ് ഗസ്നവിയുടെ അടുത്ത് ഒരു മൗലവി വന്നു. മൗലവി അബ്ദുല്ലാ സാഹിബ് ഗസ്നവി ഖാദിയാനിൽനിന്നും ഒരു പ്രകാശം ഉദിച്ചുയരുന്നതായും എന്നാൽ തന്റെ മക്കൾക്ക് അത് ലഭിക്കാത്തതായും ദർശനത്തിൽ കണ്ട മഹാനാണ്. ഇദ്ദേഹത്തിന്റെ അടുക്കൽ ചർച്ച ചെയ്യാനാണ് ആ മൗലവി വന്നത്. അദ്ദേഹത്തോട് മൗലവി ഗസ്നവി സാഹിബ് പറഞ്ഞു. "നിങ്ങളുടെ ഉദ്ദേശ്യം ശുദ്ധമാണെങ്കിൽ ഞാൻ ചർച്ചക്ക് തയ്യാറാണ്." ഈ വാക്കുകൾ കേട്ടപ്പോൾ മൗലവി പറഞ്ഞു. ഞാൻ ചർച്ചയ്ക്കില്ല. ആ മൗലവിയുടെ ഹൃദയത്തിൽ ദൈവഭയം ഉണ്ടായിരുന്നു എന്നു തോന്നുന്നു. കാരണം സംവാദങ്ങളിൽ പൊതുവെ ഉദ്ദേശ്യശുദ്ധിയുണ്ടാവാറില്ല. എതിർകക്ഷിയെ തറപറ്റിക്കുക എന്ന ചിന്ത മാത്രമേ ഉണ്ടാകുകയുള്ളൂ.

ചുരുക്കത്തിൽ ചില ചോദ്യങ്ങൾ സത്യം അറിയണം എന്നതിനായിരിക്കുകയില്ല. മറിച്ച്, മറ്റുള്ളവരെ നിന്ദ്യരാക്കി കാണിക്കുന്നതിനും അവരെ അപമാനിക്കുന്നതിനും വേണ്ടിയായിരിക്കും. അതുകൊണ്ടാണ് ഇങ്ങനെയുള്ള നിരർത്ഥകങ്ങളായ ചോദ്യങ്ങൾ ചോദിക്കുന്നതിൽനിന്ന് വിശ്വാസികളെ വിലക്കിയത്. ●

ലേഖനം

സി.പി. സുൽത്താൻ നസീർ ഖാദിയാൻ

# നൂറുവർഷം പിന്നിട്ട ജാമിഅ അഹ്മദിയ്യ

വാഗ്ദത്ത മസീഹായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തന്റെ പരിശുദ്ധകരങ്ങളാൽ 1906-ൽ സ്ഥാപിച്ച ജാമിഅ അഹ്മദിയ്യ ഇന്നേക്ക് നൂറ് വർഷം പിന്നിട്ടുകഴിഞ്ഞു. അഹ്മദിയ്യ ജമാഅത്തിന്റെ പ്രചാരണ ശിക്ഷണരംഗത്ത് ഈ സ്ഥാപനം അതുല്യമായ പങ്കാണ് വഹിച്ചിട്ടുള്ളത്. ഈ അവസരത്തിൽ, ജാമിഅ അഹ്മദിയ്യ പിന്നിട്ട നൂറുവർഷത്തിലേക്കൊന്ന് തിരിഞ്ഞുനോക്കാം.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹുവിൽ നിന്നുണ്ടായ ഒരു ഇൽഹാമിന്റെ പൂർത്തീകരണമെന്നോണം 1905-ൽ ജമാഅത്തിലെ രണ്ട് മഹാപണ്ഡിതന്മാരായിരുന്ന ഹദ്റത്ത് അബ്ദുൽകരീം സിയാൽകോട്ടി(റ) വും ബുർഹാനുദ്ദീൻ സാഹിബ്(റ)വും നിര്യാതരാവുകയുണ്ടായി. ഇവരുടെ മരണാനന്തരം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം അരുൾചെയ്തു: "നമ്മുടെ ജമാഅത്തിൽനിന്നും നല്ല നല്ല ആളുകൾ വഫാത്തായിക്കൊണ്ടിരിക്കുകയാണ്. മൗലവി അബ്ദുൽകരീം സാഹിബ് സാത്വികനായ ഒരു വ്യക്തിയായിരുന്നു. അതുപോലെതന്നെ മൗലവി ബുർഹാനുദ്ദീൻ സാഹിബ് ജഹ്ലമിയും ഇവരെക്കൂടാതെ വേറെയും കുറേ മൗലവിമാർ ജമാഅത്തിൽനിന്നും വഫാത്തായിപ്പോയി. എന്നാൽ, ഖേദകരമെന്നു പറയട്ടെ, വഫാത്തായിപ്പോയവരുടെ പിൻഗാമികളായി നമുക്കാരേയും കാണാൻ കഴിയുന്നില്ല." (*താരിഖേ അഹ്മദിയ്യത്ത്, വാല്യം 2, പേജ് 412*)

ജമാഅത്തിൽനിന്നും വഫാത്തായിക്കൊണ്ടിരിക്കുന്ന പണ്ഡിതന്മാരുടെ പിൻഗാമികളെ വാർത്തെടുക്കണമെന്ന ആഗ്രഹമായിരുന്നു ഈ സ്ഥാപനം ആരംഭിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പ്രേരിപ്പിച്ച ഒരു ഘടകം. അതുപോലെതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് ഖാദിയാനിൽ രണ്ട് സ്കൂളുകളാണുണ്ടായിരുന്നത്. ഒരു ഗവർമ്മെന്റ് സ്കൂളും, ആര്യസമാജക്കാരുടെ മറ്റൊരു സ്കൂളും. ഈ സ്കൂളുകളിൽ ഇസ്ലാമിന്നെതിരെ ആസൂത്രിതമായി വിദ്യാഭ്യാസം നൽകിക്കൊണ്ടിരുന്നു. അതുകൊണ്ടുതന്നെ മുസ്ലിംവിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി ഒരു സ്കൂൾ തുടങ്ങണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ആഗ്രഹം ജനിക്കുകയും, 1898-ൽ ഒരു സ്കൂൾ തുടങ്ങുകയും അതിന് മദ്റസ തഅ്ലീമുൽ ഇസ്ലാം എന്ന് പേരിടുകയും ചെയ്തു. ഈ സ്കൂൾ തുടങ്ങുവാനുള്ള കാരണവും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ പറഞ്ഞു: "ദീനിന് ദുനിയാവിനേക്കാൾ പ്രാധാന്യം നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് നാം ഈ സ്കൂൾ തുടങ്ങിയിരിക്കുന്നത്. ഭൗതികവിദ്യാഭ്യാസം ഇതിന്റെകൂടെ വെയ്ക്കുവാനുള്ള കാരണം അത് ദീനീസേവനത്തിന് ഉപകരിക്കും എന്നതുകൊണ്ടാണ്." (*അൽഹകം, 10.12.1905*)

മറ്റൊരവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി. "ഒരുപക്ഷേ ദീനീസേവനത്തിന് ഉപകരിക്കും എന്നതുകൊണ്ട് മാത്രമാണ് നാം ഈ സ്കൂളിന്റെ ആവശ്യകത മനസ്സിലാക്കിയത്. അല്ലാതെ എഫ്.എയും ബി.എയും പാസായതിനുശേഷം ദുനിയാവിനുവേണ്ടി ഓടിനടക്കുകയെന്നതല്ല ഇതുകൊണ്ടുള്ള ഉദ്ദേശ്യം. മറിച്ച്, അത്തരത്തിലുള്ള ആളുകൾ ദീനീസേവകരായി ജീവിതം കഴിച്ചുകൂട്ടണമെന്നതാണ്." ഈ സ്കൂൾ പുരോഗമിച്ച് പിന്നീട് തഅ്ലിമുൽ ഇസ്ലാം കോളേജായി മാറിയെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹം പൂർണ്ണമായും പൂർത്തീകരിക്കുവാൻ ഇതിനായില്ല. പിന്നീട് ഈ സ്കൂളിനെക്കുറിച്ച് മസീഹ് മൗഊദ്(അ) അഭിപ്രായപ്പെടുകയുണ്ടായി. ''ഈ സ്കൂളിലേക്ക് നോക്കുമ്പോൾ ഞാൻ ദുഃഖിതനാണ്. എന്തൊന്നാണോ നാം ഇതിൽനിന്നും ആഗ്രഹിച്ചത് അത് ലഭിച്ചില്ല. ഇവിടെനിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളും ദുനിയാവിന്റെ ആവശ്യക്കാരാണെങ്കിൽ നമുക്കിത് സ്ഥാപിക്കേണ്ട ആവശ്യമേയുണ്ടായിരുന്നില്ല. നാം ദീനീസേവകരെയാണ് ആഗ്രഹിച്ചത്."

അങ്ങനെ 1906-ൽ സഹാബാക്കളുടെ അഭിപ്രായപ്രകാരം, ഇതേ സ്കൂളിൽ ദീനീവിദ്യാഭ്യാസത്തിനായി ഒരുപ്രത്യേക വിഭാഗം തുറക്കുകയും, മൗലവി അമീർഹുസൈൻ സാഹിബിനെ ഒന്നാം അദ്ധ്യാപകനായും മൗലവി ഫസലുദ്ദീൻ സാഹിബിനെ രണ്ടാം അദ്ധ്യാപകനായും നിയമിക്കുകയും ചെയ്തു. ഇതായിരുന്നു മദ്രസ അഹ്മദിയ്യായുടെ തുടക്കം. പിന്നീട് ഇതാണ് ജാമിഅ അഹ്മദിയ്യയായി ഉയർന്നത്.

മദ്റസ അഹ്മദിയ്യായുടെ ആദ്യകാല കെട്ടിടത്തെ കുറിച്ച് മുസ്ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറു

ദ്ദീൻ മഹ്മൂദഹ്മദ്(റ) ഒരിക്കൽ പറയുകയുണ്ടായി. "അന്ന് ഒരൊറ്റ കെട്ടിടം മാത്രമായിരുന്നു ഉണ്ടായിരുന്നത്. ബെഞ്ചോ, ഡസ്ക്കോ മേശയോ കസേരയോ ഉണ്ടായിരുന്നില്ല. ഇരിക്കാനായി ചെരുപ്പുകുത്തികൾ ഉണ്ടാക്കി വിൽക്കുന്ന ഒരുതരം ഇരിപ്പിടമായിരുന്നു ഉണ്ടായിരുന്നത്. അതിന്റെ സ്ഥിതിയും വളരെ പരിതാപകരമായിരുന്നു. സാധാരണ ശരീരമുള്ള ഒരു വ്യക്തി അതിലിരുന്നാൽ അയാളുടെ പകുതിശരീരം താഴെയായിരിക്കും. നമസ്കാരപായയാണ് ഉസ്താദിനുണ്ടായിരുന്നത്." (*അൽഫസൽ, 22.12.1925*)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മരണാനന്തരം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ തന്റെ ഖിലാഫത്തിന്റെ ആരംഭത്തിൽതന്നെ തഅ്ലീമുൽ ഇസ്ലാം സ്കൂളിൽ തുടങ്ങിയ ദീനിയാത്ത് വിഭാഗത്തെ വിപുലീകരിച്ച് നല്ലൊരു ദീനി മദ്രസ സ്ഥാപിക്കാൻ പദ്ധതിയിട്ടു. പക്ഷേ, ഈ ദീനിയാത്ത് വിഭാഗത്തിന്റെ സ്ഥിതി വളരെ ശോചനീയമായിരുന്നു. എന്നിരുന്നാലും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ കല്പനയനുസരിച്ച് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ), ഹദ്റത്ത് നവാബ് മുഹമ്മദ് അലിഖാൻ സാഹിബ്(റ), ഖലീഫ റശീദുദ്ദീൻ സാഹിബ്(റ), മൗലവി മുഹമ്മദ് അലിസാഹിബ് എന്നിവർ ഈ പദ്ധതി ജമാഅത്തിന്റെ മുമ്പിൽ അവതരിപ്പിക്കുകയും ഇതിനായി ധനത്യാഗം ചെയ്യാൻ ജമാഅത്തംഗങ്ങളോട് അഭ്യർത്ഥിക്കുകയും ചെയ്തു. അങ്ങനെ 1909-ൽ ഒരു ദീനീമദ്റസ സ്ഥാപിക്കുകയും, അതിന് 'മദ്റസാ അഹ്മദിയ്യ' എന്ന് പേരിടുകയും ചെയ്തു. ഹദ്റത്ത് സയ്യിദ് സർവർശാഹ് സാഹിബ്(റ)നെ ഹെഡ്മാസ്റ്ററായും മൗലവി ഫസ്ലുദ്ദീൻ സാഹിബിനെ സൂപ്രണ്ടായും നിയമിച്ചു. ഈ മദ്റസയുടെ മുഴുവൻ മേൽനോട്ടവും ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന് ആയിരുന്നു. പ്രൈമറി പരീക്ഷ പാസാകുന്നവർക്ക് ഇതിൽ അഡ്മിഷൻ നൽകിയിരുന്നു. പാസാകാത്തവർക്ക് പ്രത്യേക പ്രവേശനപരീക്ഷ നടത്തിയും പ്രവേശനം നൽകിയിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ മരണാനന്തരം, ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ഖലീഫയായി. ലോകമെമ്പാടും ജമാഅത്തിന്റെ സന്ദേശം എത്തിക്കുന്നതിന് വളരെ അധികം മുബല്ലിഗീങ്ങളുടെ ആവശ്യമുണ്ടെന്ന് മനസ്സിലാക്കിയ അദ്ദേഹം 1919-ൽ മദ്റസ അഹ്മദിയ്യായെ നല്ലൊരു അറബികോളേജാക്കി മാറ്റുന്നതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിക്കുകയും ആ കമ്മറ്റിയുടെ നിർദ്ദേശപ്രകാരം അതിനുവേണ്ട എല്ലാ കാര്യങ്ങളും ചെയ്യാൻ അദ്ദേഹം സദ്ർ അഞ്ചുമൻ അഹ്മദിയ്യാക്ക് നിർദ്ദേശം നൽകുകയും ചെയ്തു. അങ്ങനെ മദ്റസാ അഹ്മദിയ്യായുടെ അവസാനത്തെ ക്ലാസ്സിനെ ആദ്യത്തെ രണ്ട് ക്ലാസ്സുകളാക്കിയും 1921-ൽ തുടങ്ങിയ മദ്റസത്തുൽ മുബല്ലിഗിനെ അതിനടുത്ത രണ്ട് ക്ലാസുകളാക്കിയും 1928-ൽ ജാമിഅ അഹ്മദിയ്യ നിലവിൽവന്നു. ഹദ്റത്ത് മൗലാനാ സയ്യിദ് സർവർശാഹ് സാഹിബ്(റ) ആയിരുന്നു ജാമിഅ അഹ്മദിയ്യായുടെ ആദ്യത്തെ പ്രിൻസിപ്പാൾ. അതുപോലെതന്നെ ഹദ്റത്ത് ഹാഫിസ് റോശൻ അലി സാഹിബ്(റ) മൗലവി ഇസ്മായിൽ സാഹിബ് ഹലാൽപൂരി(റ), ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ്(റ) എന്നിവർ അദ്ധ്യാപകരുമായിരുന്നു.

1947-ലെ വിഭജനത്തിനുശേഷം ജാമിഅ അഹ്മദിയ്യായും മദ്റസ അഹ്മദിയ്യായും പാക്കിസ്ഥാനിലേക്ക് മാറ്റി. 1949-ൽ ജാമിഅ അഹ്മദിയ്യായിൽനിന്നും വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് തബ്ലീഗിനുള്ള പരിശീലനം നൽകുന്നതിനുവേണ്ടി ജാമിഅത്തുൽ മുബശ്ശിരീൻ എന്ന പേരിൽ പുതിയൊരു കോളേജ് തുടങ്ങി. എന്നാൽ 1955-ൽ ഈ മൂന്ന് സ്ഥാപനങ്ങളേയും ഒന്നാക്കിമാറ്റി. ഇന്ന് ജാമിഅ അഹ്മദിയ്യ റബ്വ, ജാമിഅ അഹ്മദിയ്യ ജൂനിയർ സെക്ഷൻ, ജാമിഅ അഹ്മദിയ്യ സീനിയർ സെക്ഷൻ എന്നിങ്ങനെ രണ്ട് സെക്ഷനുകളായി പ്രവർത്തിക്കുന്നു.

1947-ലെ വിഭജനത്തിനുശേഷം ഖാദിയാനിൽ സമാധാന അന്തരീക്ഷം പുനഃസ്ഥാപിതമായപ്പോൾ മദ്റസ അഹ്മദിയ്യ വീണ്ടും തുറന്നു. ഇവിടെനിന്നും വിദ്യാഭ്യാസം പൂർത്തിയാക്കുന്നവരെ ജമാഅത്തിന്റെ പ്രചാരകരായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് അയച്ചുകൊണ്ടിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 2002-ൽ മദ്റസ അഹ്മദിയ്യ ഖാദിയാനെ, ജാമിഅ അഹ്മദിയ്യയാക്കി മാറ്റി. ഇന്ന് ജാമിഅ അഹ്മദിയ്യാ ഖാദിയാനിൽ 20 അദ്ധ്യാപകരും ഒൻപത് ക്ലാസുകളിലായി ഏകദേശം മുന്നൂറ് വിദ്യാർത്ഥികളുമുണ്ട്. മൗലാനാ ഹമീദ് കൗസർ സാഹിബ് ആണ് ഇപ്പോഴത്തെ പ്രിൻസിപ്പാൾ.

നൂറുവർഷങ്ങൾക്ക് മുമ്പ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖാദിയാൻ എന്ന കുഗ്രാമത്തിൽ തുടങ്ങിയ ഈ സ്ഥാപനത്തിന്റെ ശാഖകൾ ഇന്ന് പാക്കിസ്ഥാൻ, യു.കെ, കാനഡ, ടാൻസാനിയ, നൈജീരിയ, ബംഗ്ലാദേശ്, ഘാന, ഇന്തോനേഷ്യ, മലേഷ്യ എന്നീ രാജ്യങ്ങളിൽ വ്യാപിച്ചുകഴിഞ്ഞു.

1928-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ ജാമിഅ അഹ്മദിയ്യായുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് ചെയ്ത പ്രഭാഷണത്തിൽ ഇപ്രകാരം പറയുകയുണ്ടായി. "ഈ ചെറിയ തുടക്കം ക്രമേണ പുരോഗതി പ്രാപിച്ച് ലോകത്തിലെ വലിയ കോളേജുകളുടെ കൂട്ടത്തിൽ എണ്ണപ്പെടും." ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ ഈ പ്രവചനം പൂർത്തിയാകുന്നനാൾ വിദൂരമല്ല. കാരണം ജാമിഅ അഹ്മദിയ്യ അനുദിനം പുരോഗതിയിൽനിന്നും പുരോഗതിയിലേക്ക് കുതിക്കുകയാണ്.

●

ലേഖനം

എം.സി മുഹമ്മദ്, കൊടിയത്തൂർ

# സത്യപ്രസ്ഥാനത്തിന് പിന്നിൽ ദൈവികഹസ്തം

**ആ**ശയവൈജാത്യങ്ങളെ സഹിഷ്ണുതയോടെ ദർശിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിൽ മുമ്പേ നടക്കുന്ന ഒരു പ്രദേശമാണ് കൊടിയത്തൂർ. മതപരവും സാംസ്കാരികപരവും സാമൂഹികപരവുമായ ചരിത്രത്തിന്റെ ഏടുകളിൽ കൊടിയത്തൂരുമായി ബന്ധപ്പെട്ട സംഭവങ്ങളും ഇടം കണ്ടെത്തിയിട്ടുണ്ട്. എന്നാൽ, പിന്നിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ഈ പ്രദേശത്തിന്റെ പേരും പെരുമക്കും കരിനിഴൽ വീഴ്ത്തുന്ന ചില കറുത്തപാടുകളും കാണാവുന്നതാണ്. ഊരുവിലക്കിന്റേയും സാമൂഹികഭ്രഷ്ടിന്റേയും പുറത്താക്കൽ ഫത്‌വയുടേയും പ്രാകൃത സമീപനങ്ങൾക്ക് ഈ പ്രദേശവും സാക്ഷി നിൽക്കേണ്ടിവന്നിട്ടുണ്ട്. 1935-ൽ കൊടിയത്തൂർക്കാരനായിരുന്ന മംഗലശ്ശേര അഹ്മദ് കുട്ടിസാഹിബിന് എവിടെനിന്നോ ലഭിച്ച ഒരു ലഘുലേഖ മുഖേന, ഇക്കാലത്ത് ആഗതനായ സത്യാത്മാവിനെ തിരിച്ചറിയാൻ കഴിഞ്ഞു. സത്യം കണ്ടെത്തിയ അദ്ദേഹം ദൈവികജമാഅത്തിൽ ചേരുകയായിരുന്നു. അതോടെ അദ്ദേഹത്തിന്നെതിരിൽ ഊരുവിലക്കും സാമൂഹിക ബഹിഷ്കരണവും ഏർപ്പെടുത്തപ്പെട്ടു. കടകളിൽനിന്ന് സാധനങ്ങൾ നല്കാതെയും സമൂഹത്തിൽനിന്ന് ഒറ്റപ്പെടുത്തിയുമുള്ള പീഡനങ്ങൾക്ക് അദ്ദേഹം വിധേയനായി. അല്ലെങ്കിലും പ്രാരബ്ധങ്ങളിലായിരുന്ന ആ മനുഷ്യൻ പാത്തും പതുങ്ങിയും കഴിഞ്ഞുകൂടി. പിന്നീട് അഹ്മദിയ്യത്തിനെ പറ്റിയുള്ള ചർച്ചകൾക്ക് കൊടിയത്തൂർ മുസ്‌ലിം പള്ളിയിൽ അരങ്ങൊരുങ്ങി. ചർച്ചകളിൽ പരാജയപ്പെട്ട അവർ, മഹ്ദീ ഇമാമിന്റെ കാലത്ത് പ്രത്യക്ഷപ്പെടുന്ന ദജ്ജാലെവിടെ എന്ന വിതണ്ഡവാദമുയർത്തി ഖാദിയാനികളുടെ മറുവാദങ്ങളൊന്നും ഇനി കേൾക്കേണ്ടതില്ലെന്ന് പറഞ്ഞുകൊണ്ട് ഏകപക്ഷീയമായി ചർച്ച അവസാനിപ്പിക്കുകയാണുണ്ടായത്. ബഹിഷ്കരണം രൂക്ഷമായതിൽ പിന്നെ മംഗലശ്ശേരി അഹ്മദ്കുട്ടി സാഹിബിന് കൊടിയത്തൂരിൽ നിൽക്കാൻ നിർവ്വാഹമുണ്ടായിരുന്നില്ല. അദ്ദേഹം തന്റെ നാല് മക്കളേയുംകൂട്ടി കോഴിക്കോട്, പഴയങ്ങാടി ഭാഗങ്ങളിൽ അഭയാർത്ഥിയായി പോയെങ്കിലും ഗത്യന്തരമില്ലാതെ സ്വദേശത്തേക്കുതന്നെ മടങ്ങുകയും പിടിച്ചുനിൽക്കാനാവാത്ത അവസ്ഥ അദ്ദേഹത്തിന് സംജാതമാകുകയുമുണ്ടായി. മംഗലശ്ശേരി അഹ്മദ്കുട്ടി സാഹിബ് തന്റെ മാർഗ്ഗദർശത്തിനിടയാക്കിയ ലഘുലേഖയിലെ വിഷയങ്ങൾ, തന്റെ സഹോദരനും പുളിക്കൽ മുജാഹിദ് കോളേജിൽ ദീനീപഠനം നടത്തി മതപരിജ്ഞാനം നേടിയ വ്യക്തിയുമായ മംഗലശ്ശേരി അബൂബക്കർ സാഹിബുമായി സംസാരിച്ചിരുന്നതിനാൽ അദ്ദേഹവും ഇതിനകം ബയ്‌അത്ത് ചെയ്തിട്ടുണ്ടായിരുന്നു. കൊടിയത്തൂരിലെ ഒന്നാമത്തെ അഹ്മദിയാകാനുള്ള ഭാഗ്യം മൗലവി മംഗലശ്ശേരി അബൂബക്കർ സാഹിബിനാണ് ലഭിച്ചത്. അദ്ദേഹത്തെ പിന്നീട് പുളിക്കലിൽനിന്ന് പുറത്താക്കി. അദ്ദേഹം വിശ്വാസസംരക്ഷണാർത്ഥം ആദ്യം പഴയങ്ങാടിയിലേക്കും അവിടെനിന്ന് ജീവിതം വഖ്ഫ് ചെയ്യാനുറച്ച് പരിശുദ്ധ ഖാദിയാനിലേക്കും പുറപ്പെടുകയുണ്ടായി. എന്നാൽ ഖാദിയാനിലെ പ്രതികൂല സാഹചര്യങ്ങളിൽ രോഗബാധിതനായ അദ്ദേഹം ആ പുണ്യപ്രദേശത്തുവെച്ച് അകാലചരമമടയുകയായിരുന്നു. പുണ്യഖാദിയാനിൽതന്നെയാണ് സംസ്കരിക്കപ്പെട്ടത്.

ഏറെക്കാലങ്ങൾക്കു ശേഷമാണ് ബയ്അത്ത് ചെയ്തതെങ്കിലും മുമ്പേ അനുകൂലനും അഹ്മദിയ്യാ ജമാഅത്തുമായി ആഭിമുഖ്യം പുലർത്തുകയും സഹകരിക്കുകയും ചെയ്തിരുന്ന വ്യക്തിയുമായിരുന്നു എ.എം. ഉണ്ണിമോയിൻ അധികാരി. മംഗലശ്ശേരി അഹ്മദ്കുട്ടി സാഹിബ് മുഖേന അഹ്മദിയ്യത്തിനെ പറ്റിയുള്ള അറിവ് അദ്ദേഹത്തിന് ലഭിച്ചിരുന്നു. ഉണ്ണിമോയീൻ സാഹിബാണ് മംഗലശ്ശേരി അഹ്മദ്കുട്ടി സാഹിബിനെ ഉപജീവനത്തിനായി വാഴക്കാട്ടെ കൊയപ്പത്തൊടി അഹ്മദ്കുട്ടി ഹാജിയുടെ അധീനതയിലായിരുന്ന പുതുപ്പാടിയിലെ ഭൂസ്ഥലത്തേക്ക് പറഞ്ഞുവിട്ടത്. പ്രമാണികകുടുംബത്തിലും തറവാട്ടിലുമായിരുന്നു ഉണ്ണിമോയീൻ സാഹിബിന്റെ ജനനം. പൗരപ്രമുഖനും അധികാരിയുമായിരുന്ന എ.എം. കുട്ടിഹസ്സൻ സാഹിബാണ് അദ്ദേഹത്തിന്റെ പിതാവ്. ഉണ്ണിമോയീൻ സാഹിബ് പിന്നീട് അധികാരിയും നാട്ടുമുഖ്യനുമായി.

അതിനാൽ സാമൂഹികഭ്രഷ്ട് മുമ്പത്തെപ്പോലെ ഏശിയിരുന്നില്ല. ഉണ്ണിമോയീൻ സാഹിബ് ജമാഅത്തുമായി ബന്ധം പുലർത്തുന്ന വിവരമറിഞ്ഞപ്പോൾതന്നെ അദ്ദേഹത്തെ പിന്തിരിപ്പിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങളുണ്ടായി. അദ്ദേഹത്തിന്റെ പിതാവും മൗലാനാ കണ്ണിയത്തും മുക്കം പ്രദേശത്തെ പൗരമുഖ്യന്മാരും ഇതിനുവേണ്ടി പരിശ്രമിച്ചവരാണ്. വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിൽ ഖാദിയാനീവാദങ്ങളെ ഖണ്ഡിക്കാൻ നിങ്ങൾ സന്നദ്ധമാകണമെന്നാണ് അപ്പോള ദ്ദേഹം അവരോട് പറഞ്ഞത്. ജുമുഅത്ത് പള്ളിയിൽ നടന്ന സംവാദവും ഉണ്ണിമോയിൻ സാഹിബിന്റെ അഹ്മദിയ്യാ ബന്ധവും, ഖാദിയാനി ബഹിഷ്ക്കരണ പ്രഖ്യാപനം നടത്താൻ എതിരാളികൾക്ക് ഒരു നിമിത്തമായി. കൊടിയത്തൂർ ഖാസിയായിരുന്ന എം.എ. അബ്ദുൽ അസീസ് മുസ്ല്യാരാണ് ഈ ബഹിഷ്കരണ പ്രഖ്യാപനം പള്ളിയിൽ വെച്ച് നടത്തിയത്. കണ്ണിയ്യത്ത് അഹ്മദ് മുസ്ല്യാർ ഖാദിയാനികൾ കാഫിറാണെന്ന് ഊന്നിപ്പറയുകയും ചെയ്തു. എന്നാൽ, ഈ ബഹിഷ്ക്കരണ പ്രഖ്യാപനം നടപ്പിൽ വരുത്തുന്നതിൽ പരാജയപ്പെട്ടത് പിന്നാമ്പുറകഥയാണ്. സംഭവം ഇങ്ങനെയാണ്: പള്ളിയിൽ ഒത്തുകൂടിയിരുന്ന പ്രമുഖവ്യക്തികളടങ്ങുന്ന സംഘത്തിന് ജമാഅത്തെ ഇസ്ലാമി അമീറായിരുന്ന കെ.സി. അബ്ദുല്ല മൗലവിയുടെ പിതാവ് ഹുസയിൻ മുസ്ല്യാരുടെ ഭവനത്തിലായിരുന്നു ഭക്ഷണത്തിനുള്ള ഏർപ്പാട് ചെയ്തിരുന്നത്. അവരുമായി ബന്ധമുള്ള ചിലർ ഉണ്ണിമോയിൻ സാഹിബിനേയും അങ്ങോട്ടേക്ക് കൂട്ടിക്കൊണ്ടുപോയി. അങ്ങനെ അവർക്കെല്ലാം ഉണ്ണിമോയീൻ സാഹിബിനോടൊപ്പമിരുന്ന് ഭക്ഷണം കഴിക്കേണ്ടിവന്നു. പിന്നീട് ഉണ്ണിമോയീൻ സാഹിബിന്റെ ഭാര്യയെ ഭാര്യാപിതാവും മറ്റും ചേർന്ന് കൂട്ടിക്കൊണ്ടുപോയെങ്കിലും അല്പനാളുകൾക്കുശേഷം കുട്ടിയെ കാണാൻവന്ന അവർ പിന്നീട് തിരിച്ചുപോകാൻ കൂട്ടാക്കിയില്ല.

നാട്ടിൽ നടക്കുന്ന കാര്യങ്ങളും മറ്റും അന്ന് ചർച്ച ചെയ്യുക പതിവായിരുന്നു. കൊടിയത്തൂരിലെ താഴത്തെകോയക്കായുടെ മക്കാനി ചർച്ചകൾക്കുള്ള ഒരു വേദിയായിരുന്നു. വൈകുന്നേരമായാൽ ആളുകൾ അവിടെ ഒത്തുകൂടും. പല കാര്യങ്ങളും സംസാരിക്കും. ഒരിക്കൽ അഹ്മദികളെക്കുറിച്ചും ഈസാനബിയുടെ മരണത്തെപ്പറ്റിയുമുള്ള ചർച്ച എന്റെ ശ്രദ്ധയിൽപെട്ടു. എ.എം. അബൂബക്കർ സാഹിബും ഉണ്ണിമോയീൻ അധികാരിയും തമ്മിലുള്ള സംസാരങ്ങൾക്കിടയിൽ അഹ്മദിയ്യത്ത് സത്യമാണ്; നല്ലതാണ് എന്ന പരാമർശങ്ങൾ കേൾക്കാനിടയായപ്പോൾ, എന്നിട്ടും നിങ്ങളെന്താ വിശ്വസിക്കാത്തതെന്ന് ഞാൻ അവരോട് ചോദിച്ചു. സത്യമെല്ലാവരും വിശ്വസിക്കണമെന്നില്ലല്ലോ എന്നായി അവർ. തുടർന്ന് എ.എം. അബൂബക്കർ സാഹിബ് എന്നോട് പറഞ്ഞു: നിനക്ക് ഇതേപറ്റി കൂടുതൽ അറിയണമെന്നുണ്ടെങ്കിൽ കണ്ണൂരുമായി ബന്ധപ്പെടണം. കണ്ണൂരിൽ അവരുടെ ഓഫീസുണ്ട്. അങ്ങനെ ഞാൻ കണ്ണൂരുമായി ബന്ധപ്പെട്ടപ്പോൾ എനിക്ക് സത്യദൂതൻ ഓഫീസിൽനിന്ന് 'തുഹ്ഫത്തുൽ മലബാർ' എന്ന പേരിലുള്ള ഒരറബിമലയാള ഗ്രന്ഥവും കുറേ നോട്ടീസുകളും അയച്ചുതന്നു. 'തുഹ്ഫത്തുൽ മലബാർ' വായിച്ചപ്പോൾ ഈസാനബിയുടെ മരണം സുതരാം വ്യക്തമായി. പിന്നീട് അന്നുബുവ്വത്ത് ഫിൽ ഇസ്ലാം എന്ന ഗ്രന്ഥവും എനിക്ക് ലഭിച്ചു. അതുകൂടി വായിച്ചപ്പോൾ എനിക്ക് പിന്നെ സംശയങ്ങളൊന്നുമുണ്ടായിരുന്നില്ല. അതിനുശേഷം എനിക്ക് അഹ്മദിയ്യത്തിനോട് താല്പര്യമായി. താഴത്തെ കോയക്കായുടെ മക്കാനിയിൽ രാത്രി ദീർഘനേരമിരുന്നുകൊണ്ടുള്ള ഞങ്ങളുടെ ചർച്ച ഈ വിഷയം തന്നെയായി. എ.എം. അബൂബക്കർ സാഹിബിനും അഹ്മദിയ്യത്ത് തന്നെയാണ് സത്യമെന്ന് ബോധ്യമായി. അങ്ങനെ ഞങ്ങളിരുവരും ബയ്അത്ത് ചെയ്യാൻ ധാരണയായി. ഉണ്ണിമോയീൻ അധികാരിയുടെ ജ്യേഷ്ഠസഹോദരൻ കുഞ്ഞഹ്മദ് സാഹിബ് അക്കാലത്ത് ഉന്നതവിദ്യാഭ്യാസം കരസ്ഥമാക്കിയ ആളായിരുന്നു. കോഴിക്കോട് ഉപരിപഠനം നടത്തിക്കൊണ്ടിരിക്കെ സെക്കന്തരാബാദിലെ മുഖ്ലിസ് അഹ്മദിയ്യായിരുന്ന സേഠ് അബ്ദുല്ലാഹ് അലാഹ്ദീൻ മുഖേന അദ്ദേഹത്തിന് ജമാഅത്തിന്റെ സാഹിത്യങ്ങൾ ലഭിക്കാനിടയായി. അങ്ങനെ കുഞ്ഞഹ്മദ് സാഹിബ് പിന്നീട് ബയ്അത്ത് ചെയ്തു. എന്നാൽ, അക്കാര്യം അദ്ദേഹം വെളിപ്പെടുത്തിയിരുന്നില്ല. ഒരിക്കൽ, ഞാൻ ബയ്അത്ത് ചെയ്യുന്നതിന് മുമ്പേ അദ്ദേഹം എനിക്ക് കോഴിക്കോട് ദാറുസ്സലാമിലേക്ക് വഴി കാണിച്ചുതന്നു. ഒരു വെള്ളിയാഴ്ച ദിവസം ഞാൻ ദാറുസ്സലാമിലെത്തുകയും ജുമുഅയിൽ പങ്കെടുക്കുകയും ചെയ്തു. വി. അബ്ദുൽഖയ്യൂം സാഹിബാണ് അന്നവിടെ ഖുത്ബ ഓതിയിരുന്നത്. അത് കഴിഞ്ഞ് ഞാൻ നാട്ടിൽ തിരിച്ചെത്തിയപ്പോൾ എന്നെ ഖാദിയാനിയായി മുദ്രകുത്തി. ചർച്ചകൾ വീണ്ടും സജീവമായി. അതിന്നിടയിൽ എ.എം. അബൂബക്കർ സാഹിബ് 1950-ൽ കോഴിക്കോട് പോയി ബയ്അത്ത് ചെയ്തു. 1950-ൽ തന്നെ കോഴിക്കോട് വെച്ച് നടന്ന അഹ്മദിയ്യാ സംസ്ഥാന സമ്മേളനാവസരത്തിൽവെച്ച് എനിക്കും ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കാനുള്ള സൗഭാഗ്യമുണ്ടായി. ഞങ്ങളുടെ ബയ്അത്തിനുശേഷം മൗലവി അബുൽ വഫാ സാഹിബ്, മൗലവി അഹ്മദ് റശീദ് സാഹിബ് ആയഞ്ചേരി, തലശ്ശേരിയിലെ മേലേക്കണ്ടി കുഞ്ഞാമു സാഹിബ് എന്നിവർ കൊടിയത്തൂർ സന്ദർശിച്ചു.

എന്റെ വീട്ടിലായിരുന്നു അവർക്ക് വിരുന്നൊരുക്കിയിരുന്നത്. കൊടിയത്തൂർകാരിയായിരുന്ന എന്റെ ആദ്യ ഭാര്യ അനഹ്മദി തന്നെയായിരുന്നു. അവരാണ് അവർക്ക് ഭക്ഷണം തയ്യാറാക്കികൊടുത്തത്. ഖാദിയാനികളുമായി സഹകരിച്ചുപോകരുത്; അവർ പിഴച്ചവരാണ്. അവരോട് സഹകരിച്ചാൽ അതിന്റെ ശാപം നിനക്കുമുണ്ടാകും തുടങ്ങിയ ദുർബോധനങ്ങൾ നടത്തി എന്റെ ഭാര്യയെ അവരുടെ ബന്ധുക്കളും മറ്റും ചേർന്ന് പിന്നീട് ഭയപ്പെടുത്തിയിരുന്നു. അല്പനാളുകൾക്കുശേഷം ലക്ഷദ്വിപിലെ ആദ്യഅഹ്മദിയായിരുന്ന അബ്ദുറഹ്മാൻകോയതങ്ങളും വേറെ ചില അഹ്മദികളും വീണ്ടും എന്റെ ഭവനത്തിൽ വരികയുണ്ടായി. എന്നാൽ, എന്റെ ഭാര്യ അന്ന് അവർക്ക് ഭക്ഷണമുണ്ടാക്കിക്കൊടുക്കാൻ തയ്യാറായില്ലെന്ന് മാത്രമല്ല, പൂർണ്ണമായ നിസ്സഹകരണം പുലർത്തുകയും ചെയ്തു. അതിനെ തുടർന്ന് ഈ ബന്ധം എനിക്ക് മുന്നോട്ടു കൊണ്ടുപോകാനായില്ല. അങ്ങനെ അത് വിവാഹമോചനത്തിൽ കലാശിച്ചു. 1953-54 വർഷങ്ങളിൽ മൗലാനാ അബ്ദുല്ലാഹ് സാഹിബും മൗലവി അബുൽവഫാ സാഹിബും കൊടിയത്തൂരിൽ വന്നു. പ്രസംഗപരമ്പരകൾ സംഘടിപ്പിക്കപ്പെട്ടു. എന്റെ വീടിന് മുൻവശത്ത് വെച്ചായിരുന്നു പ്രസംഗങ്ങൾ സംഘടിപ്പിച്ചിരുന്നത്. അതിൽ പിന്നെ ജമാഅത്തിന്നെതിരിലുള്ള പ്രസംഗങ്ങളും കൊടിയത്തൂരിൽ അരങ്ങേറി. എം.എ. അബ്ദുൽ അസീസ് മുസ്ല്യാർ, മൗലാനാ കണ്ണിയ്യത്ത്, കെ.സി. അബ്ദുല്ലമൗലവി, പറവണ്ണ തുടങ്ങിയ അറിയപ്പെടുന്ന പണ്ഡിതന്മാർതന്നെ അഹ്മദികൾക്കെതിരിൽ അണിനിരന്നു. ഇടയ്ക്കിടെയുള്ള ഖണ്ഡന മണ്ഡന പ്രസംഗങ്ങൾ കൊടിയത്തൂരിൽ നടന്നു. അതിന്റെ ഫലമായി എം.എ. അബ്ദുൽ അസീസ് മുസ്ല്യാരുടെ മകൻ എം.എ. മുഹമ്മദ് സാഹിബടക്കം ഒട്ടേറെ പേർ ജമാഅത്തിന്റെ അനുഭാവികളായി മാറി. 1963-ൽ കൊടിയത്തൂർ കോട്ടമ്മലിൽ ഞാൻ നൽകിയ സ്ഥലത്ത് ഒരു പള്ളിയുടെ നിർമ്മാണം ആരംഭിച്ചു. മറ്റു പലരുടേയും സഹായത്തോടെ പള്ളിയോടനുബന്ധിച്ചുള്ള കുറച്ചു ഭൂമിയും ജമാഅത്തിന് വാങ്ങാൻ സാധിച്ചു. പള്ളി നിർമ്മാണത്തിന്റെ സാമ്പത്തിക ചെലവുകളധികവും വഹിച്ചത് എം.എ. മുഹമ്മദ് സാഹിബായിരുന്നു. മൗലാനാ അബ്ദുല്ലാഹ് സാഹിബ് പള്ളിയുടെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. 1964 ഏപ്രിൽ മാസത്തിൽ അഹ്മദിയ്യാ സംസ്ഥാന സമ്മേളനം കൊടിയത്തൂരിൽ വെച്ച് നടക്കുകയുണ്ടായി. 1964 ജൂൺ മാസത്തിലാണ് മൗലാനാ അബ്ദുല്ലാഹ് സാഹിബ് മുഖേന ഏതാനും പേർ ഒരുമിച്ച് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചത്. എം.എ.മുഹമ്മദ് സാഹിബ് എം.ഇമ്പിച്ചാലി സാഹിബ്, കെ.ടി.ഹുസ്സയിൻ സാഹിബ്, കെ.പി.മുഹമ്മദ് സാഹിബ്, പി.പി.അബ്ദുർറഹീം സാഹിബ്, കെ.സി.ഹുസ്സയിൻ സാഹിബ്, കെ.അബ്ദുറഹിമാൻ സാഹിബ് എന്നിവരാണവർ. അന്നുതന്നെ എം.എ. മുഹമ്മദ് സാഹിബ് പ്രസിഡന്റായും ഞാൻ സിക്രട്ടറിയുമായി ജമാഅത്ത് രൂപീകരിക്കുകയും ചെയ്തു. പിന്നീട് ഇടയ്ക്കിടെ ബയ്അത്തുകൾ നടന്നുകൊണ്ടിരുന്നു. 1968-ലാണ് ഉണ്ണിമോയിൻ സാഹിബ് ബയ്അത്ത് ചെയ്തത്. 1984-ൽ കൊടിയത്തൂരിൽ നടന്ന സംസ്ഥാന സമ്മേളനം അഭൂതപൂർവ്വമായ വിജയമായിരുന്നു. 1989-ൽ അഹ്മദിയ്യാ ജമാഅത്തിന്റെ 4-ാം ഖലീഫയുടെ ആഹ്വാനത്തെത്തുടർന്ന് കൊടിയത്തൂരിൽവെച്ച് ജമാഅത്തിന്റെ എതിരാളികളുമായി മുബാഹല പ്രാർത്ഥന നടന്നു. ഇതോടെ കൊടിയത്തൂരിന്റെ നാമം ലോക അഹ്മദയ്യാ ചരിത്രത്തിന്റെ ഭാഗമായി. നിരാലംബവും നിസ്സഹായവുമായ അവസ്ഥയിൽനിന്ന് ക്രമാനുഗതമായിട്ടാണ് ദൈവികജമാഅത്തുകൾ അഭിവൃദ്ധിപ്പെടുന്നത്. കൊടിയത്തൂർ ജമാഅത്തിന്റെ ചരിത്രത്തിലും ഈ സത്യം തെളിഞ്ഞുകാണാവുന്നതാണ്. സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുത്തിയും ഉപജീവന സാധനങ്ങൾക്ക് പോലും വിലക്കേർപ്പെടുത്തിയുമുള്ള പ്രാകൃത സമീപനങ്ങൾ സ്വീകരിച്ചുകൊണ്ട് ഈ ജമാഅത്തിനെ നിഷ്കാസിതമാക്കാൻ എതിരാളികൾ ശ്രമിച്ചുനോക്കിയെങ്കിലും അവരുടെ ശ്രമങ്ങളെല്ലാം നിഷ്ഫലമായി. പിന്നീട് പ്രഭാഷണ-പ്രമാണങ്ങളിലൂടെ നേരിടാമെന്ന് കരുതി രംഗത്തുവന്ന മുസ്‌ലിംപണ്ഡിതന്മാർ അമ്പേ പരാജയപ്പെട്ടു. ഈ മാർഗ്ഗം നിഷ്പക്ഷമതികൾക്ക് സത്യം മനസ്സിലാക്കാനെളുപ്പവുമായി. ഇതുവഴി പ്രമാണിമാരുടെയും പണ്ഡിതന്മാരുടേയും മക്കളടക്കമുള്ളവർക്ക് സത്യം കണ്ടെത്താനായി. എന്നാൽ, പിന്നീട് പ്രമാണങ്ങളിലൂടെ മാറ്റുരക്കുന്ന ശരിയായ ഇസ്‌ലാമികരീതിയിൽനിന്ന് ആധികാരിക മുസ്‌ലിംപണ്ഡിതന്മാർ ഉൾവലിഞ്ഞു. തുടർന്ന് സത്യത്തെ വളച്ചൊടിക്കുന്നതിനും കത്രികാപ്രയോഗം നടത്തി വികൃതമാക്കി കാണിക്കുന്നതിനും സവിശേഷ പരിശീലനം നേടിയ, ആധികാരിക മുസ്‌ലിം സംഘടനകളുടെയൊന്നും മേൽവിലാസമില്ലാത്ത ഒരു സംഘടന ഏറ്റവുമൊടുവിൽ വേഷം കെട്ടിയെങ്കിലും അവരുടെ പൊടിമണം പോലുമില്ലാത്തവിധം അവരും തങ്ങളുടെ പ്രവർത്തനങ്ങളിൽനിന്ന് ഉൾവലിഞ്ഞതായിട്ടാണ് കാണുന്നത്. ചുരുക്കത്തിൽ എന്റെ ജീവിതത്തിലെ അനുഭവങ്ങൾ മാത്രം ദൈവികജമാഅത്തിന് പിന്നിൽ ദിവ്യഹസ്തങ്ങളാണ് പ്രവർത്തിക്കുന്നതെന്നതിന് എനിക്ക് മതിയായ സാക്ഷ്യങ്ങളാണ്. ●

**Love for all hatred for none**

സമ്പാദനം

*മൗലവി മുഹമ്മദ് യൂസുഫ്, കരുളായ്*

# ഇമാം മഹ്ദിയുടെ ആഗമം

'**ഇ**മാം മഹ്ദിയുടെ ആഗമം' എന്ന പേരിൽ കക്കാട് മുഹമ്മദ് ഫയ്സി (ഇഹ്സാൻ, നെല്ലിക്കാപ്പറമ്പ് മുക്കം) 2003 ജൂൺ മാസം പ്രസിദ്ധീകരിച്ച 232 പേജുള്ള പുസ്തകത്തിൽ ഇമാം മഹ്ദി (അ)യെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ള ഭാഗങ്ങളാണ് താഴെ എടുത്തു ചേർത്തിട്ടുള്ളത്. അഹ്മദിമുസ്‌ലിംകൾക്ക് അവരുടെ ഈമാൻ വർദ്ധിക്കുന്നതിനും മറ്റുള്ളവർക്ക് സന്മാർഗ്ഗ പ്രാപ്തിക്കും ഈ ഭാഗങ്ങൾ ഉപകരിക്കുമെന്നുള്ള ഉത്തമവിശ്വാസത്തോടെ ഇത് സമർപ്പിക്കുന്നു.

"ലോകാവസാനത്തിന്റെ ദൃഷ്ടാന്തങ്ങളിൽ ഉൾപ്പെടുത്തി തിരുനബി(സ) പ്രസ്താവിച്ച ഒരു പ്രധാന അടയാളമാണ് ഇമാം മഹ്ദിയുടെ ആഗമനം..... അദ്ദേഹം മുസ്‌ലിം ഉമ്മത്തിന് പൂർവ്വകാല പ്രതാപങ്ങൾ നേടിത്തരുന്നതുമാണ്. അദ്ദേഹമാണ് ഇമാം മഹ്ദി **അലൈഹിസ്സലാം**... ഒരു രാത്രിയിലെ പ്രത്യേക സന്ദർഭത്തിൽ അല്ലാഹു സവിശേഷമായ നവോത്ഥാന സിദ്ധി നൽകി **തിരഞ്ഞെടുക്കുന്ന നിയോഗ**പുരുഷനുമായിരിക്കും (അദ്ദേഹം).

"സഗൗരവം പഠിക്കുവാനും വിലയിരുത്തുവാനും ചിന്തിക്കുവാനുമുള്ള സംഗതിയാണ് ഇമാം മഹ്ദി വിഷയം.... ഖുർആനും സുന്നത്തും നിരവധി പ്രസ്താവനകൾ ഇവ്വിഷയകമായി നടത്തിയിരിക്കുന്നു. സ്വീകാര്യമായ ഹദീസ് സമാഹാരങ്ങളിലെല്ലാം നിരവധി അദ്ധ്യായങ്ങൾ വിഷയസംബന്ധമായി ചർച്ച ചെയ്യുന്നുണ്ട്... ഇമാം മഹ്ദിയും ഈസാ മസീഹും മസീഹുദ്ദജ്ജാലുമെല്ലാം ഒരുകാലത്ത് പ്രത്യക്ഷപ്പെടുമെന്നത് ഉറപ്പുള്ള സത്യവും പ്രമാണങ്ങളാൽ ശരിവെക്കപ്പെട്ടതുമാണ്..... ഈസാനബി(അ) അവസാനകാലത്ത് രംഗത്ത് വരുമ്പോൾ അക്കാലത്ത് ജീവിക്കുന്ന മുസ്‌ലിംകളോട് തിരുനബി(സ)യുടെ **സ്നേഹം നിറഞ്ഞ സലാം** അദ്ദേഹത്തോട് പറയണമെന്നു വരെ അവിടുന്ന് വസിയ്യത്ത് ചെയ്യുകയുണ്ടായി... എന്നാൽ ലോകാവസാനം അടുത്തകാലത്തൊന്നും സംഭവിക്കാനുള്ളതല്ല എന്ന ശൈലിയാണ് മറ്റു ചിലർ പിന്തുടരുന്നത്. ഏത് ദൃഷ്ടാന്തങ്ങൾ പുലരുന്നതും അത്തരക്കാരെ കണ്ണു തുറപ്പിക്കുന്നില്ല.

"ഖുർആനിനേയും സുന്നത്തിനേയുമാണ് മുസ്‌ലിംകൾ ആധാരമാക്കേണ്ടത്. അവയെ തിരസ്കരിച്ചുകൊണ്ടുള്ള ഏത് ചിന്തയും നിരർത്ഥകമാണ്. ഖുർആൻ പറയുന്നത് ശ്രദ്ധിക്കൂ.......

"സുപ്രധാനമായ അടയാളങ്ങളിൽ ഒന്നാണ് ഇമാം മഹ്ദിയുടെ ആഗമം. വളരെ വലിയ പ്രാധാന്യത്തോടെയാണ് സത്യവാനായ തിരുനബി(സ) ഇവയെക്കുറിച്ചെല്ലാം ഉത്ബോധനം നടത്തിയത്.... 'ഞാൻ ഇതിനെക്കുറിച്ച് നിങ്ങളോട് സംസാരിക്കുന്നത് നിങ്ങൾ ഇത് **ചിന്തിച്ച് ഗ്രഹിക്കുവാനും** ഇതിന്റെ പാഠമുൾക്കൊള്ളുവാനും..... നിങ്ങളുടെ പിൻതലമുറയ്ക്ക് നിങ്ങളിത് പറഞ്ഞുകൊടുക്കാനും വേണ്ടിയാണ്. ഇത് കേട്ടയാൾ മറ്റാളുകൾക്ക് വിവരിച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്.' (ഹദീസ്)

"ഇമാം അലൈഹിസ്സലാമിനെക്കുറിച്ച് (ആമുഖത്തിൽ) ഇത്രയും എഴുതി അവസാനിപ്പിക്കുന്നു.

"മുമ്പ് ഈ വിനീതൻ പ്രകടിപ്പിച്ച ചില നിഗമനങ്ങൾക്കും പഠനങ്ങൾക്കും **വേറിട്ട** ചില കാഴ്ചപ്പാടുകൾക്കും വിശദവായനകൾ പ്രേരിപ്പിച്ചിട്ടുണ്ട്. അവ ഈ പുസ്തകത്തിൽ പ്രകാശിപ്പിച്ചിരിക്കുന്നു. ഇനിയും പഠനങ്ങളും നിരീക്ഷണങ്ങളും തുടരുന്നു. (ആമുഖം പേജ് 4-17)

**ആരാണ് ഇമാം മഹ്ദി?**

"40 വയസ്സുവരെ സാധാരണജീവിതം നയിച്ച് വളരുന്ന തനിക്ക് ഒരുനാൾ അല്ലാഹു സവിശേഷമായ സൗഭാഗ്യവും അനുഗ്രഹവും നൽകി സമുദായ **നായകത്വം** വഹിക്കുവാനുള്ള അർഹതയും അവസരവും നൽകി **തെരഞ്ഞെടുക്കുന്നതായിരിക്കും.**

"മുസ്‌ലിം ഉമ്മത്തിന്റെ നവോത്ഥാന നായകനും വിമോചകനുമായി നിയുക്തനാകുന്ന അദ്ദേഹം ലോകതലത്തിൽ അജയ്യനായി നീതിനിഷ്ഠമായ സൽഭരണം കാഴ്ചവെക്കുന്നതാണ്.

".........ത്യാഗോജ്ജ്വല പ്രവർത്തനവും, സംശുദ്ധ ജീവിതവും നീതിനിഷ്ഠമായ...... സമീപനങ്ങളും നയിച്ച് മുന്നേറുമ്പോൾ അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള അത്യപാരമായ സഹായങ്ങൾ ലഭ്യമാകുന്ന **നിയോഗ** പുരുഷനായ അദ്ദേഹം **അൽഖലീഫത്തുൽ മഹ്ദി** സന്മാർഗ്ഗസിദ്ധനായി വാഴ്ത്തപ്പെടുന്നതാണ്.

"...... ഇമാം മഹ്ദി **അലൈഹിസ്സലാം** ആഗോളതലത്തിൽ ഇസ്‌ലാമികവിജയം നേടിയെടുക്കുന്നതും സമുദായത്തിന്റെ സമുന്നതമായ പരിഷ്കർത്താവായി പ്രവർത്തിക്കുന്നതുമാണ്.

"ലോകമെങ്ങുമുള്ള സത്യവിശ്വാസികളുടെ മനസ്സിൽ അദ്ദേഹത്തോട് സ്നേഹം ജനിക്കും... സത്യവിശ്വാസികളുടെ സൈന്യത്തിന് അല്ലാഹു അത്ഭുതപൂർവ്വമായി വിജയം നൽകി അനുഗ്രഹിക്കും... മുസ്‌ലിംകൾ ഭൗതികവും ആത്മീയവുമായി ഉന്നതങ്ങൾ പ്രാപിക്കും.

"ഭൂമിയിലാകെ അനീതിയും അരാജകത്വവും കൊടികുത്തിവാഴുന്ന കാലത്തായിരിക്കും ഇമാം മഹ്ദിയുടെ ആഗമനം ഉണ്ടാകുക. തൽസ്ഥാനത്ത് നീതിയും സത്യവും സ്ഥാപിച്ച് **സമാധാനപരമായ**.... മുന്നേറ്റത്തിന് നേതൃത്വം വഹിക്കുന്ന ഇമാം മഹ്ദി **സമാധാനത്തിന്റേയും** നന്മയുടേയും പ്രതീകമായിത്തീരുന്ന

താണ്.

"ഇസ്ലാമിക സമൂഹത്തിന് പൂർവ്വകാല പ്രതാപവും ഐക്യവും തിരിച്ചു ലഭിക്കുന്ന സുമോഹന സുവർണ്ണ കാലമായിരിക്കും അത്. തിരുനബി(സ) യുടെ ഹദീസുകൾ സവിസ്തരം പ്രതിപാദിച്ച വിഷയങ്ങളാണിതെല്ലാം. മുസ്ലിംകൾ വിശ്വസിച്ചുപോരുന്നതും പ്രതീക്ഷിക്കുന്നതുമായ **നന്മയുടെ നായകൻ** ഇമാം മഹ്ദി **അലൈഹിസ്സലാമി**നെക്കുറിച്ചുള്ള സംക്ഷിപ്ത പരാമർശമാണിത്.

"പണ്ഡിതോചിതമായ ഒരു ഗ്രന്ഥം മലയാളത്തിൽ ഇമാം മഹ്ദിയുടെ വിഷയത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടില്ലായെന്നത് ആത്മവിമർശനത്തോടെ പണ്ഡിതസമൂഹം അനുസ്മരിക്കേണ്ടതാണ്. ഇമാം മഹ്ദിയെ അംഗീകാരത്തോടെ വിവരിക്കുന്ന മുപ്പതോളം ചെറുതും വലുതുമായ ആധുനിക പണ്ഡിതന്മാരുടെ കൃതികൾ കണ്ടെത്താൻ വിശുദ്ധ മക്കയിലെ ബുക്ക് സ്റ്റാളിൽനിന്ന് 2003-ലെ ഹജ്ജ്വേളയിൽ ഈ വിനീതന് സാധിക്കുകയുണ്ടായി.

"പൗരാണികരും ആധുനികരുമായ പണ്ഡിതമഹാത്മാക്കൾ ഇമാം മഹ്ദിയെ പരിചയപ്പെടുത്താൻ മാത്രമായി രചിച്ച 40 ഓളം ഗ്രന്ഥങ്ങളുടെ പട്ടിക ശേഷം നാം വിവരിക്കുന്നുണ്ട്. ... മാവൂർ സുബൈർ മൗലവി അൽഖൗസരിയുടെ 'ഇമാം മഹ്ദിയും ഈസാ മസീഹും' എന്ന പുസ്തകം 2002-ൽ പുറത്തിറങ്ങിയത് എടുത്തുപറയുവാൻ മാത്രമുള്ളതാണ്. അൽകൗസർ പണ്ഡിതകൗൺസിൽ പ്രസാധനം ചെയ്ത ഈ പുസ്തകത്തിൽ തബ്ലീഗ് ജമാഅത്തിലെ പണ്ഡിതനായ സുബൈർ മൗലവി ഇപ്രകാരം എഴുതി. ഇമാം മഹ്ദിയുടെ ജനനം നടന്നിരിക്കുന്നുവെന്ന് ലോക മുസ്ലിം പണ്ഡിതർ പലരും അവകാശപ്പെട്ടുകഴിഞ്ഞു. (പുറം, 47)..... പേജ് 24)

**ഇബ്നു തീമിയയുടെ മഹ്ദി വിഷയം**

"എന്നാൽ മഹ്ദിയുടെ ആഗമനം ശരിയാണെന്ന് വാദിക്കുന്ന പണ്ഡിതന്മാരുണ്ട്. ഈവിഷയകമായി വന്ന ഹദീസുകൾ പ്രബലങ്ങളാണെന്നാണവരുടെ വാദം. ശൈഖുൽ ഇസ്ലാം ഇബ്നുതീമിയ ഇവരിലൊരാളാണ്. മഹ്ദി പ്രത്യക്ഷപ്പെടുമെന്നും അതിന് തെളിവായി ഏഴ് ഹദീസുകളുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്..... ഇബ്നു തീമിയ മഹ്ദി വിശ്വാസത്തെ അംഗീകരിച്ച പണ്ഡിതനാണെന്നത് പ്രസിദ്ധമാണ്. .... ഇബ്നു തീമിയയുടെ പല ഗ്രന്ഥങ്ങളിലും ഇമാം മഹ്ദിയുടെ ആഗമനത്തെ ഹദീസുകൾ ഉദ്ധരിച്ച് ശരിവെച്ചിട്ടുണ്ട്. ഇബ്നുതീമിയ അവസാന നാൾവരേയും ഈ ആദർശത്തിൽ തന്നെയായിരുന്നു. തന്റെ പ്രമുഖ ശിഷ്യനായ ഇബ്നുൽഖയ്യൂം, ഇമാം മഹ്ദിയുടെ ആഗമനത്തെ സമർത്ഥമായി ശരിവെച്ച് സ്ഥാപിച്ചിട്ടുണ്ട്. മറ്റൊരു ശിഷ്യനായ ഇമാം ഇബ്നു കസീർ, ഇമാം മഹ്ദിയുടെ ആഗമനത്തെ സ്ഥിരീകരിച്ചുകൊണ്ട് ഗഹനമായ ഒരു സ്വതന്ത്ര ഗ്രന്ഥംതന്നെ രചിക്കുകയുണ്ടായി.

"എന്നാൽ, ഇവ്വിഷയകമായി ഇബ്നുൽ ഖയ്യിം തന്റെ 'മനാറുൽ മുനീഫ്' എന്ന ഗ്രന്ഥത്തിൽ എഴുതിയിട്ടുണ്ട്...... ഇബ്നു തീമിയയും ഇബ്നുൽ ഖയ്യൂമും ഇബ്നു കസീറും മാത്രമല്ല പൗരാണികരായ മുഴുവൻ പണ്ഡിതപ്രമുഖന്മാരും ഇമാം മഹ്ദിയുടെ ആഗമനത്തെ ശരിവെച്ചുകൊണ്ട് നിരവധി തെളിവുകൾ അണിനിരത്തിയിട്ടുണ്ട്.

".... ഇമാം മഹ്ദിയെ ശരിവെച്ചുകൊണ്ടുള്ള ഹദീസുകൾ ഏഴോ അൻപതോ മാത്രമല്ല; ഇമാം സുയൂത്തി ഈ വിഷയത്തിലുള്ള 200 ൽ അധികം ഹദീസുകൾ തന്റെ 'അൽ ഉർഫുൽ വർദി' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ വിഷയത്തിലുള്ള പല ഹദീസുകളും സർവ്വസ്വീകാര്യമായിട്ടുള്ളതാണ്.

"മർയമിന്റെ പുത്രൻ ഈസയല്ലാതെ മഹ്ദിയില്ല' എന്ന ഹദീസ് ഇബ്നുമാജ തന്റെ 'സുനനിൽ' റിപ്പോർട്ട് ചെയ്തതാണ്. എന്നാൽ ഇമാം മഹ്ദിയെ പരാമർശിക്കുന്ന നബിതിരുമേനിയിൽനിന്നുള്ള ഹദീസുകൾ കണക്കറ്റതും മുത്തവാത്തിറായിട്ടുള്ളതുമാണ്. മഹ്ദിയുടെ ആഗമനത്തെക്കുറിച്ചുള്ള ഹദീസുകളുടെ നിവേദക പരമ്പര വളരെ സ്വീകാര്യമായിട്ടുള്ളതുമാകുന്നു. അഹ്ലസുന്നാ വിഭാഗക്കാരുടെ ഇമാം മഹ്ദിയെക്കുറിച്ചുള്ള വിശ്വാസം അനിഷേധ്യമായ തെളിവുകളാൽ സ്ഥിരീകരിക്കപ്പെട്ടതാണെന്ന് സമർത്ഥിക്കുന്ന പ്രഗത്ഭമതിയായ പണ്ഡിതനാണ് ഇബ്നുൽ ഖയ്യൂം. മഹ്ദി വാദത്തിന്റെ സത്യാവസ്ഥ ഹദീസുകൾക്കു പുറമെ **ദർശനപരമായ** വ്യാഖ്യാനംകൂടി ഉദ്ധരിച്ച് സമർത്ഥിക്കുകയാണ് ഇബ്നുൽ ഖയ്യൂം തന്റെ 'മനാറുൽ മുനീഫ്' എന്ന ഗ്രന്ഥത്തിലും മറ്റും ചെയ്തിട്ടുള്ളത്.... അതേ സമയം അഹ്ലു സുന്നയുടെ വിശ്വാസത്തിലുള്ള ഇമാം മഹ്ദിയെ അദ്ദേഹം **ആയിരം** തവണ സ്ഥിരീകരിക്കുകയാണ് ചെയ്തത്... ഇമാം മഹ്ദിയെക്കുറിച്ചുള്ള വിഷയത്തിൽ ഇവർ രണ്ടുപേരും (ഇബ്നുൽ ഖയ്യിം, ഇബ്നു കസീർ) അഹ്ലുസുന്നയുടെ ശരിയായ വിശ്വാസത്തെ അംഗീകരിച്ചവരും സമർത്ഥിച്ചവരുമാണ്.

**മഹ്ദി വീക്ഷണം**

"മറിയമിന്റെ പുത്രൻ അൽമസീഹാണ് മഹ്ദിയെന്നതാണ് ഒന്നാം വീക്ഷണം. ഒരർത്ഥത്തിൽ **ഈസാ നബിയും മഹ്ദി തന്നെയാണല്ലോ**...... അൽമഹ്ദി അദ്ദേഹമല്ലാതെ മറ്റാരുമല്ല... ഈസയല്ലാതെ മഹ്ദിയില്ല എന്നു പറഞ്ഞാൽ പരിപൂർണ്ണനും പാപസുരക്ഷിതനുമായ സന്മാർഗ്ഗ സിദ്ധൻ ഈസയാണെന്നാണർത്ഥം ..... നബി(സ) പറയുന്നു. "**കറുത്തപതാക**ക്കാർ മുന്നിട്ടു വരുന്നത് കാണുമ്പോൾ നിങ്ങളതിൽചെന്ന് അണിചേർന്നുകൊള്ളുക. അതിൽ **അല്ലാഹുവിന്റെ ഖലീഫ**യായ മഹ്ദിയുണ്ടായിരിക്കും......

"അൽമഹ്ദി എന്ന പ്രയോഗം നന്മയുടേയും സന്മാർഗ്ഗത്തിന്റെയും പ്രതീകമായി വരും എന്നർത്ഥം*.

* അൽമഹ്ദി എന്നതിന് മൗദൂദി സാഹിബ് നൽകിയ അർത്ഥം മഹ്ദി നവോത്ഥാന നായകനായിരിക്കും. അദ്ദേഹം മുഖേന ഖിലാഫത്ത് പുനഃസ്ഥാപിക്കും എന്നാണ്. (പ്രബോധനം, 1980, മാർച്ച് സമ്പാ:)

"നബി(സ) പറഞ്ഞു: "ഈ ഉമ്മത്ത് നശിച്ചുപോകുന്ന പ്രശ്നം ഉദിക്കുന്നില്ല, ഞാൻ അവരുടെ ആദ്യത്തിലും ഈസാ(അ)യും മഹ്ദി(അ)യും അതിനിടയ്ക്കും ഉണ്ടായിരിക്കെ."

"അഹ്‌ലു സുന്നയുടെ വിശ്വാസത്തിലുള്ള ഇമാം മഹ്ദി യാഥാർത്ഥ്യമാണെന്നും അതുസംബന്ധമായ ഹദീസുകൾ സ്വീകാര്യമാണെന്നും ഇമാം ഇബ്നു ഖയ്യും സവിസ്തരം സ്ഥാപിച്ചിരിക്കുന്നു. ഇമാം മഹ്ദി സംബന്ധമായി വന്ന ഹദീസുകൾ മുത്തവാത്തിർ (അനിഷേധ്യമായവിധം സ്വീകാര്യമായത്) പദവിയിലുള്ളതാണെന്നാണ് ഇമാം സ്ഥിരീകരിച്ചത്. അതിനു പുറമെ മഹ്ദിയുടെ അസ്തിത്വം **ദർശനപരമായും** അദ്ദേഹം സ്ഥാപിച്ചിട്ടുണ്ട്.

**ഖുർആനിലും സൂചന**

"വിശുദ്ധഖുർആനിൽ ഇമാം മഹ്ദിയെ വ്യക്തമായി പരാമർശിച്ചത് കാണുന്നില്ല. എന്നാൽ, ചില ഖുർആനിക വചനങ്ങളുടെ വിവരണങ്ങൾ ഇമാം മഹ്ദിയുടെ വിജയകരമായ കാലഘട്ടത്തെയാണ് സൂചിപ്പിക്കുന്നതെന്ന് പല വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിരിക്കുന്നു.

"ഇസ്‌ലാം മറ്റു മതങ്ങളെയെല്ലാം വിജയിക്കുന്ന അവസ്ഥ സംജാതമാകുമെന്നു വിശുദ്ധഖുർആൻ 9:33-ലും 48:28-ലും 61:9-ലും പ്രഖ്യാപിക്കുന്നുണ്ട്. അതുപോലെ ഇസ്‌ലാംമത വിരോധികൾക്കും ഭൗതികലോകത്തുവെച്ചുതന്നെ ചില അപമാനങ്ങൾ സഹിക്കേണ്ടി വരുമെന്ന് ഖുർആൻ 2:114-ലും 5:33-ലും പറയുന്നുണ്ട്.

"ഖുർആൻ പറഞ്ഞ ഈ അവസ്ഥകൾ പരിപൂർണ്ണമായും സംഭവ്യമാകുക **നവോത്ഥാനനായകനായ** ഇമാം മഹ്ദിയുടെ (ഭരണ)കാലത്തായിരിക്കുമെന്ന് പ്രമുഖ തഫ്സീർ ഗ്രന്ഥങ്ങളെല്ലാം വ്യക്തമാക്കുന്നുണ്ട്. 1. തഫ്സീർ ഇബ്നു കസീർ (2) തഫ്സീറുൽ ഖുർതുബി (3) തഫ്സീറുൽ ത്വബ്‌രീ (4) തഫ്സീറുൽ ഫത്ഹിൽ ഖദീർ (5) തഫ്സീറുൽ ബഗ്‌വി (6) തഫ്സീർ ദുർറുൽ മൻസൂർ (7) തഫ്സീർ അബുസുഊദ് (8) തഫ്സീറുൽ റൂഹുൽമആനി മുതലായ ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ ഇമാം മഹ്ദിയുടെ ആഗമനത്തെ ഖുർആനിക വെളിച്ചത്തിൽ സ്ഥിരീകരിച്ചത് കാണാം.

"ഇമാം മഹ്ദി **അലൈഹിസ്സലാ**മിനെക്കുറിച്ച് ഹദീസുകൾ നിരവധിയുണ്ട്. അവയുടെ പദവി മുത്തവാത്തിറിന്റെ സ്ഥാനത്താണ്. മഹ്ദിയുടെ പേരും പെരുമയും വിശേഷണങ്ങളുമെല്ലാം സർവ്വസ്വീകാര്യമായ ഹദീസുകളിൽനിന്നു മാത്രം കണ്ടെത്താൻ കഴിയും.

"ഇമാം മഹ്ദിയുടെ ഹദീസുകൾ... 26 സ്വഹാബിമാരിൽനിന്ന് നിവേദനം വന്നിട്ടുണ്ട്. ഇത്രയധികം സ്വഹാബിമാർ നബി(സ)യിൽനിന്ന് ശ്രവിച്ചതായി നിവേദനം ചെയ്ത ഹദീസുകൾ നിദാനശാസ്ത്രപരമായി പ്രബലത വർദ്ധിപ്പിക്കുന്നു.

"ഇമാം മഹ്ദിയെക്കുറിച്ചുള്ള ഹദീസുകൾ പലതും സഹീഹാണെന്നതിന് പുറമെ അവ മുത്തവാത്തിർ പദവി ആർജ്ജിച്ചിട്ടുള്ളതാണ് എന്നാണ് പ്രമുഖ ഹദീസുപണ്ഡിതന്മാരുടെ നിലപാട്. (പേജ് 45)

"പൗരാണികരും ആധുനികരുമായ പല മുസ്‌ലിം പണ്ഡിതന്മാരും ഇമാം മഹ്ദിയുടെ വിവരങ്ങൾ ശേഖരിച്ച് സ്വതന്ത്രഗ്രന്ഥങ്ങൾ തന്നെ രചിച്ചിട്ടുണ്ട്. മുസ്‌ലിം ഉമ്മത്തിന് പ്രതീക്ഷ നൽകുന്ന ഒരു പ്രധാന വിഷയമെന്ന നിലക്ക് വിശദമായ പഠനങ്ങൾ നടത്തി ഇമാം മഹ്ദിയുടെ ആഗമനത്തെ സ്ഥിരീകരിച്ചുകൊണ്ട് പൂർവ്വിക ഇമാമുകളുടെ പ്രൗഢമായ ഗ്രന്ഥങ്ങൾ **ഇക്കാലത്ത്** സജീവമായ പഠനത്തിനും അപഗ്രഥനത്തിനും വിധേയമാകേണ്ടതാണ്.

"ഇമാം മഹ്ദിയെക്കുറിച്ചു വന്ന ഹദീസുകൾ, മഹ്ദിയുടെ വ്യക്തിവിശേഷണങ്ങൾ, **മഹ്ദിയുടെ ആഗമനകാലഘട്ടം**, മഹ്ദിയുടെ തൊട്ടുമുമ്പുണ്ടാകുന്ന സുപ്രധാന സംഭവങ്ങൾ, അക്കാലത്ത് നടത്തുന്ന പ്രധാന യുദ്ധങ്ങൾ... മഹ്ദിയുടെ ബയ്അത്ത്.... മഹ്ദിയുടെ കാലത്ത് നടക്കുന്ന **കൂട്ടഇസ്‌ലാംമത ആശ്ലേഷം**.... മഹ്ദിയുടെ കാലത്തെ സാമ്പത്തികവിജയങ്ങൾ, മഹ്ദിയുടെ വിയോഗം എന്നിവയെല്ലാം പ്രസ്തുത ഗ്രന്ഥങ്ങളിൽ ഹദീസുകൾ ഉദ്ധരിച്ച് വിവരിച്ചിരിക്കുന്നു. (പൗരാണികരും ആധുനികരുമായ പണ്ഡിതന്മാർ ഇമാം മഹ്ദി വിഷയത്തിന് പ്രാധാന്യം നൽകി രചിച്ച 40 ഗ്രന്ഥങ്ങളുടെ പേരു വിവരങ്ങൾ ഈ ഗ്രന്ഥത്തിന്റെ 48-ാം പേജുമുതൽ 52-ാം പേജുവരെ കാണാം.)

".... യഥാർത്ഥനായ ഇമാം മഹ്ദി രംഗത്തുവരുമ്പോൾ **സത്യബോധമുള്ളവരാരും** തിരിച്ചറിയാതെ പോകരുതെന്ന് തിരുനബി(സ)ക്ക് താൽപര്യമുണ്ടായിരുന്നു. സർവ്വസത്യവിശ്വാസികളും പിന്തുണ നൽകി ശക്തിപ്പെടുത്തേണ്ട ആ മഹാത്മാവിനെ സംശയലേശമന്യേ തിരിച്ചറിയുവാൻ പറ്റുന്ന ആവശ്യമായ എല്ലാ ലക്ഷണങ്ങളും പ്രവാചകതിരുമേനി പഠിപ്പിച്ചിട്ടുണ്ട്. ഇമാം മഹ്ദിയുടെ വംശം, ഗോത്രം, ദേശം, ശാരീരികാകൃതി, വർണ്ണം, സ്വഭാവം, വൈയക്തിക പ്രത്യേകതകൾ എന്നിവയെല്ലാം തിരുനബി(സ.അ) വിശദമായി വിവരിക്കുകയുണ്ടായി.

"..... സമുദായത്തിന്റെ അവസാനകാലത്തായിരിക്കും ആഗമനം.... മുസ്‌ലിംകളുടെ ഇമാമായിരിക്കും.... തിങ്ങിയ താടി, തിളങ്ങുന്ന വിടവുള്ള പല്ലുകൾ, സൗകുമാര്യത തുളുമ്പുന്ന മുഖം.... ഒത്ത വലിപ്പമുള്ള ശരീരം, ചുവപ്പുവർണ്ണത്തിന്റെ കലർപ്പ്. (ഹദീസുകൾ) (പേജ് 70)

"അദ്ദേഹത്തിന്റെ നാവിന് ചെറിയതോതിൽ വിക്ക് പോലെ അനുഭവപ്പെടും. സംസാരത്തിന് താമസം നേരിടുമ്പോൾ അദ്ദേഹം തന്റെ വലതുകൈകൊണ്ട് ഇടതുതുടമേൽ അടിക്കും. അപ്പോൾ വാക്കുകൾ പ്രവഹിക്കും. (ഇമാം നുഐമുബ്നു ഹമ്മദ്. ഹദീസ്)

ഒരൊറ്റ രാത്രികൊണ്ട് അല്ലാഹു അദ്ദേഹത്തെ യോഗ്യനാക്കുന്നതായിരിക്കും. (ഹദീസ് ഇബ്നുമാജ)

"ഹദീസിൽ പറഞ്ഞ ഈ ലക്ഷണം ശ്രദ്ധേയമാണ്. ഇമാം മഹ്ദി **അലൈഹിസ്സലാം** ചെറുപ്പനാൾ മുതൽ **പൊതുവെ അറിയപ്പെടാത്ത വ്യക്തിത്വമായിരിക്കും.** അദ്ദേഹം സാധാരണ ജീവിതം നയിക്കും. വളരെ

ഭാരിച്ച മഹത്തായ ഒരു ഉത്തരവാദിത്തം തന്റെ ചുമലിൽ അർപ്പിക്കപ്പെടാൻ പോകുന്നതിനെപ്പറ്റി അദ്ദേഹം തന്നെയും ബോധവാനായിരിക്കണമെന്നില്ല. മുസ്‌ലിം ഉമ്മത്ത് അകപ്പെട്ടിരിക്കുന്ന ദയനീയമായ വിഷമസന്ധിയിൽനിന്ന് അവരെ മോചിപ്പിക്കുവാൻ എന്തു മാർഗ്ഗം **എന്ന് ചിന്തിക്കുകയും അതിൽ മനംനൊന്ത് കരഞ്ഞുപ്രാർത്ഥിക്കുകയും** ചെയ്യുന്ന അനേകരിൽ ഒരാളായിരിക്കാം അദ്ദേഹം.

"തനിക്ക് 40 വയസ്സ് പൂർത്തിയായശേഷം ഒരുനാളിൽ അല്ലാഹു അദ്ദേഹത്തിന് സവിശേഷമായ സിദ്ധികളും മുസ്‌ലിം ഉമ്മത്തിന്റെ ഭരണസാരഥ്യം ഏറ്റെടുക്കുവാനുള്ള തൗഫീഖും അർഹതയും നൽകി ആദരിക്കുകയായിരിക്കും ഉണ്ടാകുക.

"**നിയോഗപരമായ** ഒരു ഔന്നത്യം മാത്രമായി വേണം ഇമാം മഹ്ദിയുടെ സമുദ്ധാരണത്തെ കാണുവാൻ. അദ്ദേഹത്തിന്റെയും ജനങ്ങളിൽനിന്നുള്ള മറ്റാരുടേയും പ്രേരണയും പരിശ്രമവുമായിരിക്കില്ല **നായകത്വ**പദവിക്ക് കാരണം. (പേജ് 71)

"..... അല്ലാഹുവിന്റെ നിശ്ചയപ്രകാരം അരങ്ങേറുന്ന ദൗത്യപ്രതിഭാസമായിരിക്കും ഇമാം മഹ്ദിയുടെ നിയോഗമെന്നത് സുനിശ്ചിതമാണ്. **യുസ്‌ലിഹുല്ലാഹു ഫീ ലൈലത്തിൻ** എന്നാണ് ഹദീസിലെ പ്രയോഗം. ഒരു രാത്രിയിൽ അല്ലാഹു അദ്ദേഹത്തെ ഇസ്‌ലാഹ് ചെയ്യുന്നതാണ്.... അല്ലാഹു അദ്ദേഹത്തെ മുസ്‌ലിം ഉമ്മത്തിന്റെ **നായകനായി തെരഞ്ഞെടുക്കുന്നു**. സവിശേഷമായ സിദ്ധികളും അനുഗ്രഹങ്ങളും നൽകി അല്ലാഹു അദ്ദേഹത്തെ വിജയത്തിലേക്ക് വഴി നടത്തുന്നു...... അല്ലാഹുവിനാൽ **തെരഞ്ഞെടുക്കപ്പെടുന്ന** വിമോചകനായ മഹാത്മാവാണ് ഇമാം മഹ്ദി.

"ഇമാം മഹ്ദി രംഗത്തു വന്നാലുടൻ അതിക്രമമായി അദ്ദേഹത്തെ നേരിടുവാൻ മുസ്‌ലിംരാജ്യങ്ങളിൽ പെട്ടവർ തന്നെയാണ് ആദ്യമായി രംഗത്തുവരികയെന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്.... (പേജ് 74)

"സത്യവാനായ ഇമാം മഹ്ദിക്കെതിരെ... കാര്യമില്ലാതെ വിമർശിക്കുന്നതും നിഷേധിക്കുന്നതുമെല്ലാം ശരിയായ തിരിച്ചറിവ് നേടാതിരുന്നാൽ അത്തരം ഗുരുതരമായ ഭവിഷ്യത്തുകളെല്ലാം വന്നുഭവിക്കുവാൻ സാധ്യതകൾ ഏറെയാണ്. മഹാത്മാവ് രംഗത്തുവരുന്ന കാലഘട്ടത്തെ പൊതുവായി തിരിച്ചറിയുവാൻ പറ്റുന്ന അനേകമനേകം അടയാളങ്ങളും ലക്ഷണങ്ങളും തിരുനബി(സ.അ) പറഞ്ഞുതന്നിട്ടുണ്ട്.

"നബി(സ)യുടെ മാർഗ്ഗം പരിപൂർണ്ണമായി പിന്തുടർന്ന് മുന്നേറ്റം നടത്തുന്ന പ്രവാചകപൗത്രനായ ഇമാം മഹ്ദിക്ക് ലോകതലത്തിൽ ഇസ്‌ലാമിനെ അജയ്യശക്തിയായി അവരോധിക്കുവാൻ അവസരമൊരുങ്ങുന്നതാണ്. ആത്മീയവും ഭൗതികവുമായ മഹാവിജയത്തിന്റെ ഉയിർത്തെഴുന്നേല്പ്പായിരിക്കും അദ്ദേഹത്തിന്റെ കാലത്ത് മുസ്‌ലിംകൾ അനുഭവിക്കാൻ പോകുന്നത്.

"കുറച്ചുകാലമായി മുസ്‌ലിം സമൂഹം ഏറ്റവും ഭീഷണമായ പരീക്ഷണങ്ങളെ അഭിമുഖീകരിച്ചുകൊണ്ടാണ് ലോകത്തെങ്ങും ജീവിക്കുന്നത്. വിജയത്തിന്റേയും സന്തോഷത്തിന്റേയും വാർത്തകൾ അന്യമായി പോയിരിക്കുന്നു....

"ഉസ്മാനിയ ഖിലാഫത്തിന്റെ പതനത്തിനുശേഷം ലോകതലത്തിൽ ഭരണപരമായ ഒരു പ്രതീക്ഷയും ഇസ്‌ലാമികസമൂഹത്തിനുണ്ടായിട്ടില്ല. ആഗോളതലത്തിൽ ഭൗതികമോ ആത്മീയമോ ആയ ഒരു നേതൃത്വമില്ലായ്മയുടെ ദുരിതാനുഭവങ്ങൾ കുറച്ചൊന്നുമല്ല നാം അനുഭവിച്ചത്.

"മുസ്‌ലിംഉമ്മത്തിന് പൂർവ്വകാലങ്ങളിൽ വിജയം സമ്മാനിച്ചിരുന്ന പ്രധാന ഗുണങ്ങളെല്ലാം നമുക്ക് വിനിഷ്ടമായിരിക്കുന്നു. അനുയോജ്യമായ നേതൃത്വം... ഐക്യം, സമരോത്സുകത, ആത്മീയപരിശുദ്ധി, വിദ്യാഭ്യാസമേന്മ എന്നിങ്ങനെ വിജയകാലഘട്ടങ്ങളിൽ ഉണ്ടായിരുന്ന സർവ്വമാന സദ്ഗുണങ്ങളും കൈമോശം വന്നിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞുപോയി..... (പേജ് 72 മുതൽ പേജ് 76 വരെ)

"അവഹേളിക്കപ്പെടുവാനും ആക്രമിക്കപ്പെടുവാനും ഭരിക്കപ്പെടുവാനും നിയന്ത്രിക്കപ്പെടുവാനും മാത്രം വിധിക്കപ്പെട്ട ശോചനീയമായ സമകാലീന ദുരവസ്ഥകൾ എന്തുമാത്രം വേദനിപ്പിക്കുന്നതല്ല?

"പലസ്തീൻ, കശ്മീർ, ചെച്ച്നിയ, ഫർസിക്, അഫ്ഗാനിസ്ഥാൻ, ഇറാഖ് എന്നുവേണ്ട മുസ്‌ലിംകൾ അധിവസിക്കുന്ന ഇടങ്ങളിലെല്ലാം പരീക്ഷണങ്ങളുടെ ഞെട്ടിപ്പിക്കുന്ന ദീനരോദനകഥകളല്ലാതെ സന്തോഷപ്പെട്ടത് കേൾക്കുവാൻ വല്ലതും പതിറ്റാണ്ടുകളായി നമുക്ക് കഴിഞ്ഞിട്ടുണ്ടോ?

"മിമ്പറുകളിലും മിഹ്‌റാബുകളിലും ഇടതടവില്ലാതെ ഉയരുന്ന പ്രാർത്ഥനാനൊമ്പരങ്ങൾ സജീവശബ്ദങ്ങളായി മുഴക്കം സൃഷ്ടിക്കുന്നു. ആത്മാർത്ഥമായ ഭക്തജനങ്ങളുടെ മനമുരുകിയുള്ള ദയാഹർജികൾക്ക് എന്നെങ്കിലുമൊരിക്കൽ മുഹമ്മദ് നബിയുടെ ദയാപരനായ റബ്ബ് ഉത്തരം ചെയ്യാതിരിക്കുമോ? സ്രഷ്ടാവായ അല്ലാഹുവിന് ഇഷ്ടപ്പെട്ട ഏകമത സരണിയുടെ വക്താക്കളായ മുസ്‌ലിംകൾ എന്നെന്നേക്കുമായി നിസ്സഹായരും നിരാലംബരുമായി ഉപേക്ഷിക്കപ്പെടുമോ? ഒരിക്കലും അങ്ങനെയുണ്ടാകാൻ ഇടയില്ല. നന്മയുടെ പ്രകാശബിന്ദുക്കളെ പൂർണ്ണമായി അണച്ചുകളഞ്ഞവരല്ല ഈ സമുദായം. പുണ്യങ്ങളുടെ വാതായനങ്ങൾ പൂർണ്ണമായി കൊട്ടിയടച്ചിട്ടുമില്ല അവർ.

"സർവ്വശക്തനായ അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട ദാസനും, സൃഷ്ടിശ്രേഷ്ഠരായി തെരഞ്ഞെടുക്കപ്പെട്ടവരുമായ മുഹമ്മദ് നബി(സ)യുടെ പ്രിയപ്പെട്ട ഉമ്മത്തിന് അവിടുത്തെ മഹത്വമെങ്കിലും കണക്കിലെടുത്ത് അല്ലാഹു പരിരക്ഷിക്കാതിരിക്കുകയില്ല. വിമോചനത്തിന്റെ വഴികൾ തുറന്നുകൊടുക്കാതിരിക്കുകയില്ല.

"ഈ സമുദായത്തിന്റെ സർവ്വതല രക്ഷക്ക് ഏറ്റവും അനിവാര്യമായിട്ടുള്ള സംഗതി ആഗോളതലത്തിൽ ഭൗതികവും ആത്മീയവുമായ സമ്പൂർണ്ണനേതൃത്വം വഹിക്കുന്ന ലക്ഷണമൊത്ത നായകന്റെ സജീവസാന്നിധ്യമാണ്. അല്ലാഹുവിന്റെ സവിശേഷമായ സഹായമുള്ള ഒരു **ഇമാം** ഉയർത്തെഴുന്നേല്ക്കുകയാണ് എല്ലാത്തിനും പരിഹാരം.

"അനുയോജ്യമായ നേതൃത്വം മുമ്പിലുണ്ടായാൽ കർമ്മനിരതവും ത്യാഗസമുജ്ജ്വലവുമായ കഠിനപരിശ്രമങ്ങളുടെ ജൈത്രയാത്രകൾ നടത്തുവാൻ മനസ്സും ശരീരവും സമർപ്പിക്കുന്ന ജനലക്ഷങ്ങൾ ഇന്നും എന്നും ഈ സമുദായത്തിൽ ലഭ്യമാണ്. അത്തരത്തിലുള്ള ഒരു നേതാവിന്റേയും അനുസരണയുള്ള പടയണികളുടേയും പ്രതീക്ഷാനിർഭരമായ അനുഭവസ്വാദനങ്ങളാണ് ഇമാം മഹ്ദിയെ കുറിച്ചുള്ള സുവിശേഷങ്ങളിലൂടെ സമുദായം ശ്രവിക്കുന്നത്. പ്രതീക്ഷ ഒരിക്കലും അസ്ഥാനത്താവുകയില്ല. (പേജ് 77)

"പ്രിയങ്കരനായ മുഹമ്മദ് നബി(സ)യെക്കൊണ്ട് മുസ്‌ലിംകളുടെ പ്രാരംഭാവസ്ഥ നീ മനോഹരമാക്കിയല്ലോ നാഥാ!.. എങ്കിൽ ആ ഐശ്വര്യാവസ്ഥയെ നീ പരിപൂർത്തിയാക്കിത്തരേണമേ! സമാപ്തിഗുണവും നീ കനിഞ്ഞരുളേണമേ! പ്രാർത്ഥനകൾ പൂവണിയാതിരിക്കുമോ? (പേജ് 76-77)

"ഇത്തരമൊരു വിമോചകന്റെ ആഗമനത്തെക്കുറിച്ചുള്ള പ്രതീക്ഷ വെച്ചുപുലർത്തുന്നത്.... ഇല്ലാതെ വരുമ്പോൾ നീതിനിഷേധവും അടിച്ചമർത്തലുകളും ക്രൂരഹത്യകളും മാത്രം വഹിച്ചുവരുന്ന സമൂഹത്തിൽ പരിഹരിക്കാനാവാത്ത നിരാശാബോധവും ശൂന്യതയും സൃഷ്ടിക്കപ്പെടുകയാണുണ്ടാവുക.

"മുസ്‌ലിംകളെ പ്രവാചകതിരുമേനി പഠിപ്പിച്ചത് അപ്രകാരമല്ല. നിരാശക്ക് പകരം പ്രത്യാശയാണ് അവിടുന്ന് പ്രദാനം ചെയ്തത്. വിജയശ്രീലാളിതനാകുന്ന **ഒരുത്തമ വിമോചകൻ** തന്റെ ഉമ്മത്തിൽ രംഗപ്രവേശനം ചെയ്യും...

"ഇമാം മഹ്ദി എന്ന **വിമോചകൻ** ഏത് കാലത്ത് ആഗമനം ചെയ്യുമെങ്കിലും അക്കാലത്ത് നമുക്ക് വിജയമുണ്ടാകും എന്ന പ്രതീക്ഷ എല്ലാ കാലത്തേയും വിശ്വാസികൾക്ക് കർമ്മബോധവും ഉത്സാഹവുമാണ് സമ്മാനിച്ചത്. എല്ലാം മഹ്ദി വരുമ്പോൾ ചുമ്മാ ശരിയായിക്കൊള്ളും എന്ന മൂഢധാരണയൊന്നും യഥാർത്ഥ മുസ്‌ലിംകൾക്കില്ല.

"മഹ്ദി എന്ന വിമോചകന് അനുകൂലമായ അവസ്ഥകളും പശ്ചാത്തലവും സൃഷ്ടിക്കുന്നതിനുവേണ്ടി തങ്ങളാലാവുംവിധം പരിശ്രമിക്കണം...... കഠിനപരിശ്രമങ്ങളും മഹ്ദിയും അനുകൂലികളും നടത്തേണ്ടിവരുമെന്നത് നബി വചനങ്ങൾ വ്യക്തമാക്കുന്നു (പേജ് 78)

"....താനും അനുയായികളും നീതിനിഷ്ഠവും സത്യസന്ധമായും ജീവിക്കുന്നു. മാതൃകാപരമായ പുണ്യങ്ങൾമാത്രം ചെയ്ത് ജീവിക്കുമ്പോൾ ദൈവസഹായവും ലോകപിന്തുണയും സമാർജ്ജിക്കുവാൻ അവസരം ലഭിക്കുന്നു. പൂർണ്ണനീതിയും സത്യവും പരിപാലിക്കപ്പെടുമ്പോൾ പ്രകൃതിയുടെ പിന്തുണയും പ്രകൃത്യാതീത സിദ്ധികളും കൈവരുന്നു. അങ്ങനെയെല്ലാം കീഴടക്കുന്ന സ്വാഭാവികരീതിയും ശൈലിയും ബുദ്ധിപരമായി വിലയിരുത്തുവാൻ യാതൊരു പ്രയാസവുമില്ല.

"...... വിമോചനകനായ ഇമാം മഹ്ദി നമുക്ക് വരാനുണ്ടെന്ന വിശ്വാസം എന്തെന്നില്ലാത്ത പ്രതീക്ഷകൾ സമ്മാനിക്കുന്നു. നന്മയുടെ മാർഗ്ഗത്തിൽ നിരതരാകാനും മഹ്ദിക്കനുകൂലമായ സാഹചര്യങ്ങൾ വളർത്താനും ഏതൊരു വിശ്വാസിക്കും ആവേശം വർദ്ധിക്കുന്നു. അദ്ദേഹം എന്നുവന്നാലും ഈ വിശ്വാസവും മറ്റും ലോകത്തെങ്ങുമുള്ള.... മുസ്‌ലിം ഉമ്മത്തിന് ആകമാനം ആത്മീയവും ഭൗതികവുമായ നേതൃത്വം നൽകുന്ന സുസമ്മതനായ ഒരു സാരഥി രംഗത്തു വരുമെന്ന പ്രതീക്ഷ എന്തുമാത്രം ഊർജ്ജസ്വലതയാണ് ഈമാനികവൃത്തങ്ങളിൽ സൃഷ്ടിച്ചിട്ടുള്ളത്.

"....... അല്ലാഹുവിനെക്കുറിച്ചും അവന്റെ ദീനിനെക്കുറിച്ചും എന്തെന്നില്ലാത്ത മതിപ്പും തൃപ്തിയും വളർത്തുന്നു. ഇതെല്ലാമാണ് ഇമാം മഹ്ദിയെക്കുറിച്ച് പ്രതീക്ഷപുലർത്തുന്നവരുടെ വിശ്വാസപരമായ നേട്ടങ്ങൾ (പേജ് 78-80)

"ഇമാം മഹ്ദിയെന്ന **വിമോചകൻ** ആകാശത്തുനിന്നും ഇറങ്ങിവരുന്ന അത്ഭുത കഥാപാത്രമല്ല. ഈ സമുദായത്തിലെ സാധാരണ ഒരംഗമായി ജീവിച്ച് പക്വതാപ്രായം കൈവരുമ്പോൾ അല്ലാഹു അദ്ദേഹത്തിന് യോഗ്യതാസിദ്ധിയും അനുഗ്രഹവും നൽകുന്നു. (പേജ് 79)

"...... വർത്തമാനകാല മുസ്‌ലിംകൾ ലോകത്തുടനീളം സഹിച്ചുവരുന്ന പരിധിയില്ലാത്ത പീഡനങ്ങൾക്കും യാതനകൾക്കും അറുതി വരുത്തിക്കൊണ്ട് അതുല്യമായ ദൈവികസഹായം വന്നെത്തുമെന്ന പ്രത്യാശ..... (ആണ് മുസ്‌ലിംകൾക്കുള്ളത്)

"ഹുദൈഫത്തുബ്നുയമാൻ(റ) പറയുന്നു. ജനങ്ങൾ തിരുനബിയോട് നന്മയെക്കുറിച്ചായിരുന്നു കൂടുതൽ ചോദിച്ചിരുന്നത്. ഞാനാകട്ടെ എനിക്ക് വന്നുഭവിച്ചേക്കുമോ എന്ന ഭയത്താൽ തിന്മയെക്കുറിച്ചായിരുന്നു കൂടുതലും ചോദിച്ചിരുന്നത്. അങ്ങനെ ഞാൻ ചോദിച്ചു. അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ അജ്ഞതയിലും തിന്മയിലും കഴിഞ്ഞുകൂടുകയായിരുന്നുവല്ലോ. അപ്പോഴാണ് ഈ നന്മയെ അല്ലാഹു ഞങ്ങൾക്ക് കൊണ്ടുവന്നത്. ഈ നന്മയ്ക്കുശേഷം ഇനി വല്ല തിന്മയും വരാനുണ്ടോ? നബി(സ) പറഞ്ഞു. അതെ. ഞാൻ ചോദിച്ചു ആ തിന്മയ്ക്കുശേഷം വല്ല നന്മയും പിന്നീടുണ്ടാകുമോ? നബി(സ) പറഞ്ഞു: അതെ. പക്ഷേ, അതിൽ ചില പുകച്ചിലൊക്കെയുണ്ടാകും. ഞാൻ ചോദിച്ചു. എന്താണതിലെ പുകച്ചിൽ? നബി(സ) പറഞ്ഞു: ഒരുവിഭാഗം ആളുകൾ അവർ എന്റെ ചര്യയല്ലാത്തതിനെ ജീവിതചര്യയാക്കും. എന്റെ മാതൃകയല്ലാത്തതിനെ അവർ മാതൃകയായി സ്വീകരിക്കും. അവരിൽനിന്നും ചിലതിനോടെല്ലാം നിനക്ക് യോജിക്കുവാനും ചിലതിനെ നീ വിമർശിക്കേണ്ടിയും വരും. ഞാൻ ചോദിച്ചു. ശരി. ആ നന്മയ്ക്കുശേഷം വല്ല തിന്മയുമുണ്ടാകുമോ? നബി(സ) പറഞ്ഞു. അതെ. ഉണ്ടാകും. നരകകവാടങ്ങളിൽനിന്ന് ചില പ്രബോധകന്മാർ അവരുടെ നയങ്ങളിലേക്കും (വിളിക്കും). ആരെങ്കിലും ഉത്തരം ചെയ്താൽ അവർ അവരെ അതിൽ ചാടിക്കും. ഞാൻ ചോദിച്ചു. അല്ലാഹുവിന്റെ തിരുദൂതരെ അവരെക്കുറിച്ച് ഞങ്ങൾക്ക് വിശേഷിപ്പിച്ചുതന്നാലും. നബി(സ) പറഞ്ഞു. അതെ പറഞ്ഞുതരാം. അവർ നമ്മുടെ വർഗ്ഗത്തിൽപ്പെട്ടവർ തന്നെ. നമ്മുടെ ഭാഷ

കൊണ്ടുതന്നെയാണ് അവർ സംസാരിക്കുക. ഞാൻ ചോദിച്ചു. എനിക്ക് അങ്ങനെയുള്ള അവസ്ഥ നേരിട്ടാൽ ഞാൻ എന്തു ചെയ്യണമെന്നാണ് അവിടുന്ന് നിർദ്ദേശിക്കുക? നബി(സ) പറഞ്ഞു. താങ്കൾ മുസ്‌ലിംകളുടെ ജമാഅത്തിനേയും ഇമാമിനേയും അവലംബിക്കുക. ഞാൻ ചോദിച്ചു. അവർക്കന്ന് ജമാഅത്തും ഇമാമുമൊന്നുമില്ലെങ്കിലോ? നബി(സ) പറഞ്ഞു. ആ കക്ഷികളെ മുഴുവൻ നീ വെടിഞ്ഞു നിൽക്കുക. നിനക്ക് മരണമെത്തുന്നതുവരെ, ഒരു വൃക്ഷത്തിന്റെ വേരിന്മേൽ കടിച്ചുപിടിച്ചാലും നീ അങ്ങനെ തുടരുക. (ബുഖാരി, മുസ്‌ലിം) (പേജ് 80-81)

"അവസാനകാലത്തോടടുക്കുമ്പോൾ സംജാതമാകുന്ന ആത്മീയരംഗത്തെക്കുറിച്ചാണ് ഈ ഹദീസിന്റെ പ്രമേയം. ബോധപൂർവ്വം നിരീക്ഷിക്കുന്നവർക്ക് ഈ പ്രവചനത്തിലെ പല അവസ്ഥകളും പുലർന്നുവന്നതായി കണ്ടെത്താവുന്നതാണ്. ഇത്തരമൊരവസ്ഥയിൽ സത്യം പ്രാപിക്കുവാൻ ആഗ്രഹിക്കുന്നവർ ഏത് മാർഗ്ഗം കൈക്കൊള്ളണമെന്ന് നബി(സ) നിർദ്ദേശിച്ചിരിക്കുന്നു (പേജ് 82)

"ഹുദയ്ഫ (റ) നിവേദനം ചെയ്യുന്നു. തിരുനബി (സ) പറഞ്ഞു. "അല്ലാഹു ഉദ്ദേശിക്കുന്നത്രയും കാലം പ്രവാചകത്വം (ഭരണം) നിങ്ങളിൽ നിലനില്ക്കും. പിന്നീട് അതുയർത്തുവാൻ അല്ലാഹു ഉദ്ദേശിക്കുമ്പോൾ ഉയർത്തിക്കളയും. പിന്നീട് നുബുവ്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് (ഭരണം) നിലനില്ക്കും. പിന്നീട് അല്ലാഹു ഉയർത്തിക്കളയും. പിന്നീട് കടിച്ചുകീറുന്ന രാജാധിപത്യം നിലവിൽ വരും. ശേഷം അതും ഉയർത്തപ്പെടും. പിന്നീട് സ്വേഛാധിപത്യ രാജഭരണം നിലവിൽവരും. അല്ലാഹു ഉദ്ദേശിക്കുന്നത്ര കാലം നിലനിന്നശേഷം പിന്നീട് അതും ഉയർത്തപ്പെടും. പിന്നീട് **നുബൂവ്വത്തിന്റെ** മാതൃകയിലുള്ള ഖിലാഫത്ത് നിലവിൽവരും. പിന്നെ നബി(സ) മിണ്ടാതിരുന്നു. (പേജ് 85)

"ഹദീസിൽ വിവരിച്ച പ്രകാരത്തിലുള്ള നാല് ഭരണരീതികളും മുസ്‌ലിം ഉമ്മത്ത് കഴിഞ്ഞകാലങ്ങളിൽ കണ്ടുകഴിഞ്ഞു. ഇനി അഞ്ചാമത്തെ രീതികൂടി അനുഭവിക്കാൻ കാത്തിരിക്കുന്നു. ഒന്നാമതായി നുബൂവ്വത്തിന്റെ ഭരണരീതി. അത് തിരുനബി(സ)യുടെ ഭരണമാകുന്നു. രണ്ടാമത്തേത് നുബൂവ്വത്തിന്റെ മാതൃകയിലുള്ള ഭരണക്രമം. ഖുലഫാഉർ റാശിദീങ്ങളുടെ കാലത്ത് മുസ്‌ലിംകൾ അത് ആസ്വദിക്കുകയുണ്ടായി. പിന്നീട് അധികാരത്തിനുവേണ്ടി പരസ്പരം കടിച്ചുകീറുന്ന രാജാധികാരമായിരുന്നു. ഉമവിയാക്കളുടേയും മറ്റും കാലത്ത് അത് പുലരുകയുണ്ടായി. അതിനു ശേഷം സ്വേഛാധിപത്യത്തിലമർന്ന രാജവാഴ്ച ദീർഘകാലമായി ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്നു. (പേജ് 86)

**ഖിലാഫത്ത്**

"ഇമാം മഹ്ദിയുടെ കീഴിൽ അരങ്ങേറാൻ കാത്തിരിക്കുന്ന ഭരണക്രമമാണത്. ശോഭനമായ ഭരണം.... **കറുത്ത പതാകകൾ** വന്നതായി നിങ്ങൾ കണ്ടുകഴിഞ്ഞാൽ ആ കൊടിക്കീഴിലേക്ക് നിങ്ങൾ അണിചേരുക. കാരണം അതിൽ അല്ലാഹുവിന്റെ ഖലീഫയായ മഹ്ദിയുണ്ടായിരിക്കും.... പൗരസ്ത്യദിശയിൽ (മശ്‌രിഖ്) നിന്നും ഒരുവിഭാഗം ആളുകൾ പുറപ്പെടുകയും തുടർന്ന് അവർ മഹ്ദിക്ക് സൗകര്യമൊരുക്കുകയും ചെയ്യും....(പേജ് 121)

"..... കറുത്ത ചില പതാകകൾ... കറുത്ത പതാകക്കാർ.... മശ്‌രിഖിൽനിന്നുള്ള ജനത എന്നും ചില നിവേദനങ്ങളിൽ കാണുന്നുണ്ട്..... കറുത്ത പതാകക്കാർ... (പേജ് 121) പൗരസ്ത്യദേശത്തുനിന്നും പുറപ്പെടുന്ന ഒരുവിഭാഗം ജനങ്ങളെക്കുറിച്ച് കേൾക്കാൻ ഇടവന്നാൽ അവർ ബുദ്ധിയും ഗാംഭീര്യതയും ഉള്ളവരായിരിക്കും. അവരുടെ വേഷവിധാനങ്ങൾ കണ്ട് മറ്റു ജനങ്ങൾ വിസ്മയിക്കും. ലോകാവസാനത്തിലേക്ക് നിങ്ങൾ അടുത്തുവെന്ന് മനസ്സിലാക്കുക... പൗരസ്ത്യരാജ്യത്തുനിന്നും **കറുത്തപതാകക്കാർ** മുന്നോട്ട് വരുന്നു... അവരുടെ വിളിപ്പേര് **ഗ്രാമങ്ങളോട് ചേർത്തായിരിക്കും**. (പേജ് 123) മശ്‌രിഖിൽനിന്നും (പൗരസ്ത്യദേശം) **കറുത്തപതാകകൾ** ഉയർത്തപ്പെടുന്നകാലം..... എന്റെ അഹ്‌ലുബൈത്തിന്റെ നായകനെ സമീപിച്ചുകൊള്ളട്ടെ; മഞ്ഞുകട്ടയിൽ മുട്ടുകുത്തി ഇഴഞ്ഞു നീങ്ങിയെങ്കിലും. കാരണം അത് സന്മാർഗ്ഗത്തിന്റെ പതാകകളാണ്.... (പേജ് 124) അദ്ദേഹത്തിന്റെ നാമം എന്റെ നാമത്തോടും പിതാവിന്റെ നാമം എന്റെ പിതാവിന്റെ നാമത്തോടും **യോജിച്ചുവരുന്നതാണ്**...... ഇമാം മഹ്ദി പ്രത്യക്ഷപ്പെട്ടുകഴിഞ്ഞാൽ അദ്ദേഹത്തെ സഹായിച്ചുവളർത്തുവാൻ ബാധ്യസ്ഥരായ ചില മുസ്‌ലിം രാഷ്ട്രങ്ങൾപോലും അദ്ദേഹത്തെ സഹായിക്കുന്നതിനു പകരം... **പരാജയപ്പെടുത്താനായിരിക്കും** ആദ്യഘട്ടത്തിൽ മുന്നോട്ടുവരിക. സഹീഹായ ഹദീസുകളിൽ അക്കാര്യം പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. (പേജ് 127-128)

"ഇമാം മഹ്ദി അലൈഹിസ്സലാമിനെക്കുറിച്ച് അറിയുവാൻ പര്യാപ്തമായ പല ലക്ഷണങ്ങളും രൂപവിശേഷണങ്ങളും തിരുനബി(സ) പറഞ്ഞുതന്നിട്ടുണ്ട്.

"സത്യവാനായ ഇമാം മഹ്ദി(അ) പ്രത്യക്ഷപ്പെടുന്ന സന്ദർഭത്തിലും തുടക്കത്തിൽ ചില മേഖലകളിൽ തിരിച്ചറിയാനാവാത്ത പ്രവണതകൾ ഉണ്ടാകാനിടയുണ്ട്. തിരുനബിയാൽ വാഗ്ദത്തം ചെയ്യപ്പെട്ട സത്യവാനായ വിമോചകനാണ് ഇദ്ദേഹമെന്ന് **ആരംഭത്തിൽ പലർക്കും ബോധ്യപ്പെട്ടുകൊള്ളണമെന്നില്ല**.

"അവസാനകാലത്ത് മഹ്ദി എന്ന പേരിൽ രംഗത്തുവരുന്ന ഖലീഫയെക്കുറിച്ച് വിവരിക്കുന്ന അദ്ധ്യായം... ഇമാം കുർതുബി വിവരിക്കുന്നു..... ആഗോളതലത്തിൽ ഇസ്‌ലാമികവിജയം നേടിയെടുക്കുന്ന ഒരു മഹൽവ്യക്തിത്വമാണ് ഇമാം മഹ്ദി... 40 വയസ്സുവരെ അല്ലാഹു അദ്ദേഹത്തെക്കുറിച്ചുള്ള വിവരങ്ങൾ രഹസ്യമാക്കി വെച്ചിരിക്കുന്നു.

".... ഇമാം മഹ്ദി പുറപ്പെടുന്നതിനു മുമ്പായി മശ്‌രിഖ് (കിഴക്ക്) ഭാഗത്തുനിന്നും ഒരു വാൽനക്ഷത്രം ഉദിക്കുന്നതായിരിക്കും. (പേജ് 185)

"ഇമാം ദാറുഖുത്നി തന്റെ സുനനിൽ 2/65 നമ്പർ 10-ൽ ഉദ്ധരിക്കുന്ന ഹദീസ് ഇപ്രകാരമാകുന്നു.

"നിശ്ചയം നമ്മുടെ മഹ്ദിയുടെ ആഗമനത്തിന്

രണ്ട് ദൃഷ്ടാന്തങ്ങളുണ്ടാകുന്നതാണ്. അല്ലാഹു ആകാശഭൂമികളെ സൃഷ്ടിച്ച നാൾ മുതൽ അങ്ങനെയൊരു സംഭവം അപ്രകാരം ഉണ്ടായിട്ടില്ല. റമസാനിലെ ആദ്യത്തെ രാത്രിയിൽ ചന്ദ്രഗ്രഹണമുണ്ടാകുന്നതാണ്. റമസാൻ പകുതിക്ക് സൂര്യഗ്രഹണവും ഉണ്ടാകുന്നതായിരിക്കും. അല്ലാഹു ആകാശഭൂമികളെ സൃഷ്ടിച്ച നാൾമുതൽ ഇപ്രകാരം സംഭവിച്ചിട്ടില്ല. (പേജ് 155-156)

"ഇമാം മഹ്ദിയുടെ ആഗമനത്തിനു മുമ്പുള്ള റമസാനിൽ സൂര്യചന്ദ്രഗ്രഹണം സംഭവിക്കുമെന്നുള്ള വിവരം പല ഹദീസ് ഗ്രന്ഥങ്ങളിലും കാണുന്നുണ്ട്.

"മുസ്‌ലിം ഉമ്മത്ത് നാനോന്മുഖമായ പ്രതിസന്ധികളിൽപെട്ട് ശ്വാസംമുട്ടി കഴിയുന്ന ദുസ്ഥിതിയിൽ സ്രഷ്ടാവായ അല്ലാഹു അവർക്ക് ഒരു വഴി തുറക്കുകയാണ്. ഈ സമുദായത്തെ അല്ലാഹു രക്ഷിക്കുകയാണ്.

''സത്യവാനായ ഒരു **നവോത്ഥാന നായകൻ** സത്യാദർശവും സത്കർമ്മവും.... അല്ലാഹുവിന്റെ പ്രത്യേക പരിരക്ഷയും സഹായവും നേടിക്കൊണ്ട് **നിയോഗ**പുരുഷനായി രംഗത്തിറങ്ങുന്നു.... മഹാനുഭാവനായ ആ മുസ്‌ലിംനേതാവ് വിജയത്തിന്റെ ജൈത്രയാത്ര തുടരുന്നു.... മഹ്ദി അലൈഹിസ്സലാം മുസ്‌ലിം ലോക ഇമാമായി പ്രതിജ്ഞ ചെയ്യപ്പെടുന്നു.... മുസ്‌ലിംകൾക്ക് പൂർവ്വകാല പ്രതാപങ്ങൾ തിരിച്ചുവരവായി.

"ഇമാം മഹ്ദിയുടെ വിജയകരമായ പുറപ്പാടും ബയ്അത്തും തദനന്തര നീക്കങ്ങളുമെല്ലാം വിശദമായി പറഞ്ഞുതന്നിരിക്കുന്നു; പ്രിയപ്പെട്ട പുണ്യറസൂൽ(സ).

"ആഗോളതലത്തിൽ മുസ്‌ലിം സമുദായം ഭീഷണമായ വിവിധ വെല്ലുവിളികളെ നേരിടുന്ന ഘട്ടം... ആഗോളതലത്തിൽ ശക്തിമായ ഒരു ആദ്ധ്യാത്മിക നേതൃത്വം ഇല്ലാത്തതുകാരണം നിഷ്ക്രിയ സമൂഹമായി മുസ്‌ലിംകൾ നിരാശരായി ചടഞ്ഞുകൂടുന്നു.

"അങ്ങനെയൊക്കെയാണെങ്കിലും പുണ്യപ്രവാചകൻ പഠിപ്പിച്ച സത്യവാനായ ഒരു വിമോചകനെ പ്രതീക്ഷാപൂർവ്വം കാത്തിരിക്കുന്നു. ഇമാം മഹ്ദിയുടെ വരവിനെ **പരിപൂർണ്ണമായി സമയമായിരിക്കുന്നു** എന്ന് അക്കാലത്തുള്ള അവർക്ക് ബോധ്യം വരികയാണ്.... വിശുദ്ധ ഹർമിൽപോലും രക്തരൂക്ഷിതമായ കൊലപാതകങ്ങൾ (പേ 155-161)... അദ്ദേഹത്തെ നിങ്ങൾ പ്രാപിക്കുന്നപക്ഷം നിങ്ങളും അദ്ദേഹത്തിൽ ബയ്അത്ത് ചെയ്യുവിൻ. കാരണം അദ്ദേഹം ഭൂമിയിൽ സന്മാർഗ്ഗസിദ്ധനാകുന്നു (മഹ്ദിയാകുന്നു). ആകാശലോകത്തും അദ്ദേഹം സന്മാർഗ്ഗസിദ്ധനാകുന്നു. (പേ 175) ... ഉമ്മത്തിന്റെ പരിതാപകരമായ അവസ്ഥയോർത്ത് കരയുകയായിരിക്കും. ഞാൻ അദ്ദേഹത്തിന്റെ കണ്ണുനീർ കണങ്ങൾ ഇറ്റിവീഴുന്നത് ഇപ്പോൾ കാണുന്നതുപോലെയിരിക്കുന്നു. (ഹദീസ്) (പേജ് 175)

**ഇമാം മഹ്ദി, ബയ്അത്ത് ചെയ്യപ്പെട്ടതിനുശേഷം ഉപദേശം**

"മാന്യജനങ്ങളെ അല്ലാഹുവിനെക്കുറിച്ച് ഞാൻ നിങ്ങളോട് ഉദ്ബോധിപ്പിക്കുന്നു. അവന്റെ മുമ്പിൽ നിങ്ങൾ എല്ലാവരും ചെന്നുനിൽക്കേണ്ടവരാണെന്ന് ഓർമ്മിച്ചുകൊള്ളുക. നിശ്ചയം അവൻ പ്രമാണം സ്ഥാപിക്കുകയും പ്രവാചകന്മാരെ നിയോഗിക്കുകയും ചെയ്തിരിക്കുന്നു. അവൻ വേദത്തെ അവതരിപ്പിച്ചു നൽകിയിരിക്കുന്നു. അല്ലാഹുവിൽ മറ്റൊന്നിനേയും പങ്കുചേർക്കരുതെന്നും നിങ്ങളോടവൻ കല്പിച്ചിരിക്കുന്നു. അല്ലാഹുവിനേയും അവന്റെ ദൂതരേയും അനുസരിക്കുന്നതിൽ നിങ്ങൾ ശ്രദ്ധവെച്ചുകൊള്ളണം. വിശുദ്ധഖുർആൻ ജീവൻ നൽകിയതിനു നിങ്ങളും ജീവൻ നൽകുവിൻ. ഖുർആൻ നിർജ്ജീവമാക്കിയതിനെ നിങ്ങളും നിർജ്ജീവമാക്കുവിൻ.

നിങ്ങൾ പരസ്പരം സന്മാർഗ്ഗത്തിൽ സഹകാരികളും തഖ്‌വയുടെ മന്ത്രിമാരുമായി മാറുക. നിശ്ചയം ദുനിയാവ്, അതിന്റെ നാശം വളരെ അടുത്തുകഴിഞ്ഞു. അത് യാത്ര ചോദിക്കുവാൻ തയ്യാറായിരിക്കുന്നു. നിശ്ചയം ഞാൻ നിങ്ങളെ അല്ലാഹുവിലേക്കും അവന്റെ ദൂതരിലേക്കും അവന്റെ വേദമനുസരിച്ച് പ്രവർത്തിക്കുവാനും ക്ഷണിച്ചുകൊള്ളുന്നു. അധർമ്മങ്ങളെ കുഴിച്ചുമൂടുവാനും തിരുചര്യകളെ സജീവമാക്കുവാനും ഞാൻ ആവശ്യപ്പെടുന്നു. ഹദീസ് തുടരുന്നു.... പ്രതിജ്ഞയോടെ അദ്ദേഹം രംഗത്തുവരുന്നതാണ്. അന്ത്യയാമങ്ങളിൽ ഭക്തശിരോമണികളും പകൽ നേരങ്ങളിൽ സിംഹക്കൂട്ടങ്ങളുമാണവർ (പേജ് 176)

"ഇമാം അലൈഹിസ്സലാം അല്ലാഹുവിന്റെ പ്രത്യേക സംരക്ഷണവും അനുഗ്രഹവും ലഭിക്കുന്ന നിയോഗ പുരുഷനാണ്. ഭൗതികാതീതമായ വിവിധ സഹായങ്ങൾ അദ്ദേഹത്തിന് ലഭിക്കുന്നതാണ്.

"അല്ലാഹുവിനാൽ തിരഞ്ഞെടുക്കപ്പെട്ട വിമോചകനായ ഇമാം മഹ്ദി അലൈഹിസ്സലാം.... പ്രതിജ്ഞ ചെയ്യപ്പെട്ടു. അതോടെ മുസ്‌ലിം ഉമ്മത്തിന് പ്രതീക്ഷാനിർഭരമായ ഒരു പുതിയ പ്രഭാതം പിറക്കുകയായി. പ്രതികരിക്കാൻ ശേഷിയില്ലാതെ പ്രതിസന്ധികളിൽപെട്ടുഴലുന്ന സമുദായത്തിന് കരുത്തനും അനുയോജ്യനുമായ ഒരു നേതാവിനെ ലഭിച്ചിരിക്കുന്നു.... അല്ലാഹുവിന്റെ പ്രത്യേകമായ സവിശേഷമായ അനുഗ്രഹങ്ങളും ലഭിക്കുമെന്നത് നേരാണ്. എന്നാൽ അതോടൊപ്പം ഇമാം മഹ്ദിയും അനുയായികളും കാഴ്ചവെക്കുന്ന വിജയോപാദികൾ മറ്റു പലതുമുണ്ട്. ഒന്നാമതായി ശരിയായ സത്യവിശ്വാസവും തദനുസൃതമായ സൽകർമ്മങ്ങളും അവരെ വിജയപ്രാപ്തരാക്കി മാറ്റുന്നു. അല്ലാഹുവിന്റെ പിന്തുണയും സഹായവും ലഭിക്കുവാൻ ഹേതുവായ നീതിനിഷ്ഠജീവിതം അവലംബിക്കുന്നതോടെ പൂർവ്വകാല വിശ്വാസികൾ നേടിയതുപോലുള്ള വിജയങ്ങൾ അവസാന തലമുറക്ക് കൈവരുന്നതാണ്. (പേജ് 176)

"അല്ലാഹു പറയുന്നു. നിങ്ങളിൽ സത്യവിശ്വാസം കൈക്കൊള്ളുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരോട് അല്ലാഹു ഇതാ വാഗ്ദാനം ചെയ്തിരിക്കുന്നു. തീർച്ചയായും അവരുടെ മുൻഗാമികൾക്ക് ഭരണപ്രാതിനിധ്യം (ഖിലാഫത്ത്) നൽകിയതുപോലെ ഈ ഭൂമിയിൽ അവർക്കും ഭരണപ്രാതിനിധ്യം (ഖിലാഫത്ത്) നൽകുമെന്നും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് ശക്തിപ്പെടുത്തിക്കൊടുക്കുമെന്നും ഭയത്തിനുശേഷം അവർക്ക് നിർഭയത്വം നൽകുമെന്നും അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ ആരാധിക്കുന്നു.

എന്നോട് മറ്റൊന്നിനേയും പങ്കുചേർക്കുന്നില്ല. എന്നാൽ ഈ അനുഗ്രഹം ലഭിച്ചതിനുശേഷം ആരെ ങ്കിലും നന്ദികേട് കാണിച്ചാൽ അവർ തന്നെയാണ് ധിക്കാരികൾ" (വി.ഖുർ 24:55)

"ഇമാം മഹ്ദിയുടെ കാലത്തുണ്ടാകുന്ന മഹാവി ജയങ്ങൾക്ക് നിദാനമാകുന്ന പ്രധാന ഹേതു കഠിന പരിശ്രമങ്ങളും സമരനീക്കങ്ങളും ആസൂത്രിത മുന്നേ റ്റങ്ങളും തന്നെയാകുന്നു. സത്യസന്ധമായ നേതൃത്വ ത്തിന്റെ സുചിന്തിതമായ ആജ്ഞകൾക്കു പിന്നിൽ ത്യാഗശാലികളായ സത്യവിശ്വാസികൾ ശുഭപ്രതീക്ഷ യോടെ കഠിനപ്രയത്നങ്ങൾ കാഴ്ചവെക്കുന്നു. ലോക തലത്തിൽ നീതിയും ധർമ്മവും സംസ്ഥാപിക്കുവാനാ യുള്ള ജിഹാദി മുന്നേറ്റം നടത്തുന്നു. എന്തും സഹി ക്കുവാനും ത്യജിക്കുവാനും അവർ ഒരുക്കമാണ്.

"അന്ത്യയാമങ്ങളിൽ ഭക്തശ്രേഷ്ഠരും പകൽ സമ യങ്ങളിൽ അശ്വഭടന്മാരുമായ അവർക്ക് അല്ലാഹു വിനെ മാത്രമെ പേടിക്കുവാനുള്ളു. അവനെ മാത്രമേ പ്രതീക്ഷിക്കുവാനുള്ളു. ത്യാഗപരിശ്രമങ്ങളൊന്നും കൂടാതെ ആകാശത്തുനിന്ന് വീണുകിട്ടുന്നതല്ല ഇമാം മഹ്ദിയുടെ വിജയം.

"അല്ലാഹുവിനാൽ **നിയോഗിക്കപ്പെട്ട** പുണ്യാത്മാ വെന്ന നിലക്ക് അസാധാരണമായ ദൈവികസഹായ ങ്ങളും അത്ഭുതസിദ്ധികളും ഉണ്ടാകുമെന്ന യാഥാർത്ഥ്യം നിഷേധിക്കേണ്ടതില്ല. യഥാർത്ഥ സത്യ വിശ്വാസികൾക്ക് അല്ലാഹു പറഞ്ഞതാണത്... (പേജ് 180)

"ഇമാം മഹ്ദിക്ക് തുടക്കത്തിൽതന്നെ **എതിർപ്പുകൾ** നിരവധി വരുമെന്ന് ഹദീസുകൾ പഠിപ്പിക്കുന്നു. എതിർപ്പുകൾ നേരിടാതെ ഒരു സത്യപ്രസ്ഥാന ത്തിനും പുരോഗതിയിലേക്ക് മുന്നേറുവാൻ സാധ്യമ ല്ല... ഇമാം മഹ്ദിക്കും സംഘത്തിനും ഏത് നീക്കങ്ങ ളിലും വിജയമായിരിക്കും കൂട്ടുണ്ടാവുക....

"തുടക്കത്തിൽ ഇമാം മഹ്ദിയുടെ സൈന്യത്തിൽ ഇത്രയും കുറഞ്ഞ സൈനികർ മാത്രമേ അണിനിര ക്കുകയുള്ളൂ എന്ന വസ്തുത സഗൗരവം ശ്രദ്ധിക്കേ ണ്ടതാണ്. മുസ്‌ലിം സമുദായത്തിലെ **മഹാഭൂരിപക്ഷം** ജനങ്ങളും പ്രതീക്ഷാപൂർവ്വം കാത്തിരിക്കുന്നവിമോ ചകനാണ് ഇമാം മഹ്ദി. എന്നിട്ടും സമുദാത്തിന്റെ മൊത്തമായ അംഗീകാരവും പിന്തുണയും നേടിയെ ടുക്കുവാൻ സത്യവാനായ ഇമാം മഹ്ദിക്കുതന്നെയും കുറച്ചു സമയം വേണ്ടിവരുമെന്നാണ് ഹദീസ് പഠിപ്പി ക്കുന്നത്.

"പ്രതീക്ഷാപൂർവ്വം കാത്തിരിക്കുന്നവർക്കുപോലും കാര്യങ്ങൾ ഗ്രഹിച്ചെടുക്കുവാൻ സമയമെടുക്കുമെന്ന് ഇത് വ്യക്തമാക്കുന്നു. (പേ 182-183)

"ഇമാം മഹ്ദി ബയ്അത്ത് ചെയ്യപ്പെട്ടു കഴിഞ്ഞാൽ പിന്നെ അദ്ദേഹം വിശ്രമിക്കുകയില്ല. ഒട്ടും സമയം പാഴാക്കാതെ കഠിനപരിശ്രമങ്ങളുടെ സാഹസിക യജ്ഞത്തിൽ അദ്ദേഹം മുഴുകുന്നതാണ്. മുസ്‌ലിം സമുദായം നേരിടുന്ന ഏറ്റവും സങ്കീർണ്ണമായ വെല്ലു വിളികളെ തരണം ചെയ്യുന്നതിനായിരിക്കും പരി ഷ്കർത്താവായ അദ്ദേഹം മുൻതൂക്കം കല്പിക്കു ക....... ഒരു മുന്നേറ്റം കൊണ്ടുമാത്രമേ അക്കാലത്ത് സമുദായത്തിന് രക്ഷയും വിജയവും പ്രദാനം ചെയ്യാ നാവുകയുള്ളൂ. കളങ്കമില്ലാത്ത ജിഹാദീ നീക്കങ്ങളി ലൂടെയാണ് മഹ്ദി തന്റെ നവോത്ഥാന തുടക്കം കുറി ക്കുക. ഈ മുന്നേറ്റത്തിന് അപ്രതിരോധ്യമായ അവസ്ഥ കൈവരിക ഇമാം മഹ്ദിയുടെ കാലത്താ യിരിക്കും. .... അനാവശ്യമായ കടന്നാക്രമണങ്ങളും നീതിരഹിതമായ കൊലപാതകങ്ങളും ജിഹാദിന്റെ ഭാഗ മല്ല. (പേജ് 184-185)

".... ഇത് സമുദായത്തിന്റെ അവസാനകാലത്ത് വരുന്ന ഖലീഫയെന്നാണ് നബി(സ) പല വചനങ്ങ ളിലും ഇമാം മഹ്ദിയെ പരിചയപ്പെടുത്തിയത്. ആഖി റുസ്സമാനിലെ (കാലാവസാനം) മുസ്‌ലിം നായക നായും അദ്ദേഹം പരിചയപ്പെടുത്തപ്പെട്ടിരിക്കുന്നു... എന്നാൽ, ഇമാം മഹ്ദിയുടെ ആഗമനമായാൽ പിന്നെ, ലോകാന്ത്യം ഉടനെ സംഭവിക്കുകയായി എന്നു കരു തുന്നത് ശരിയല്ല. ഇസ്‌ലാമിക പ്രമാണങ്ങൾ വ്യക്ത മാക്കുന്നതിനനുസരിച്ച് പിന്നെയും കുറേ വർഷങ്ങൾ കഴിഞ്ഞാണ് യഥാർത്ഥമായും ലോകാന്ത്യം സംഭവി ക്കുക... ഇമാം മഹ്ദി (അ)യുടെ ആഗമനം സംഭവി ക്കുന്നതോടെ അന്ത്യദിനം സംഭവിക്കുന്നില്ലെന്നാണ് ഇതെല്ലാം അർത്ഥമാക്കുന്നത്. പിന്നേയും മനുഷ്യവംശ തലമുറകൾക്ക് അധിവസിക്കുവാനുള്ള **ദീർഘമായ** കാലയളവുകൾ ഭൂമിയിൽ ബാക്കിയുണ്ടായിരിക്കും. (പേജ് 220).... ഇമാം അൽ മഹ്ദി സത്യമാകുന്നു. നബി (സ) പറഞ്ഞതായി രേഖപ്പെട്ടുകാണുന്നു. 'ദജ്ജാ ലിനെ കളവാക്കിയവർ കാഫിറാകുന്നു. മഹ്ദിയെ നിഷേധിക്കുന്നവനും കാഫിറത്രെ.' (പേജ് 222)

"ഈസബ്നു മർയം അല്ലാതെ മഹ്ദിയില്ല എന്ന പ്രമാണത്തിന്റെ വിവക്ഷ പാപസുരക്ഷിതനും പരി പൂർണ്ണനുമായ മഹ്ദി ഈസാനബിയാകുന്നു എന്ന ത്രെ... യഥാർത്ഥനായ മഹ്ദി വരുമെന്നത് പ്രസിദ്ധവും അനിഷേധ്യവുമാണ്. മഹ്ദിയെ പരാമർശിക്കുന്ന ഹദീ സുകൾ റിപ്പോർട്ടർമാരുടെ ആധിക്യംകൊണ്ട് വിശ്രു തവും മുത്തവാത്തിറുമാണെന്ന് ഇമാമുകൾ പ്രസ്താ വിച്ചിരിക്കുന്നു.

"ഇമാം മഹ്ദിയുടെ ആഗമനത്തിന്റെ ദൃഷ്ടാന്തമായി പതിവിനു വിപരീതമായി സൂര്യചന്ദ്രഗ്രഹണങ്ങൾ ഉണ്ടാകുന്നതാണ്. (പേജ് 227)

"തിരുനബി(സ) അരുളിചെയ്യുന്നു: "അദ്ദേഹത്തെ നിങ്ങൾ കാണുന്നപക്ഷം നിങ്ങൾ അദ്ദേഹത്തിന് ബയ് അത്ത് ചെയ്യുവിൻ. മഞ്ഞുമലയിലൂടെ മുട്ടുകുത്തി ഇഴഞ്ഞുനീങ്ങേണ്ടിവന്നാലും നിങ്ങൾ അദ്ദേഹത്തെ പ്രാപിക്കുവിൻ. കാരണം അദ്ദേഹം അല്ലാഹുവിന്റെ മഹ്ദിയായ (സന്മാർഗ്ഗസിദ്ധൻ) ഖലീഫയാകുന്നു. (ഇമാം ഇബ്നുമാജ) (പേജ് 229)

"വർത്തമാന മുസ്‌ലിംകൾ ഇമാം മഹ്ദിയെക്കുറി ച്ചുള്ള പഠനവും പര്യാലോചനകളും ആവശ്യമായ വിധത്തിൽ നടത്തേണ്ടതാണ്.... പ്രവചിക്കപ്പെട്ട എല്ലാ ഭാവികാര്യങ്ങളേയും വിശ്വാസപൂർവ്വം പ്രതീക്ഷിച്ചു കഴിയേണ്ടവരാണ് മുസ്‌ലിംകൾ. തിരുനബി(സ) പഠി പ്പിച്ച ലോകാവസാനത്തിന്റെ അടയാളങ്ങൾ പലതും പുലർന്നുകഴിഞ്ഞിരിക്കുന്നു." (പേജ് 232)

●

**2006ലെ 'ബദ്ർ' പത്രത്തിൽ പ്രസിദ്ധീകരിച്ച കേരളത്തിൽനിന്ന് വസിയ്യത്ത് ചെയ്തവരുടെ പേരും പിതാവിന്റെ പേരും സ്ഥലവും വസിയ്യത്ത് ചെയ്ത തിയ്യതിയും ബദ്ർ പത്രത്തിന്റെ ലക്കനമ്പറും താഴെ ചേർക്കുന്നു**

| | | | | |
|---|---|---|---|---|
| 16009 | പി.എ. അഫ്സറുന്നിസ | w/o കെ.എ. അക്ബർ | പള്ളുരുത്തി | 10.4.05 |
| 16010 | കെ.എ. അക്ബർ | s/o കെ.പി. അബ്ദുൽ ഖാദിർ | പള്ളുരുത്തി | 10.4.05 |
| 16011 | എം.എം. മർയംബി | w/o പി.പി. മുഹമ്മദ് | കടലായി | 1.9.05 |
| 16012 | പി.പി. അബ്ദുൽ മജീദ് | s/o ഇ.വി. ഹംസ | കടലായി | 1.6.05 (30,31) |
| 16030 | പി. ശഹ്നവാസ് | s/o പി. മുഹമ്മദ് | എറണാകുളം | 9.6.05 (32) |
| 16008 | സി.ജി.നാസിർഅഹ്മദ് | s/o സി.പി. കുഞ്ഞിക്കോയ | കല്പേനി | 24.10.05 (33) |
| 16042 | സജ്ദ സലാം | w/o അബ്ദുസ്സലാം | എറണാകുളം | 29.6.05 |
| 16043 | കെ.കെ. ആമിന | w/o മൗലവി അശ്റഫ് | എറണാകുളം | 4.7.05 |
| 16045 | എ. റംല | w/o എം.എം. അബ്ദുറഹീം | എറണാകുളം | 8.7.05 |
| 16046 | നസീമാ ബീഗം | w/o അബ്ദുറഹീം | പത്തപ്പിരിയം | 8.7.05 |
| 16047 | അബ്ദുറഹീം മുഅല്ലിം | s/o അബ്ദുൽകരീം | പത്തപ്പിരിയം | 8.7.05 |
| 16048 | വി.പി. നാസിർ അഹ്മദ് | s/o വി.പി. മമ്മു | കോഴിക്കോട് | 22.3.05 |
| 16049 | പി.പി. സക്കീന | w/o കെ.വി. ഹസ്സൻകോയ | കോഴിക്കോട് | 1.5.05 (34) |
| 16057 | ടി. സൈനബ | w/o കെ.പി. മുഹമ്മദ് | പത്തപ്പിരിയം | 15.6.05 |
| 16058 | സി.കെ. നാസിർഅഹ്മദ് | s/o സി.കെ. അബൂബക്കർ | പത്തപ്പിരിയം | 9.7.05 (35) |
| 16066 | സി.മുബശ്ശിർഅഹ്മദ് മുബല്ലിഗ് | s/o ഹംസ | ഖാദിയാൻ | 11.8.05 (36) |
| 16095 | ജെ.എച്ച്.നാസർഅഹ്മദ് | s/o ജെ.എച്ച്. ഹംസ | ഫോർട്ട്കൊച്ചി | 25.4.05 |
| 16096 | മുബാറക് അഹ്മദ് | s/o സി. അബ്ദുകുഞ്ഞ് | കാക്കനാട് | 15.5.06 |
| 16097 | അബ്ദുകുഞ്ഞ് | s/o കുഞ്ഞുമുഹമ്മദ് | കാക്കനാട് | 24.6.05 |
| 16116 | എച്ച്. മൻസൂർ അഹ്മദ് | s/o പി.കെ. ഹംസ | ഖാദിയാൻ | 4.9.05 |
| 16117 | കെ. നജ്മുദ്ദീൻ | s/o കെ.മുഹമ്മദ് | ഖാദിയാൻ | 4.9.05 |
| 16119 | എസ്. നൂറുദ്ദീൻ | s/o എസ്. സുബൈർ | മാത്ര | 13.4.05 |
| 16120 | ആബിദ ബീവീ | w/o മുഹമ്മദ് ഹനീഫ് | മാത്ര | 13.4.05 |
| 16121 | മുഹമ്മദ് ഹനീഫ് | s/o റസ്ബോവീരാൻ | മാത്ര | 13.4.89 |
| 16122 | നസീറാ നൂറുദ്ദീൻ | w/o എസ്. നൂറുദ്ദീൻ | മാത്ര | 13.4.05 |
| 16123 | അസീന നാസിർ | w/o പി.വി.നാസിർ | മാത്ര | 13.4.05 |
| 16124 | അമീന ഇബ്രാഹിം | d/o എം.ഇബ്രാഹിം | മാത്ര | 13.4.05 |
| 16126 | റംല സൽമാൻ | w/o വി.എം. ഫാറൂഖ് സൽമാൻ | കാക്കനാട് | 31.7.05 |
| 16128 | എൻ. മുഹമ്മദ് | s/o എൻ. മമ്മദ് | പത്തപ്പിരിയം | 20.6.05 |
| 16129 | സി.കെ. റുഖിയ | w/o എൻ. മുഹമ്മദ് | പത്തപ്പിരിയം | 20.6.05 |
| 16130 | എം.പി.ശുബൈബ്ഹനീഫ് | s/o ഹനീഫ് അഹ്മദ് | കൂടാളി | 10.6.05 (38,39) |
| 16138 | നിസാർഅഹ്മദ് | s/o ജെ.എം. ഹംസ | ഫോർട്ട്കൊച്ചി | 24.4.05 |
| 16139 | ജെ.എച്ച്. നവാസ് | s/o ജെ.എം. ഹംസ | ഫോർട്ട്കൊച്ചി | 25.4.05 |
| 16140 | ടി.കെ. ഖദീജ | w/o സി.എം. ജലാലുദ്ദീൻ | കരുളായി | 1.9.05 (41) |

(ബദ്ർ പത്രത്തിന്റെ ലക്കം നമ്പറാണ് അവസാനം കൊടുത്തിരിക്കുന്നത്. വസിയ്യത്ത് അംഗീകരിക്കുന്നതിനു മുമ്പേ ഇത് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നത് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അത് കേന്ദ്രത്തിൽ അറിയിച്ച് തിരുത്താൻ വേണ്ടിയാണ്. അതിനാൽ വസിയ്യത്ത് ചെയ്ത മൂസിമാർ തങ്ങളുടെ വസിയ്യത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ബദ്ർ പത്രം നോക്കി തങ്ങൾ എഴുതിക്കൊടുത്ത രേഖകൾ ശരിയാണോ എന്ന് പരിശോധിക്കുക. എന്തെങ്കിലും നീക്കാനോ ചേർക്കാനോ ഉണ്ടെങ്കിൽ സെക്രട്ടറി ബിഹിശ്തി മഖ്ബറയെ അറിയിക്കുക.)